# ക്രിസ്തുവും ക്രിസ്തീയസഭയും

ഗ്രന്ഥകർത്താവ്

ഡൊമസ്റ്റിക് പ്രിലേററ്

**ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ**

www.malankaralibrary.com

Fr. Geevarghese Charuvilayil

# ക്രിസ്തുവും ക്രിസ്തീയസഭയും

ഗ്രന്ഥകർത്താവ്

ഡൊമസ്റ്റിക് പ്രിലേററ്

**ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ**

---

വില രൂ. **1—50**

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# അറിയിപ്പ്

ക്രിസ്തുവിനെക്കുറിച്ചും ക്രിസ്തീയസഭയെക്കുറിച്ചും അറിവാൻ ആഗ്രഹിക്കുന്നു. അതെകുറിച്ച് പ്രതിവാദിക്കുന്ന പുസ്തകങ്ങൾ വല്ലതും ഉണ്ടെങ്കിൽ അയച്ചുതരണം എന്ന് കാണിച്ച് പല ഹിന്ദുക്കൾ എന്റെ പേർക്ക് എഴുതിയിട്ടുണ്ട്. ഇപ്പോൾ പല സഭകൾ ഉള്ളതിൽ ഏതു സഭയാണ് ക്രിസ്തു സ്ഥാപിച്ച സഭയെന്ന് അറിവാൻ വേണ്ടി പല ക്രിസ്ത്യാനികളും എന്റെ പേർക്ക് എഴുതി ചോദിച്ചിട്ടുണ്ട്. മലങ്കര സുറിയാനിക്കാർ ഇപ്പോൾ പല സഭകളായി പിരിഞ്ഞു നില്ക്കുകയാണ്. അവരുടെ ഇടയിൽ ഉള്ള ഭിന്നത തീർത്ത് അവർ ഒന്നാകുവാൻ വല്ലമാർഗ്ഗവും ഉണ്ടോ എന്ന് ചിന്തിക്കുന്ന പലരും എന്നെ സമീപിച്ചിട്ടുണ്ട്. ഒരു സഭക്കാരായി നിന്നിരുന്ന സുറിയാനിക്കാർ പല സഭകളായി പിരിഞ്ഞു പോയതിൽ ഉള്ള ഖേദം പലരെയും സന്താപസാഗരത്തിൽ താഴ്ത്തുന്നുണ്ട് "എന്നോടുകൂടെ ചേക്കാതെ ശേഖരിക്കുന്നവൻ ചിതറിക്കും എന്ന് യേശുക്രിസ്തു മുന്നറിയിപ്പ് തന്നിട്ടുണ്ട്. എങ്കിലും അതിൽ ആരും വേണ്ടത്ര ശ്രദ്ധപതിക്കുന്നില്ലെന്നുള്ള ചിന്ത എന്നെയും അലട്ടുന്നുണ്ട്. ഇതിന് എല്ലാററിനും ഒരു മറുപടിയായിട്ടാണ് ഞാൻ ഈ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നത്.

ചിന്തിപ്പാൻ കഴിവും ദൈവാനുഗ്രഹവും ലഭിച്ചിട്ടുള്ളവർ സത്യം ഗ്രഹിച്ചു വേണ്ടതു ചെയ്യുവാൻ ഈ ഗ്രന്ഥം സഹായമായി തീരുമെങ്കിൽ ഞാൻ കൃതാർത്ഥനായി അതിലേക്ക് യേശുനാഥന്റെ തൃപ്പാദത്തിങ്കൽ ഇതു ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

87-വയസ്സായ എന്റെ കത്തോലിക്കാ പുന
രൈക്യത്തിന്റെ 43-ാം വാർഷികദിനം

21-9-'73. എന്ന് ഗ്രന്ഥകർത്താവ്.

ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ

ഡൊമസ്റ്റിക്ക് പ്രീലേററ്.

www.malankaralibrary.com

# ക്രിസ്തുവും ക്രിസ്തീയസഭയും

## അദ്ധ്യായം 1.

### തിരു അവതാരോദ്ദേശം.

ഈ ലോകത്തിൽ യാതൊന്നും പുതുതായി താനെ ഉണ്ടാകുന്നില്ല. ഒരു മനുഷ്യനിൽ നിന്നല്ലാതെ വേറൊരു മനുഷ്യനും, ഒരു മൃഗത്തിൽനിന്നല്ലാതെ വേറൊരു മൃഗവും, ഒരു പക്ഷിയിൽനിന്നല്ലാതെ വേറൊരു പക്ഷിയും, ഒരു മരത്തിൽ നിന്നല്ലാതെ വേറൊരു മരവും, ഒരു പുല്ലിൽനിന്നല്ലാതെ വേറൊരു പുല്ലും, ഒരു അണുവിൽ നിന്നല്ലാതെ വേറൊരു അണുവും താനെ ഉണ്ടാകുന്നില്ല. മുററത്തു കരുക്കുന്ന പുല്ലു പോലും അതേ ഇനത്തിൽപെട്ട വേറെ പുല്ലിൻെറ കരുവോ വേരോ വീണിട്ടുണ്ടാകുന്നതാണ്. എന്നാൽ ആദ്യത്തെ മനുഷ്യനും മൃഗവും പക്ഷിയും മരവും അണുവും എങ്ങനെ ഉണ്ടായി?. ഏതോ ഒരു ശക്തി അതിനെ ഉല്പാദിപ്പിച്ചു എന്നു ചിലർ പറയും. എന്നാൽ ആ ശക്തി ഇലക്ട്രിസിററിപോലെ നിർജീവമായ ഒരു ശക്തി ആയിരിക്കുകയില്ല. ഇലക്ട്രിസിററിക്കു ജീവൻ, വിവേചന, സ്നേഹം, സന്താനവാത്സല്യം മുതലായവ ഒന്നും ഇല്ലല്ലോ. മനുഷ്യനു ഇവയെല്ലാം ഉണ്ടു. ആകയാൽ മനുഷ്യനെ സൃഷ്ടിച്ച ശക്തിയിലും ഇവയെല്ലാം ഉണ്ടായിരിക്കണം. അങ്ങനെയുള്ള ശക്തിയെ ആത്മാവു് എന്നാണ് പറയുന്നതു്. ഈ വിധ ഗുണ

www.malankaralibrary.com

ങ്ങളോടു കൂടിയ ആത്മാവിനെയാണ് ദൈവംഎന്നു പറയുന്നതു്.

ദൈവം സർവ്വശക്തനും, സർവ്വ വ്യാപിയും അനാദ്യന്തനും, സ്വയംഭൂവും, അദൃശ്യനും, സർവ്വ നന്മയും ആദികാരണനും ആണ്. ആ ദൈവത്തിനു സൃഷ്ടിയ്ക്കുവാൻ ശക്തിയുള്ള വചനവും ആത്മാവുംകൂടിയുണ്ടു്. ഒരു തീക്കട്ടയിൽ തീയുള്ളതുകൂടാതെ വെളിച്ചവും ചൂടും കൂടെയുള്ളതുപോലെ ദൈവത്തിൽ പിതാവിനെക്കൂടാതെ വചനവും (പുത്രൻ) പരിശുദ്ധാത്മാവുംകൂടിയുണ്ടു്. അതിനാൽ ദൈവം ത്രിയേകനാണെന്നു് വിവക്ഷിക്കപ്പെടുന്നു. ഈ മൂന്നു ആളുകൾ തമ്മിലുള്ള അഭേദ്യബന്ധംമൂലം സ്നേഹം, വാത്സല്യം വിശുദ്ധി മുതലായ ഗുണങ്ങൾ ആ ദൈവത്തിൽ നിത്യമായി നിലനിന്നുവരുന്നു. ആ ദൈവം ആദ്യം അശരീരികളായ മാലാഖമാരെ സൃഷ്ടിച്ചു. പിന്നീടു ശരീരവും ആത്മാവും ജീവനും ബുദ്ധിയും വിവേകവും സ്വാതന്ത്ര്യവും ദൈവസ്നേഹവും മററുമുള്ള മനുഷ്യനെയും സൃഷ്ടിച്ചു. മനുഷ്യനു് ആവശ്യമുള്ളതെല്ലാം സൃഷ്ടിച്ചു വച്ചശേഷമാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചതു്. മനുഷ്യൻ ഈ നൽവരങ്ങളെല്ലാം ദൈവ കല്പനപ്രകാരം ഉപയോഗിച്ചു പരിശീലിച്ചശേഷം അവൻ സ്വർഗ്ഗത്തിൽ ചെന്നു് ദൈവത്തോടും ദൈവദൂതന്മാരോടും ഒരുമിച്ചു എന്നേയ്ക്കും നിലനില്ക്കുന്നതിനത്രെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്.

ഈ മനുഷ്യൻ അവനു ലഭിച്ച സ്വാതന്ത്ര്യത്തെ ദൈവകല്പനയ്ക്കെതിരായി വിനിയോഗിച്ചു നാശത്തിലായിപോയതിൽ അവനെ വീണ്ടെടുപ്പാൻവേണ്ടി തന്റെ വചനമായ ഏകജാതനെ അയച്ചു് അവന്റെ തെററിനു് പരിഹാരമുണ്ടാക്കി അവനെ രക്ഷിക്കണമെന്നും ദൈവം മുൻകൂട്ടി കരുതിയിരുന്നു. അതിനാലാണു് ക്രിസ്തുവിനെ “ലോകാരംഭത്തിനു് മുമ്പെ കരാം അറുക്കപ്പെട്ട കുഞ്ഞാടു്” എന്നു് വിളിച്ചിരിക്കുന്നതു്. ക്രിസ്തു

www.malankaralibrary.com

പറയുന്നു: നിങ്ങളുടെ പിതാവായ അബ്രഹാം ഉണ്ടാകുന്നതിനു മുമ്പെ ഞാനുണ്ട്. (യോഹ. 8.58). ഞാനും പിതാവും ഒന്നാകുന്നു. (യോഹ. 10.30) നിങ്ങൾ കീഴിൽനിന്നുള്ളവർ, ഞാനോ മേലിൽ നിന്നുള്ളവൻ. (യോഹ. 8.23)

ലോകത്തിലുള്ള ജീവജാലങ്ങളെ നോക്കിയാൽ അവയുടെ സ്രഷ്ടാവായ ദൈവത്തിൽ സന്താനവാത്സല്യവും സ്നേഹവും ഉണ്ടെന്നു ഗ്രഹിക്കുവാൻ സാധിക്കും. ഒരു കൂട്ടിൽ കുഞ്ഞുങ്ങളുമായിരിക്കുന്ന ഒരു തള്ളക്കാക്കയുടെ കുഞ്ഞുങ്ങളെ റാഞ്ചാൻ ചെല്ലുന്ന പരുന്തിനെ ദൂരെ കാണുമ്പോൾതന്നെ ആ തള്ളക്കാക്ക പറന്നുചെന്നു കൊത്തി ഓടിക്കുന്നു. പശുക്കിടാവിൻെറ അടുക്കൽ ചെല്ലുന്ന പട്ടിയെ തള്ളപശു കുത്താൻ ചെല്ലുന്നു. തീ പിടിച്ചെരിയുന്ന ഭവനത്തിൽ ഉറങ്ങികിടക്കുന്ന കുഞ്ഞിനെ രക്ഷിക്കുവാൻ അതിൻെറ അമ്മ മരണത്തെപോലും ഭയപ്പെടാതെ ഓടികയറി, കുഞ്ഞിനെ എടുക്കുവാൻ ശ്രമിക്കുന്നു. സന്താനവാത്സല്യംകൊണ്ടാണ് സൃഷ്ടികൾ ഇതെല്ലാം ചെയ്യുന്നതു്. ഈ സന്താനവാത്സല്യം ഈ ജീവികൾക്കെല്ലാം ഉണ്ടായതും ദൈവത്തിൽനിന്നാണ്. സൃഷ്ടാവായ ദൈവത്തിൽ അതില്ലെങ്കിൽ സൃഷ്ടികളിലും അതുണ്ടാകയില്ല. തനിക്കില്ലാത്തതു വേറൊരുവന് കൊടുക്കുവാൻ ആരാലും സാദ്ധ്യമല്ലല്ലോ. ദൈവം സന്താനവാത്സല്യം നമ്മോടു കാണിച്ചിരിക്കുന്നതിനാൽ നാം പിതൃഭക്തി ദൈവത്തോടും കാണിക്കേണ്ട കടമയുള്ളവരായിതീരുന്നു.

അസൂയ, വിദ്വേഷം, ദ്രവ്യമോഹം, അഹംകാരം മുതലായ ദുർഗ്ഗുണങ്ങൾ സൽസ്വഭാവത്തിൻെറ കുറവുമൂലം ഉണ്ടാകുന്ന ന്യൂനതകളാണ്. വെളിച്ചം കുറയുമ്പോൾ ഇരുൾ ഉണ്ടാകുന്നു. അതുപോലെ സൽഗ്ഗുണങ്ങൾ പരിശീലിക്കാതെയിരുന്നാൽ ദുർഗ്ഗുണങ്ങൾ ഉണ്ടാകും. അതിനാൽ സൽഗ്ഗുണങ്ങൾ ഉണ്ടാകുവാനും അവയെ വർദ്ധിപ്പിക്കുവാനും നാം ദൈവത്തെ

www.malankaralibrary.com

യും ദൈവകല്പനകളെയുംപററി പഠിക്കയും പരിശീലിക്കുക യുംവേണം.

ഒരിക്കൽ ഒരു രാജകുമാരൻ തൻെറ കുഞ്ഞിനെയും വേലക്കാരനെയുംകൊണ്ടു് ഒരു വള്ളത്തിൽ യാത്രചെയ്യുക യായിരുന്നു. ആ വേലക്കാരൻ ആ കുഞ്ഞിനോളം വലിപ്പ മുള്ള ഒരു പാവയെടുത്തു് കുഞ്ഞിനു കൊടുത്തു അതിനെ സ ന്തോഷിപ്പിച്ചുകൊണ്ടിരുന്നു. ആ ഭൃത്യൻ ഒരു ക്രിസ്ത്യാനി ആയിരുന്നു. രാജകുമാരൻ ആ ഭൃത്യനോടു: എടോ ദൈവം സർവ്വശക്തനാണല്ലോ. പാപകൂപത്തിൽപെട്ടുപോയ മനു ഷ്യരെ രക്ഷിക്കുവാൻ വല്ല ദേവന്മാരെയോ, ദേവിമാരെയോ, അയച്ചാൽ പോരായിരുന്നുവോ? ദൈവത്തിൻെറ ഏകജാതൻ തന്നെ വന്നു് ഇത്ര കഷ്ടപ്പെടുവാനിടയാക്കിയതു് ദൈവ ത്തിൻെറ സർവ്വശക്തിത്വത്തിനു് ചേർന്നതാണോ? എന്നു് ചോദിച്ചു. ആ ഭൃത്യൻ മറുപടി പറയുന്നതിനുമുമ്പായി കുഞ്ഞിൻെറ കയ്യിലിരുന്ന പാവ തെറിച്ചു വെള്ളത്തിൽപോ യി. ഉടനെ അതു കുഞ്ഞാണെന്നു്കരുതി കുഞ്ഞിനെ രക്ഷി ക്കുവാൻ രാജകുമാരൻ എടുത്തു വെള്ളത്തിൽ ചാടി. അദ്ദേഹ ത്തിൻെറ ഉടുപ്പുമുഴുവനും നനഞ്ഞു. നീന്താൻ വലിയ പരി ചയമില്ലാഞ്ഞതിനാൽ കുറെ വെള്ളവും കുടിക്കാനിടയായി. വേലക്കാരനും വള്ളക്കാരനുംകൂടി വളരെ പ്രയാസപ്പെട്ടു്, രാജ കുമാരനെ പിടിച്ചു വള്ളത്തിലാക്കി. പാവയും എടുത്തുകൊ ടുത്തു.

അപ്പോഠം ആ ഭൃത്യൻ രാജകുമാരനോടു: അങ്ങു് എന്തി നാണു് ഇൗ കലക്കവെള്ളത്തിൽ ചാടിയതു്? എന്നോടോ വള്ളക്കാരനോടോ പറഞ്ഞാൽ പോരായിരുന്നുവോ? ഞങ്ങഠം പാവ എടുത്തു തരുമായിരുന്നുവല്ലോ. എന്നു് പറഞ്ഞു. രാജ കുമാരൻ എടോ. കുഞ്ഞാണു് വെള്ളത്തിൽ പോയതെന്നു് എനിക്കു് തോന്നി. അതിനാൽ ചാടിപ്പോയതാണു്. എന്നു

www.malankaralibrary.com

പറഞ്ഞു. അപ്പോൾ വേലക്കാരൻ: അവിടുത്തേക്കു് ഇത്ര പുത്ര വാത്സല്യം തോന്നി. ഞങ്ങളോടു പറയാതെ കുഞ്ഞിനെ രക്ഷിക്കുവാൻ തന്നെത്താൻ വെള്ളത്തിൽ ചാടി. സർവ്വശക്തനായ ദൈവത്തിന്റെ മക്കളായ നാം പാപംചെയ്തു നശിക്കാൻപോകുന്നതു കണ്ടാൽ ദേവന്മാരോടോ ദേവിമാരോടോ പറയാതെ നമ്മെ രക്ഷിക്കുവാൻ ദൈവത്തിന്റെ ഏകജാതൻതന്നെ വന്നു. ഭയങ്കരമായ കുരിശു മരണംപോലും സഹിച്ചു വേണ്ടതു ചെയ്തതിൽ എന്താണു് അതിശയിപ്പാനുള്ളതു് എന്നു് ചോദിച്ചു. രാജകുമാരൻ പിന്നെ ഒന്നും വാദിച്ചില്ല.

പാപികളെ രക്ഷിക്കണമെങ്കിൽ അവർ പാപംകൊണ്ടു് വരുത്തിക്കൂട്ടിയ കെടുതികൾക്കു് തക്ക വിലയർത്ഥംകൊടുത്തു രക്ഷിക്കണം. സ്വ കഷ്ടപ്പാടുകൾമൂലം അതിനു തക്ക പുണ്യം സമ്പാദിച്ചു വച്ചിട്ടില്ലാത്ത യാതൊരുവനും പാപിയെ രക്ഷിക്കുവാൻ സാധിക്കുകയില്ല. പത്രോസ് എഴുതിയിരിക്കുന്നതു നോക്കുക. "നിങ്ങളുടെ പിതാക്കന്മാരുടെ ദുഷ് പാരമ്പര്യത്തിൽനിന്നു്ഉളവിച്ചു വ്യർത്ഥനടപടികളിൽനിന്നു നിങ്ങളെ വീണ്ടെടുത്തതു് സ്വർണ്ണം വെള്ളിമുതലായ നശ്വരവസ്തുക്കൾകൊണ്ടല്ല. നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടാകുന്ന ക്രിസ്തുവിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്നു് നിങ്ങൾക്കറിയാമല്ലോ. (1 പത്രോ. 1.18—19)

സ്വർഗ്ഗത്തിൽ ചെന്നുചേരുവാനാണു് ദൈവം നമ്മെ സൃഷ്ടിച്ചതെങ്കിൽ ആ ലക്ഷ്യത്തിൽനിന്നു തെറ്റാതെ ജീവിക്കത്തക്ക നിലയിൽ മനുഷ്യനെ സൃഷ്ടിക്കുവാൻപാടില്ലായിരുന്നുവോഎന്നു് ചോദിച്ചേക്കാം: അങ്ങിനെസൃഷ്ടിക്കപ്പെട്ട സൃഷ്ടികളും ഉണ്ടു്. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾമുതലായവയെ സൃഷ്ടിച്ചതു ദൈവമാണു്. അവ ദൈവം നിർദ്ദേശിച്ചിരിക്കുന്ന പന്ഥാവിൽക്കൂടെ തന്നെ സദാ പൊയ്ക്കൊണ്ടിരിക്കുന്നു. അങ്ങിനെ പോകാതിരിക്കുവാനോ, ആ പന്ഥാവു് ഒന്നു മാററ

www.malankaralibrary.com

ഖാനോ അവയ്ക്കു് ശക്തിയില്ല; സ്വാതന്ത്ര്യവുമില്ല. അതു ദൈവത്തിന്റെ മാഹാത്മ്യമായിട്ടല്ലാതെ, സൂര്യ ചന്ദ്ര നക്ഷത്രാദികളുടെ മാഹാത്മ്യമായി ആരും പരിഗണിക്കുന്നുമില്ല. അതുപോലെയല്ല സ്വാതന്ത്ര്യം പ്രാപിച്ചിരിക്കുന്ന മനുഷ്യന്റെ നില. സ്വാതന്ത്ര്യത്തിനതിരില്ല. അതു അവൻ സ്വമനസ്സാ നന്നായി വിനിയോഗിച്ചാൽ അതിന്റെ ഫലം അവന്തന്നെയായിരിക്കും. മനുഷ്യനു നൽകിയിരിക്കുന്ന സ്വാതന്ത്ര്യത്തെ വേണ്ടവിധത്തിൽ വിനിയോഗിച്ചു അവൻ സ്വർഗ്ഗത്തിൽചെന്നാൽ മാലാഖമാർപോലും അതിൽ സന്തോഷിക്കും.

മനുഷ്യൻ അനുസരണക്കേടു കാണിച്ചുപോയതിനെപ്പററി അനുതപിച്ചു ക്ഷമ യാചിക്കുമ്പോൾ, ക്രിസ്തു കഷ്ടപ്പെട്ടു സമ്പാദിച്ച പുണ്യത്തിൽനിന്നു കൈപ്പററി അവനെ രക്ഷിക്കുന്നതിൽ ദൈവവും പുകഴ്ത്തപ്പെടുന്നു. മനുഷ്യനു് ദൈവം നൽകിയിരിക്കുന്ന സ്വാതന്ത്ര്യം അത്ര ശ്രേഷ്ഠമാണു്. ഈ ഭൂമിയിലുള്ളവയെല്ലാം താനെ ഉണ്ടായതാണെങ്കിൽ എന്തുകൊണ്ടു് ചന്ദ്രനിൽ അവ താനെ ഉണ്ടാകുന്നില്ല. ചന്ദ്രനിൽ യാതൊന്നും ഇല്ലെന്നു് മനുഷ്യർ പോയി കണ്ടതാണല്ലോ. സ്വാതന്ത്ര്യം ലഭിച്ച മനുഷ്യൻ ദൈവകല്പന ലംഘിച്ചു. പിശാചിന്റെ വശീകരണത്തിൽപെട്ടു് തെററു് പ്രവർത്തിച്ചു. അങ്ങിനെ തെററിപ്പോയവരുടെ കൂട്ടത്തിൽപെട്ട പല പണ്ഡിതന്മാരും പാമരന്മാരും അവരവരുടെ ഇംഗിതത്തിനൊത്തവിധം ദൈവത്തെ ചിത്രിച്ചു. ദൈവത്തെ പാപികളോടു വിരോധമുള്ളവനായും, കാര്യസാദ്ധ്യത്തിനുവേണ്ടി കുതന്ത്രം പ്രയോഗിക്കുന്നവനായും, ജഡീകമോഹങ്ങൾക്കു് വഴിപ്പെടുന്നവനായുംമററും വർണ്ണിച്ചു, പല പുരാണകഥകളും ഇതിഹാസങ്ങളും എഴുതി ഉണ്ടാക്കി. അതിനു് ചേരുന്ന ഓരോരോ ദേവന്മാരുടെയും ദേവിമാരുടെയും വിഗ്രഹങ്ങളും ക്ഷേത്രങ്ങളും ഉണ്ടാക്കി, അവിടെ ജനങ്ങളെ ആകർഷിക്കത്തക്ക പൂജകളും, കെട്ടുകാഴ്ചകളും, തുള്ളലും, ആട്ട

www.malankaralibrary.com

വും, വെടിക്കെട്ടും, കമ്പവും, വേലകളിയും, ആറാട്ടും എല്ലാം ഏർപ്പെടുത്തി നടത്തിത്തുടങ്ങി. മനുഷ്യൻ ജീവിക്കേണ്ട മാർഗ്ഗം എങ്ങിനെയാണെന്നോ, അതിൽനിന്നു തെററി ജീവിച്ചാൽ വരുന്ന വിപത്ത് എന്താണെന്നോ അവരാരും പറയുന്നുമില്ല. അങ്ങിനെ മനുഷ്യൻ ഇടയനില്ലാത്ത ആടുപോലെ പോകുന്നതു കണ്ടപ്പോൾ ദൈവംതന്നെ മനുഷ്യനായിവന്നു് മനുഷ്യനു് രക്ഷാമാർഗ്ഗം ഉപദേശിച്ചു കാണിച്ചുകൊടുക്കേണ്ടതായിവന്നു.

ഒരിക്കൽ ഒരു മനുഷ്യൻ പക്ഷികളെപററി പഠിച്ചു. മലനാട്ടിൽ കൊയ്ത്തുതുടങ്ങിയാൽ രണ്ടുമാസത്തേയ്ക്കു് പക്ഷികൾക്കു് സുഖമാണു്. ധാരാളം ധാന്യങ്ങൾ ഭക്ഷണത്തിനു് ലഭിക്കും. അതു കഴിഞ്ഞാൽപിന്നെ പത്തുമാസവും പട്ടിണിയാണു്. എന്നാൽ അഗസ്തീശ്വരം മുതലായ നാഞ്ചിനാടൻ പ്രദേശങ്ങളിൽ അപ്പോൾ കൊയ്ത്തിന്റെ പ്രാരംഭമാകും. ഈ പക്ഷികൾ അവിടേയ്ക്കു പറന്നുപോയാൽ രണ്ടുമാസംകൂടി അവയ്ക്കു് തീററിതിന്നു ജീവിക്കാം. ആ രണ്ടുമാസം കഴിയു മ്പോൾ തിരുവനന്തപുരം മുതലായ സ്ഥലങ്ങളിൽ കൊയ്ത്തു കാലമാകും. അതിനാൽ ഈ പക്ഷികൾ വീണ്ടും പട്ടിണി കിടക്കാതെ തിരുവനന്തപുരം മുതലായ സ്ഥലങ്ങളിലേക്കു് പറക്കണം. രണ്ടുമാസംകൂടി അവയ്ക്കു് സുഖമായി കഴിയാം. അതു കഴിയുമ്പോൾ ഓണാട്ടുകരയ്ക്കും പിന്നെ കുട്ടനാട്ടിലേയ്ക്കും അതിനുശേഷം മലബാറിലേയ്ക്കും പറക്കണം. അവിടങ്ങളിലൊക്കെ അപ്പോൾ കൊയ്ത്തുകാലമാകയാൽ ഈ പക്ഷികൾക്കു് സുഖമായി കഴിയാമല്ലോ എന്നു് ആ മനുഷ്യൻ മനസ്സിലാക്കി.

എന്നാൽ ഈ രക്ഷാമാർഗ്ഗം അയാൾ പക്ഷികളെ ഗ്രഹിപ്പിച്ചു, അവയെ ഈ സ്ഥലങ്ങളിലേക്കു് ആനയിപ്പിക്കുന്നതെങ്ങനെ.! അവയോടു അയാൾ സംസാരിക്കുവാൻ ചെല്ലുമ്പോൾ അവ പറന്നുപോകുന്നു. അയാളുടെ ഭാഷയും

www.malankaralibrary.com

വേഷവും നോട്ടവും എല്ലാം പക്ഷികൾക്ക ഭയമാണ്. അതി നാൽ മനുഷ്യനായിരുന്നുകൊണ്ടു് പക്ഷികളെ രക്ഷിപ്പാൻ സാധിക്കുകയില്ലെന്നു് അയാൾ മനസ്സിലാക്കി. അയാൾതന്നെ ഒരു പക്ഷിയാകാമെന്നുവച്ചു. എന്നാൽ അയാളുടെ മാനുഷിക അറിവുകൂടാതെ ഒരു പക്ഷിയായിതീരുന്നതുകൊണ്ടും പ്രയോ ജനമില്ല. മാനുഷിക അറിവാണല്ലോ പക്ഷികളുടെ രക്ഷാ മാർഗ്ഗം അയാൾക്ക തോന്നിച്ചുകൊടുത്തതു്. മാനുഷികഅറിവു അയാളുടെ മനുഷ്യ ആളത്വത്തോടുകൂടെയാണു് ഇരിക്കുന്നതു്. അതിനാൽ അയാളുടെ മാനുഷിക ആളത്വവും അറിവും കള യാതെ പക്ഷിയുടെ വേഷവും ഭാഷയുംകൂടെ സ്വീകരിച്ചു് അയാൾ ഒരു പക്ഷിയായി ജനിച്ചു്, പക്ഷിയെപോലെ ചിലച്ചുകൊണ്ടു് പക്ഷികളുടെ കൂട്ടത്തിൽചെന്നു് അവയെ നയിക്കാമെന്നു് തീർച്ചപ്പെടുത്തി. അയാൾ ഒരു പക്ഷിയായി തീർന്നു.

മലനാട്ടിലെ കൊയ്ത്തുകാലം കഴിഞ്ഞപ്പോൾ ഈ മനുഷ്യൻപക്ഷി മററു പക്ഷികളുടെ കൂട്ടത്തിൽ ചെന്നിരുന്നു ചിലച്ചു് അവയേയും കൂട്ടിക്കൊണ്ടു് അഗസ്തീശ്വരംമുതലായ നാഞ്ചനാടൻ പ്രദേശങ്ങളിലേക്കു് പറന്നു. അതുമൂലം ആ പക്ഷികൾക്കു് പട്ടിണികിടക്കേണ്ടിവന്നില്ല. രണ്ടുമാസംകഴി ഞ്ഞപ്പോൾ ആ അവതാരപക്ഷി മററു പക്ഷികളെ എല്ലാം കൂട്ടികൊണ്ടു് തിരുവനന്തപുരം മുതലായ ഭാഗത്തേയ്ക്കു് പറന്നു. അങ്ങിനെ കൊയ്ത്തുതുടങ്ങുന്ന ഓരോ സ്ഥലങ്ങളിലേക്കും അവയെ കൂട്ടികൊണ്ടുപോയി സുഭിക്ഷമായി കഴിയുവാൻ അവയെ പരിശീലിപ്പിച്ചു. ആണ്ടവസാനത്തിൽ പക്ഷികൾ മലനാട്ടിൽ തിരികെ വന്നപ്പോൾ അവയെല്ലാം മററു പക്ഷി കളെക്കാൾ ഇരട്ടി വലിപ്പവും ശക്തിയും പ്രാപിച്ചിരുന്നു.

മനുഷ്യൻ വിഗ്രഹാരാധനയിലും ദൈവത്തെപ്പററി യുള്ള തെററിദ്ധാരണയിലും ജീവിച്ചുവന്നു. അങ്ങിനെ നാശ ത്തിലിരുന്ന മനുഷ്യർക്കു് നേരായ ഉപദേശങ്ങൾ കൊടുത്തു്

www.malankaralibrary.com

അവരെ രക്ഷിക്കണമെന്നു് ദൈവം ആഗ്രഹിച്ചു. അതിലേക്കു വേണ്ട കല്പനകരം കൊടുപ്പാനായി ദൈവം സീനായി മലയിൽ മോശയുടെ അടുക്കലേക്കിറങ്ങി. അപ്പോരം ഉണ്ടായ ഇടിയുടെയും മിന്നലിൻെറയും മററും ഭീകരത കണ്ടപ്പോരം ഇസ്രയേൽജനം പരിഭ്രമിച്ചു. അയ്യോ, ദൈവം ഞങ്ങളോടു് സംസാരിക്കരുതു്. സംസാരിച്ചാൽ ഞങ്ങരം മരിച്ചുപോകും. ദൈവം മോശയോടു സംസാരിച്ചുകൊള്ളട്ടെ. മോശ ഞങ്ങളോടു പറഞ്ഞാൽമതി. ഞങ്ങരം അതു അനുസരിച്ചുകൊള്ളാം എന്നു പറഞ്ഞു. (പു. 20 18–19) എങ്കിലും ഒടുവിൽ മോശയോടും അവർ എതിർത്തു സംസാരിച്ചു. അതിനാൽ അവസാനം ദൈവത്തിൻെറ ജീവനുള്ള വചനം തന്നെ മനുഷ്യവേഷത്തിൽവന്നു്, മനുഷ്യഭാഷയിൽ സംസാരിച്ചും ഉപദേശിച്ചും മനുഷ്യനെപോലെ പ്രവർത്തിച്ചും അവക്കു് രക്ഷാമാർഗ്ഗം ഉണ്ടാക്കികൊടുക്കാമെന്നു് വച്ചു. അങ്ങിനെ ദൈവവചനം മനുഷ്യവേഷത്തിൽവന്നയാളാണു് ക്രിസ്തു. അദ്ദേഹം അങ്ങനെ മനുഷ്യനെപോലെ പ്രസംഗിച്ചും പ്രവർത്തിച്ചും നാം ജീവിക്കേണ്ട മാർഗ്ഗം നമുക്കു് കാണിച്ചുതന്നു. അതത്രെ ക്രിസ്തുവിൻെറ അവതാരംകൊണ്ടു് നിവർത്തിച്ച ഒന്നാമത്തെ കാര്യം.

## രണ്ടാമത്തെ ഉദ്ദേശം.

ഇനിയും രണ്ടാമത്തെ കാര്യം പറയാം. ദൈവത്തിനു് സ്നേഹവും പുത്രവാത്സല്യവും മാത്രമല്ല ഉള്ളതു്. ദൈവത്തിനു് നീതിയും സത്യവുംകൂടെയുണ്ടു്. മനുഷ്യനെ രക്ഷിക്കണമെങ്കിൽ അവൻ പാപംമൂലം വരുത്തിക്കൂട്ടിയ കെടുതികരംക്കു് തക്ക വിലകൊടുത്തു പരിഹാരമുണ്ടാക്കുകയും സത്യത്തെ പാലിക്കുകയുംകൂടെ വേണം. നൂറു ആടുകളുള്ള ഒരുവനുണ്ടായിന്നു. അവയിൽ ഒന്നു് കാണാതെപോയി. അയാരം തൊണ്ണൂററിഒൻപതിനെയും ആട്ടാലയിൽവിട്ടിട്ടു് കാണാതെപോയ ആടിനെ അന്വേഷിച്ചു പുറപ്പെട്ടു. മുള്ളുള്ള തൊട്ടാവാടിയും, തൊട്ടാൽ ചൊറിയുന്ന ചൊറുതനവും, നായിക്കുരണിയും പുഴപ്പുൻമുള്ളും

www.malankaralibrary.com

മററുമുള്ള കാട്ടിൽകൂടി പോയി അതിനെ കണ്ടെത്തി. അതിൻെറ കഴുത്തിലും കാലിലും വള്ളികൾ ചുററിപ്പിണഞ്ഞു കിടക്കുകയായിരുന്നു. തൻെറ യജമാനനെ കണ്ടപ്പോൾ ആ ആട് കരയുവാൻ തുടങ്ങി. അയാൾ ചെന്ന് അതിൻെറ കുരുക്കുകളെല്ലാം ഛേദിച്ചു അതിനെ എടുത്ത് തൻെറ തോളിൽ കയററി കൊണ്ടുവന്നു രക്ഷിച്ചു. കാണാതെപോയ ആടിനെ രക്ഷിക്കുവാൻ ഉടമസ്ഥൻ എന്തെല്ലാം കഷ്ടതകൾ സഹിക്കേണ്ടിവന്നു എന്ന് നോക്കുക. ആ കഷ്ടപ്പാടുകൾ ആണ് ആ ആടിനെ രക്ഷിപ്പാൻ കൊടുക്കേണ്ടിവന്ന വില.

മോട്ടോർകാർ ഓടിക്കുന്നവൻ ആ കാർ നിർമ്മിച്ചയാൾ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം കാർ ഓടിക്കണം അല്ലെങ്കിൽ കാറിന് കേടുവരും. പിന്നെ ആ കേടു നന്നാക്കാൻ വളരെ പ്രയാസപ്പെടേണ്ടിവരും. അതുപോലെ മനുഷ്യൻ ദൈവത്തിൻെറ കല്പന ലംഘിച്ചു ജീവിച്ചാൽ അവൻ പല നാശനഷ്ടങ്ങൾ വരുത്തിവയ്ക്കും. അതു കൊടുത്തു് വീട്ടാതെ അവനെ രക്ഷിക്കുന്നതു് നീതി ആയിരിക്കുകയില്ല. നീതി നിവർത്തിക്കുന്നതിനാണു് ക്രിസ്തു വന്നു് പീഡകളും കുരിശുമരണവും കൈവരിച്ചതു്. മർക്കോസ് എഴുതിയിരിക്കുന്നതു നോക്കുക— "മനുഷ്യപുത്രൻ വന്നതു് അനേകരുടെ വീണ്ടെടുപ്പിനുള്ള വിലയായി സ്വജീവനെ കൊടുക്കുവാനായിട്ടത്രെ. (മർക്കൊ. 10. 45.) (1 തിമൊ. 2. 6) നമ്മുടെ പാപംമൂലം നാം വരുത്തികൂട്ടീട്ടുള്ള പലവിധ നാശത്തിനും നഷ്ടത്തിനും പകരം കൊടുത്തു വീട്ടുവാൻ തക്ക പുണ്യം ക്രിസ്തു തൻെറ പീഡാനുഭവംമൂലം സമ്പാദിച്ചു് വച്ചു. ക്രിസ്തു നിത്യനായ ദൈവമാകയാൽ ആ പുണ്യത്തിൻെറ ഫലവും നിത്യമാണു്. ലോകാവസാനംവരെയുള്ള എല്ലാ പാപികൾക്കും പിതാവായ ദൈവത്തിൽനിന്നു പാപവിമോചനം വാങ്ങികൊടുക്കുവാൻ ഈ പുണ്യംമൂലം ക്രിസ്തുവിനു് സാധിക്കുന്നു. എന്നാൽ ദൈവം മനുഷ്യനു് പരിപൂർണ്ണ

www.malankaralibrary.com

സ്വാതന്ത്ര്യം നല്കീട്ടുള്ളതിനാൽ, ആ സ്വാതന്ത്ര്യത്തെ ഹനിച്ചു് ആരുടെമേലും ആ വിമോചനം കെട്ടിയേല്പിക്കുകയില്ല. തന്റെ പാപത്തെക്കുറിച്ചു് അനുതപിച്ചു് പശ്ചാത്താപത്തോടുകൂടെ ഏറ്റുപറഞ്ഞു് ക്രിസ്തുവിന്റെ ആ കരുണയിൽ അഭയം തേടിച്ചെല്ലുന്നവർക്ക് മാത്രമെ വിമോചനം നല്കപ്പെടുകയുള്ളു. അങ്ങനെ പാപം മോചിക്കുവാനുള്ള വിലയത്ഥം സമ്പാദിച്ചു വയ്ക്കുകയെന്നതാണു് ക്രിസ്തു തന്റെ അവതാരം മൂലം നേടിയ രണ്ടാമത്തെ കാര്യം.

## മൂന്നാമത്തെ ഉദ്ദേശം.

ഇനിയും തിരു അവതാരത്തിന്റെ മൂന്നാമത്തെ കാര്യം പറയാം. ക്രിസ്തു കാണിച്ചുതന്നിരിക്കുന്ന ജീവിതരീതിയും താൻ ഉണ്ടാക്കിയിരിക്കുന്ന രക്ഷാമാർഗ്ഗവും ലോകാവസാനം വരെയുള്ള എല്ലാവരെയും അറിയിച്ചു അവരെ രക്ഷയുടെ പാതയിലേക്കു് തിരിപ്പിച്ചു കൊണ്ടിരിക്കുന്നതിനും പാപമോചനം നല്കി അവരെ വീണ്ടെടുക്കുന്നതിനും തക്ക അധികാരമുള്ള ഒരു സഭയെ സ്ഥാപിക്കണം. ആ സഭ തെറ്റിപ്പോകാതിരിക്കത്തക്ക വിധത്തിൽ ക്രിസ്തുവിന്റെ പരിശുദ്ധാത്മാവു് വന്നു് ആ സഭയിലിരുന്നു് അതിനെ ലോകാവസാനംവരെ നയിക്കുകയും വേണം. ഒരു സഭയാകുമ്പോൾ അതിലെ അംഗങ്ങൾമൂലം ഒരേ സമയത്തു, അനേകം സ്ഥലത്തു വേലചെയ്യുവാൻ സാധിക്കും. സഭയിൽ പരിശുദ്ധാത്മാവു് ഇരിക്കുന്നതുകൊണ്ടു് തെറ്റിപ്പോകുവാൻ തക്കവണ്ണം ആ സഭയെ ദൈവം കൈവിടുകയില്ല. അങ്ങനെ അപ്രമാദിത്വമുള്ള ഒരു സഭയെ സ്ഥാപിക്കുക എന്നതത്രെ ക്രിസ്തു തന്റെ അവതാരം കൊണ്ടു് നേടിയ മൂന്നാമത്തെ കാര്യം.

ദൈവം മനുഷ്യർക്കു് നല്കിയിരിക്കുന്ന സർവ്വസ്വാതന്ത്ര്യം അവരിൽ നിന്നെടുത്തുകളഞ്ഞിട്ടില്ല. മനുഷ്യൻ സത്യം ഗ്രഹിച്ചു മാനസാന്തരപ്പെടുവാനുള്ള അവസരം അവന്റെ മരണ വിനാഴികവരെയും ഉണ്ടു്. അതുപോലെ

www.malankaralibrary.com

തന്നെ ശത്രുവായ പിശാചിൻെറ സ്വാതന്ത്ര്യത്തേയും ദൈവം എടുത്തുകളഞ്ഞിട്ടില്ല. അവൻ എപ്പോഴും മനുഷ്യനെ ചതിക്കുവാൻ മാർഗ്ഗം നോക്കികൊണ്ടിരിക്കും. അതു കാണിപ്പാൻ ക്രിസ്തു ഒരു ഉപമ പറഞ്ഞു: ഒരു മനുഷ്യൻ അവൻെറ വയലിൽ നല്ല ഗോതമ്പു വിതച്ചു. അവനുറങ്ങുവാൻ പോയപ്പോൾ ശത്രു വന്നു് കളയുംകൂടെ അതിൽ വിതച്ചു. കതിരായപ്പോഴാണു് കളയുംകൂടെ ഉണ്ടെന്നു മനസ്സിലായതു്. വേലക്കാർ ചെന്നു് കള പറിച്ചുകളയുവാൻ അനുവാദം ചോദിച്ചു. വസ്തുവിൻെറ ഉടമസ്ഥൻ ദൈവമാണു്. അദ്ദേഹം അനുവദിച്ചില്ല. കൊയ്ത്തുകാലംവരെ രണ്ടും കൂടെ ഒരുമിച്ചു വളർന്നുകൊള്ളട്ടെ. കൊയിത്താകുമ്പോൾ കളകൾ പറിച്ചു ചുട്ടുകളയാം. ഗോതമ്പിനെ അറപ്പുരയിൽ ആക്കി സൂക്ഷിക്കുകയും ചെയ്യാം എന്നുപറഞ്ഞു. (മത്താ. 13. 24-30) ലോകത്തിൽ നല്ലവരും ദുഷ്ടന്മാരും ഉണ്ടു്. ധനത്തേയും മാനത്തേയും സ്നേഹിച്ചുകൊണ്ടു് നില്ക്കുന്നവരും ഉണ്ടു്. ചിലർ ക്രിസ്തുവിനെ സ്നേഹിക്കുന്നതും സേവിക്കുന്നതും അവരുടെ ധനത്തിൻെറയും മാനത്തിൻെറയും പുലർച്ചയ്ക്കുവേണ്ടിയായിരിക്കും. മരം ഏതു വശത്തേക്കു് ചാഞ്ഞുനില്ക്കുന്നുവോ ആ ചാഞ്ഞുനില്ക്കുന്ന വശത്തേക്കു് വീഴും. ക്രിസ്തുവിനേക്കാൾ കൂടുതലായി അപ്പനേയോ അമ്മയേയോ സ്നേഹിക്കുന്നവൻ തനിക്കു് യോഗ്യനല്ലെന്നു് ക്രിസ്തു പറഞ്ഞിട്ടുണ്ടു്. ദൈവകല്പനയെ സ്നേഹിച്ചു ജീവിച്ചിട്ടുള്ളവർ മാലാഖമാരോടും വിശുദ്ധന്മാരോടും കൂടെ ദൈവത്തിൻെറ സാന്നിദ്ധ്യപ്രകാശമുള്ള സ്വർഗ്ഗത്തിൽ ചെന്നുചേരും. അല്ലാത്തവരെല്ലാം വേറൊരു സ്ഥലത്തുചെന്നെത്തും. അതാണു് നരകം. അവർ പരസ്പരം ദ്രോഹിച്ചും, ഉപദ്രവിച്ചും ചതിച്ചും ആ നരകത്തിലെ ഭീകരത വർദ്ധിപ്പിച്ചു കൊണ്ടിരിക്കും. ഓരോ മനുഷ്യനും അവനവൻെറ പ്രവൃത്തിക്കു തക്കവണ്ണം ഉള്ള പ്രതിഫലം അനുഭവിക്കും. അതിനു് ആരെയും കുററപ്പെടുത്തുവാൻ സാധിക്കുകയില്ല.

---

www.malankaralibrary.com

# അദ്ധ്യായം 2.

## ക്രിസ്തുവിൻെറ ജീവിതത്തിലെ
## മൂന്നു കാലഘട്ടങ്ങൾ

### 1 യേശുവിൻെറ ശരീരപ്രകാരമുള്ള
### ജീവിതകാലം.

സൃഷ്ടിക്കുന്നതിനു് ശക്തിയുള്ള ദൈവവചനം, അതായതു ത്രിത്വത്തിൽ രണ്ടാമത്തെ ആൾ, ശരീരമെടുത്തു അവതരിച്ചതാണു് ക്രിസ്തു. അദ്ദേഹം ജനിച്ചതു്, ദാവീദു്രാജാവിൻെറ ഗോത്രത്തിൽപെട്ട കന്യക മറിയാമിൽ നിന്നാണു്. ദൈവദൂതനായ ഗബ്രിയേൽ ചെന്നു് കന്യക മറിയാമിനോടു് "കൃപ നിറഞ്ഞവളേ, നിനക്കു് വന്ദനം. നീ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാകുന്നു. നമ്മുടെ കർത്താവു് നിന്നോടു കൂടെയുണ്ടു്. നിനക്കു് ദൈവത്തിൽ നിന്നു് കൃപ ലഭിച്ചിരിക്കുന്നു. പരിശുദ്ധാത്മാവു് നിൻെറ മേൽ വരും. അത്യുന്നതൻെറ ശക്തി നിൻെറ മേൽ നിഴലിക്കും. നീ ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും. അദ്ദേഹം ദൈവപുത്രനെന്നു് വിളിക്കപ്പെടും" എന്നറിയിച്ചു. കന്യകമറിയാം അതിനു് ഉത്തരമായി "ഇതാ ഞാൻ കർത്താവിൻെറ ദാസി അവിടത്തെ വചനംപോലെ എനിക്കു് ഭവിക്കട്ടെ" എന്നു് പറഞ്ഞു. (മത്താ. 1; 18—25 ലൂക്കോ. 1:26—38, യോഹ.1:1—14)

അക്കാലത്തു് ഭർത്താവില്ലാത്ത ഒരു സ്ത്രീയെ ഗർഭിണിയായി കണ്ടാൽ എല്ലാവരുംകൂടി ആ സ്ത്രീയെ കല്ലെറിഞ്ഞു

www.malankaralibrary.com

കൊല്ലുമായിരുന്നു. അങ്ങിനെ വരാതിരിപ്പാനും തിരുക്കുടുംബ ത്തിന്ന് ഒരു സംരക്ഷകൻ വേണമെന്നു കരുതിയും കന്യകമറി യാമിന്ന് യൌസേപ്പ് എന്നൊരു പുണ്യപുരുഷനുമായി വിവാ ഹംപറഞ്ഞു നിശ്ചയിക്കുവാൻ ദൈവം സംഗതിയാക്കി. ഈ യൌസേപ്പ് ദൈവഹിതം അറിഞ്ഞാൽ അതുപോലെ പ്രവ ർത്തിക്കുന്ന ഒരാളായിരുന്നു. അവർ ചേൎന്നുവരുന്നതിനുമുമ്പായി കന്യമറിയാം ഗർഭിണിയാണെന്ന് യൌസേപ്പിനു മനസ്സി ലായി. അവളെ ഉപേക്ഷിച്ചുകളയാം എന്നു വിചാരിച്ചു. അപ്പോൾ ദൈവദൂതനായ ഗബ്രിയേൽ പ്രത്യക്ഷപ്പെട്ടു വിവര മെല്ലാം യൌസേപ്പിനെ അറിയിച്ചു. അതിനാൽ അദ്ദേഹം മറിയാമിനെ ഉപേക്ഷിച്ചില്ല.

അക്കാലത്തു ഗവൺമെൻറ് ഒരു ജനസംഖ്യ എടുക്കുന്നു ണ്ടായിരുന്നു. അതിലേക്ക് പേരെഴുതിക്കുവാൻ ദാവീദിൻെറ ഗോത്രക്കാരെല്ലാം കൂടിയതു ബേതിലേഹം എന്ന സ്ഥലത്താ യിരുന്നു. തദനുസരണം യൌസേപ്പും കന്യകമറിയായും ഗലീ ലയിലെ നസറേത്തിൽ നിന്നു് ബേതിലഹേമിലേക്കു വന്നു. (ലൂക്കോ.2:1—5) അവിടുത്തെ സത്രത്തോടുചേൎന്നുള്ള പുൽക്കൂട്ടിൽ വച്ചു് കന്യകമറിയാം യേശുവിനെ പ്രസവിച്ചു. കുഞ്ഞിനെ പഴന്തുണിയിൽ പൊതിഞ്ഞു പുൽക്കൂട്ടിൽ കിടത്തി. അക്കാ ലത്തു് ക്രിസ്തുവിൻെറ ബലിയുടെ മുൻ മാതൃകയായി ആടുകളെ ബലികഴിക്കുമായിരുന്നു. അതിലേക്ക് യറുശലേം ദേവാലയം വകയായി വളരെ ആടുകളെ വളൎത്തിവന്നിരുന്നു. അവയെ മേയിച്ചുകൊണ്ടിരുന്ന ആട്ടിടയന്മാൎക്കു് മാലാഖ പ്രത്യക്ഷ പ്പെട്ടു ഊനമില്ലാത്ത ബലിയായിത്തീരുവാനുള്ള ദൈവകുഞ്ഞാ ടായ യേശുവിൻെറ ജനനത്തെപ്പറ്റി അറിയിച്ചു. ഉടനെ അവർ ചെന്നു് യേശുവിനെയും മാതാവിനെയുംകണ്ടു. തങ്ങൾക്കു ണ്ടായ ദർശനത്തെപ്പറ്റി അറിയിച്ച ശേഷം സന്തോഷ ഭരിതരായി തിരിച്ചുപോയി.

പേരെഴുതിച്ചുകഴിഞ്ഞശേഷം, എട്ടാംദിവസം യഹൂ ദന്മാരുടെ നടപടിപ്രകാരം കുഞ്ഞിനെ പരിഛേദന ചെയ്തു.

www.malankaralibrary.com

നാല്പതാംദിവസം യറുശലേം ദേവാലയത്തിൽ പോയി കുഞ്ഞിനെ ദൈവത്തിനു് പ്രതിഷ്ഠിച്ചു അനന്തരം അവർ ഗലീലയിലേക്കു് മടങ്ങി പോയി. നസറേത്തിൽ താമസിച്ചു. (ലൂക്കോ. 2:39) കുറെ കഴിഞ്ഞപ്പോൾ കിഴക്കുള്ള പേർഷ്യാ യിൽ നിന്നു് വിദ്വാന്മാർ ഒരു നക്ഷത്രംകണ്ടു തിരക്കിവന്നു. യഹൂദന്മാരുടെ രാജാവായി ഒരു ശിശു ജനിച്ചിരിക്കുന്നതു എവിടെയാണെന്നു് ഹേറോദേസ്‌ രാജാവിൻെറ കൊട്ടാര ത്തിലും മററും അന്വേഷിച്ചു. ഹേറോദേസ്‌ അതു കേട്ടപ്പോൾ തൻെറ രാജത്വം പൊയ്പോകുമോ എന്നു് ഭയപ്പെട്ടു. യേശു ജനിക്കുന്നതു് ബേതിലഹേമിലായിരിക്കുമെന്നറിഞ്ഞു, വിദ്വാ ന്മാർ അവിടേയ്ക്കു് പോയി. അപ്പോൾ അവർകണ്ട നക്ഷത്രം പിന്നെയും അവക്കു് കാണപ്പെട്ടു. അതു അവരെ ഉണ്ണിയേശു കിടന്നിരുന്ന വീട്ടിലേക്കു് ആനയിച്ചു. അവർ അവി ടെചെന്നു് ശിശുവായ യേശുവിനെയും മാതാവിനെയും കണ്ടു. തങ്ങൾ കൊണ്ടുവന്നിരുന്ന പൊന്നും മൂരും കുന്തുരു ക്കവും കാഴ്ചയർപ്പിച്ചശേഷം മറുവഴിയായി മടങ്ങിപ്പോയി (മത്താ. 2: 11)

അപ്പോൾ ഹേറോദേസ്‌ രാജാവു് ബേതിലഹേ മിലും അതിനു ചുററുമായും രണ്ടുവയസ്സിനും അതിനുതാഴെ യുമായി ഉള്ള എല്ലാ ആൺകുഞ്ഞുങ്ങളെയും കൊന്നുകളയുവാൻ കല്പിച്ചു. (മത്താ 2:16) ഈ ശിശുസംഹാരത്തിൽ നിന്നു് യേശു വിനെ രക്ഷിപ്പാൻ മാലാഖാ യൌസേപ്പിനു് പ്രത്യക്ഷപ്പെട്ടു. ശിശുവിനെയും അതിൻെറ മാതാവിനെയും കൂട്ടികൊണ്ടു് ഉട ൻതന്നെ മിസ്രേമിലേക്കു് ഓടിപ്പോകണമെന്നു് അറിയിച്ചു. ആ രാത്രിയിൽതന്നെ യൌസേപ്പു് അവരെ മിസ്രേമിലേക്കു് കൂട്ടികൊണ്ടുപോയി. ഈ ശിശുവധംകഴിഞ്ഞു് ആറുവർഷം കൂടി മാത്രമെ ഹേറോദേസ്‌രാജാവു് ജീവിച്ചിരുന്നുള്ളു. ഹേറോദേസ്‌ മരിച്ചു എന്നറിഞ്ഞപ്പോൾ യൌസേപ്പു് കന്യകമറിയാമിനെയും യേശുവിനെയും കൂട്ടിക്കൊണ്ടു് നസ റേത്തിലേക്കു് മടങ്ങിവന്നു താമസിച്ചു.

www.malankaralibrary.com

യേശുവിനു് പന്ത്രണ്ടു വയസ്സായപ്പോൾ അവർ യേശുവിനെയുംകൊണ്ടു്, പെസഹാ പെരുനാളിനു് യറുശലേമിലേക്കു് പോയി. അക്കാലത്തു മാതാപിതാക്കന്മാർ കുഞ്ഞുങ്ങളെ ശരിയായി മതോപദേശങ്ങൾ പഠിപ്പിക്കുന്നുണ്ടോ എന്നു് മതാചാര്യന്മാർ പരിശോധിക്കുമായിരുന്നു. അതിലേക്കു് പന്ത്രണ്ടു് വയസ്സാകുന്ന കുട്ടികളെയെല്ലാം പെസഹാപെരുനാൾദിവസം കൊണ്ടുചെന്നിരിക്കണമെന്നു് കല്പനയുണ്ടായിരുന്നു. അതനുസരിച്ചാണു് യേശുവിനെയും കൊണ്ടുപോയതു്. പരിശോധനകഴിഞ്ഞു് മടങ്ങിപ്പോരുന്നവരുടെ കൂട്ടത്തിൽ യേശുവും കാണുമെന്നു് കരുതി അവർ മടങ്ങിപ്പോന്നു. കുറെവഴിദൂരം വന്നപ്പോൾ യേശുവിനെ കൂട്ടത്തിൽ കാണാഞ്ഞതിനാൽ അവർ തിരിച്ചു ദേവാലയത്തിൽചെന്നു. യേശുവിന്റെ സംഭാഷണംകേട്ടു് മതാചാര്യന്മാർപോലും അത്ഭുതപരതന്ത്രരായിരിക്കുമ്പോൾ ആണു് മാതാപിതാക്കന്മാർ തന്നെ അന്വേഷിക്കുന്നതായി അറിഞ്ഞതു്. യേശു അവരോടുകൂടെ മടങ്ങിവന്നു് മുപ്പതാമത്തെവയസ്സുവരെയും അവരെ അനുസ്സരിച്ചു ജീവിച്ചു.

ഇസ്രായേൽകാരുടെ സഭയിൻകൂടാരത്തിൽ ദൈവവേലയ്ക്കു് പ്രവേശിക്കണമെങ്കിൽ മുപ്പതുവയസ്സായിരിക്കണം. (സംഖ്യ. 4. 3.) തദനുസരണം യേശു മുപ്പതാംവയസ്സിൽ യോഹന്നാൻ സ്നാപകനിൽനിന്നും സ്നാനംഏററു. നാല്പതുദിവസം ഉപവസിച്ചു. അതിനുശേഷം തന്റെ സകല പ്രവൃത്തികൾക്കും ദൃക്സാക്ഷികളായിരിപ്പാൻ തക്കവണ്ണം 12 അപ്പോസ്ഥലന്മാരെ തിരഞ്ഞെടുത്തു. പിന്നീടു് എഴുപതുഅറിയിപ്പുകാരെയും നിയമിച്ചു. (ലൂക്കാ. 10. 1.) യേശു ദൈവപുത്രനാണെന്നു് തന്റെ പ്രവൃത്തികൾ മൂലം അവരെ ഗ്രഹിപ്പിച്ചു. യേശു വെള്ളത്തെ വീഞ്ഞാക്കുകയും അപ്പം വർദ്ധിപ്പിച്ചുകൊടുത്തു ജനത്തെ ഭക്ഷിപ്പിക്കുകയും കൊടുങ്കാററിനെയും കടൽക്ഷോഭത്തെയും ശാസിച്ചു ശാന്തമാക്കുകയും, പിശാചുക്കളെ ശാസിച്ചു് ഇറക്കിവിടുകയും, കുഷ്ഠരോഗികളെ തൊട്ടു സുഖ

www.malankaralibrary.com

പ്പെടുത്തുകയും, അത്തിവൃക്ഷത്തെ ശപിച്ചു ഉണക്കുകയും, താൻ കല്പിച്ചാൽ മാലാഖമാർ തന്റെ സഹായത്തിനുവരുമെന്നു് അറിയിക്കുകയും ചെയ്തു. അങ്ങനെ താൻ സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളമെന്നു് പറയപ്പെടുന്ന ബന്ധനസ്ഥലത്തിലും അധികാരമുള്ള ദൈവമാണെന്നു് തെളിയിച്ചു കാണിച്ചു. തന്റെ കുരിശുമരണമായ പാപപരിഹാരബലിയുടെ ഫലത്തിൽ പിൽക്കാലത്തു വരുവാനുള്ളവർക്കു കൂടെയും പങ്കുകൊള്ളത്തക്കവണ്ണം തന്റെ ഓർമ്മക്കായി വിശുദ്ധകുർബാനയും ഏർപ്പെടുത്തി (ലൂക്കോ. 22.19 ; 1. കൊറ. 11.24-25) അനന്തരം താൻ തന്റെ കുരിശുമരണത്തിനായി ഒരുങ്ങി. എതിരാളികൾ തന്നെപിടിച്ചു രണ്ടു കള്ളന്മാരുടെകൂടെ കുരിശിൽ തറച്ചു കൊന്നു. അങ്ങനെ തന്റെ ഭൌമികശരീരത്തോടു കൂടിയ ജീവിതം അവസാനിപ്പിച്ചു.

## ക്രിസ്തുവിന്റെ മഹത്വീകരിക്കപ്പെട്ട ശരീരത്തിലുള്ള ജീവിതം.

ഞാൻ പോകയും നിങ്ങളുടെ അടുക്കലേക്കു് തിരിച്ചു വരികയും ചെയ്യും (യോഹ. 14.28) എന്നു് ക്രിസ്തു മുൻകൂട്ടി പറഞ്ഞിരുന്നപ്രകാരം കബറിൽനിന്നു മൂന്നാം ദിവസം ഉയിർത്തെഴുന്നേററുവന്നു. മൂന്നാംദിവസം എന്നു് പറയുന്നതു് വെള്ളിയാഴ്ചയുടെ അവസാനഭാഗവും ശനിയാഴ്ചയും ഞായറാഴ്ചയുടെ ആരംഭഭാഗവും കൂടിയ സമയത്തിനത്രെ. മരണശേഷം മഹത്വീകരണം പ്രാപിച്ചു ഉയിർത്തെഴുന്നേററ ശരീരത്തിനു് എപ്പോഴാംവേണമെങ്കിലും, എങ്ങിനെവേണമെങ്കിലും, എവിടെവേണമെങ്കിലും പ്രത്യക്ഷപ്പെടുകയും അപ്രത്യക്ഷനാകുകയും ചെയ്യാം. അതിനു് സമയ, സ്ഥല, ദൂര, പ്രതിബന്ധങ്ങളൊന്നും ഇല്ല. യേശുവിനു് ഉയിർത്തെഴുന്നേററിട്ടു പ്രത്യക്ഷപ്പെടാതെ പോകാമായിരുന്നു. നമ്മുടെ മരണാനന്തര ജീവിതത്തെപ്പററി

www.malankaralibrary.com

നമ്മെ കാണിച്ചു ഗ്രഹിപ്പിക്കുവാൻ വേണ്ടിയാണ് താൻ ശരീരത്തോടുകൂടെ ഉയിർത്തെഴുന്നേററു വന്നതു്. (അപ്പോ. പ്ര 1.3.) അങ്ങിനെ വന്നു് മഗ്ദലേന മറിയത്തിനും ശിഷ്യന്മാക്കു മെല്ലാം കാണപ്പെട്ടു. പിന്നെ പത്രോസിനും പതിനൊരുവക്കും അനന്തരം അഞ്ഞൂറിൽ പരം സഹോദരന്മാക്കും യാക്കോബിനും പിന്നെ എല്ലാ അപ്പോസ്ഥലന്മാക്കും ഒടുവിൽ അകാല പിറവി എന്നപോലെ പൌലോസിനും പ്രത്യക്ഷപ്പെട്ടു. (1 കൊറ. 15 5. ലൂക്കോ 21.34) അപ്പോസ്ഥലന്മാരിരുന്നിരുന്ന മുറിയിൽ യേശു വാതിൽ തുറക്കാതെ പ്രവേശിക്കുകയും തന്റെ ആണിപ്പഴുതുകളും വിലാപ്പുറത്തെ കുത്തും തൊട്ടുനോക്കുവാനായി അവരെ കാണിക്കുകയും, ഇതു മായാകാഴ്ച യല്ല യേശു ശരീരത്തോടുകൂടെ ഉയിർത്തെഴുന്നേററു വന്നതാണെന്നു് അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തശേഷം വാതിൽ തുറക്കാതെ തന്നെ അപ്രത്യക്ഷനാകുകയുംചെയ്തു.

എമ്മാവൂസിലേക്കു് പോയ ശിഷ്യന്മാക്കു് ആളറിയിക്കാതെ ഒരു വഴിയാത്രക്കാരനെപ്പോലെ യേശു പ്രത്യക്ഷപ്പെട്ടു നടന്നുകൊണ്ടു സംസാരിച്ചു. ഒരിക്കൽ വറുത്തമത്സ്യം ശിഷ്യന്മാരിൽനിന്നു വാങ്ങി ഭക്ഷിച്ചുകാണിച്ചു. യേശു കടൽകരയിൽ പ്രത്യക്ഷപ്പെട്ടുനിന്നുകൊണ്ടു് കടലിൽ പടവിലിരുന്നവരോടു സംസാരിച്ചപ്പോൾ അതു യേശുവിന്റെ ശബ്ദമാണെന്നു് പടവിലിരുന്ന യോഹന്നാൻ മനസ്സിലാക്കി പറഞ്ഞു. ഉടനെ പത്രോസ് പടവിൽ നിന്നു് കടലിൽ ചാടി നീന്തി യേശുവിന്റെ അടുക്കലെത്തി. അങ്ങിനെ യേശു പലസ്ഥലത്തു പലപ്രാവശ്യം പ്രത്യക്ഷപ്പെട്ടു. മനുഷ്യൻ മരിച്ചാലും അവന്റെ ആത്മാവു് ജീവിച്ചിരിക്കുമെന്നും അതു സ്വർഗ്ഗത്തിൽ ചെന്നു് ദൈവത്തിന്റെ ദിവ്യപ്രകാശത്തിൽ എന്നും ജീവിച്ചിരിക്കുമെന്നും അവരെ കാണിച്ചു ബോദ്ധ്യപ്പെടുത്തി. താൻ മർത്ത്യശരീരത്തിലിരുന്നപ്പോൾ പത്രോസിനുകൊടുത്ത പരമാധ്യക്ഷസ്ഥാനത്തെ വീണ്ടും ഒന്നുകൂടെ സ്ഥിരപ്പെടുത്തി തന്റെ

www.malankaralibrary.com

പെണ്ണാട്ടുകളെയും ആണാട്ടുകളെയും കുഞ്ഞാടുകളെയും മേയിക്കുവാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. (യോഹ.21.15-23) ഒടുവിൽ താൻ അയക്കുവാൻ പോകുന്ന പരിശുദ്ധാത്മാവായ ആശ്വാസപ്രദനെ കൈക്കൊള്ളുവാനായി അവർ ഒരു സ്ഥലത്തു ഒരുമിച്ചു കൂടിയിരിക്കണമെന്നു കല്പിച്ചശേഷം (അപ്പോ.പ്ര 1,4) നാല്പതാം ദിവസം അവരെല്ലാവരും കാൺകെ യേശു സ്വർഗ്ഗാരോഹണം ചെയ്തു. (അപ്പോ.പ്ര.1.9) ക്രിസ്തുവിൻെറ കല്പനപ്രകാരം ജീവിച്ചാൽ നമ്മുടെ ആത്മാക്കൾക്കും സ്വർഗ്ഗത്തിൽ ചെന്നു ചേരാമെന്ന ഇതുമൂലം ശിഷ്യന്മാരെ കാണിച്ചു ബോദ്ധ്യപ്പെടുത്തി. അങ്ങനെ മഹത്വീകരിക്കപ്പെട്ട ശരീരത്തോടുകൂടിയ ക്രിസ്തുവിൻെറ ജീവിതവും അവസാനിപ്പിച്ചു. മനുഷ്യാത്മാക്കളുടെ മരണാനന്തര ജീവിതവും സ്വർഗ്ഗാരോഹണവും നമുക്കു ദൃഷ്ടിഗോചരമല്ല. എന്നാൽ നാം നല്ല ജീവിതം നയിച്ചാൽ അതു ലഭിക്കുമെന്നു നമ്മെ ഗ്രഹിപ്പിക്കുവാനാണു ക്രിസ്തു ശരീരപ്രകാരം തന്നെ ഇതെല്ലാം പ്രവർത്തിച്ചു കാണിച്ചതന്നത്രേ.

## 3 ക്രിസ്തുവിൻെറ സഭാ ശരീരത്തിലുള്ള ജീവിതം.

യേശുവിൻെറ കല്പനപ്രകാരം അപ്പോസ്തലന്മാർ യേശുവിൻെറ അമ്മയായ മറിയാമിനോടും അനുചാരികളായ മററു സ്ത്രീപുരുഷന്മാരോടും കൂടെ യെരുശലേമിൽ ഒരു മാളികമുറിയിൽ ഒരുമിച്ചു പ്രാർത്ഥിച്ചുകൊണ്ടു കാത്തിരുന്നു. പത്താം ദിവസം ഞായറാഴ്ച അവർ പ്രാർത്ഥിച്ചു കൊണ്ടിരുന്ന മുറിയിൽ ആകാശത്തു നിന്നു കൊടുങ്കാററടിക്കുന്നതുപോലെ ഒരു ശബ്ദം ഉണ്ടായി. അപ്പോൾ ക്രിസ്തുവിൻെറആത്മാവു (റോമ.8.9) ആയ ആശ്വാസപ്രദൻ വന്നു അവരുടെമേൽ അധിവസിച്ചു. അതു അഗ്നിനാവുപോലെ അവരുടെമേൽ ഇരിക്കുന്നതായി എല്ലാ

www.malankaralibrary.com

വക്ഷം കാണപ്പെട്ടു. (അപ്പോ.പ്ര.2.3) അപ്പോൾ അവർ ക്രിസ്തുവിൻെറ സഭാശരീരമായി തീരുകയും ചെയ്തു. ആ ദിവസം യഹൂദന്മാരുടെ പെന്തിക്കോസ്തി പെരുനാളായിരുന്നു. പല ദേശത്തുനിന്നും വന്ന വിവിധ ഭാഷക്കാരായ യഹൂദന്മാർ അവിടെ ഉണ്ടായിരുന്നു. അപ്പോസ്ഥലന്മാർ പരിശുദ്ധാത്മാധിവാസത്താൽ ഗലീല ഭാഷയിൽ സംസാരിച്ചു. അവിടെ കൂടിയിരുന്ന പതിനേഴിൽപരം ഭാഷക്കാർ അതു അവരവരുടെ മാതൃഭാഷയിൽ സംസാരിക്കുന്നതുപോലെ കേട്ടു.

ദൈവത്തിനു ഒരു പ്രത്യേകഭാഷയില്ല. ദൈവം മനുഷ്യരോടു സംസാരിച്ചാൽ അതുഓരോ ഭാഷക്കാരും അവരവരുടെ മാതൃഭാഷയിൽ കേൾക്കും. ഇവിടെ അപ്പോസ്ഥലന്മാർ സംസാരിച്ചതും അതുപോലെ കേട്ടു. അപ്പോൾ ദൈവമാണ് ഇവർവഴിയായി സംസാരിക്കുന്നതെന്ന് അവർമനസ്സിലാക്കി. അവക്ക് മാനസ്സാന്തരം ഉണ്ടായി. ഞങ്ങൾ യേശുവിനെ കുരിശിച്ചുപോയി. ഇനിയും ഞങ്ങൾ എന്തു ചെയ്യണം എന്നു ചോദിച്ചു. അപ്പോൾ ശ്ലീഹന്മാരുടെതലവനായി കർത്താവാക്കിയിരുന്ന പത്രോസ് എഴുന്നേററ് നിന്നു് അവരോടു സംഗതികൾ വിശദമായി പറഞ്ഞശേഷം അവർ രക്ഷിക്കപ്പെടണമെന്നാഗ്രഹിക്കുന്നെങ്കിൽ ക്രിസ്തു ഏല്പ്പെടുത്തിയിരിക്കുന്ന ജ്ഞാനസ്നാനം ഏൾക്കണമെന്നു് പറഞ്ഞു. അപ്പോൾ അവിടെ വച്ചുതന്നെ മൂവായിരത്തോളം പേർ സ്നാനം ഏററു. (അപ്പോ. പ്ര. 2:41) അവർ അപ്പോസ്ഥലന്മാരുടെ ഉപദേശം കേട്ടും ഒരുമിച്ചുകൂടി പ്രാർത്ഥിച്ചും, വിശുദ്ധകുർബാന അർപ്പിച്ചും, ജനങ്ങൾ അതു് അനുഭവിച്ചും വന്നു. അങ്ങിനെ സ്നാനം ഏല്ക്കുന്നവരെയെല്ലാം സഭയിൽ ചേർത്തുകൊണ്ടും ഇരുന്നു. (അപ്പോ. പ്ര.2:47)

ആദിയിൽ ദൈവം മണ്ണുകൊണ്ടു് ഒരു മനുഷ്യനെ മനഞ്ഞുണ്ടാക്കി. അതിനു് ഒരു തലയും മനഞ്ഞുവച്ചു. എന്നിട്ടും അതു മനുഷ്യനായില്ല. അതു ഒരു മണ്ണു രൂപമെ

www.malankaralibrary.com

ആയുള്ളു. അനന്തരം ദൈവം അതിന്റെ മൂക്കിൽ ജീവന്റെ ശ്വാസത്തെ ഊതി. (ഉല്പ. 2.7) അപ്പോൾ അതു ആദ്യമനുഷ്യനായ ആദാം ആയിത്തീൎന്നു. അതുപോലെ യേശു പന്ത്രണ്ടു അപ്പോസ്തലന്മാരെയും (ലൂക്കോ. 6.13.) എഴുപതു അറിയിപ്പുകാരെയും (ലൂക്കോ. 10.1) തിരഞ്ഞെടുത്തു. അവൎക്കെല്ലാം തലവനായി പത്രോസിനെയും നിയമിച്ചു. (മത്താ. 16. 18–19) എങ്കിലും അതു ക്രിസ്തീയ സഭയായില്ല. സഭയുടെ ഒരു ക്രമീകരണം മാത്രമേ ആയുള്ളു. ആദാമിന്റെ മണ്ണുരൂപത്തിൽ ദൈവം ജീവന്റെ ശ്വാസത്തെ ഊതിയതുപോലെ ഇവരുടെ മേൽ ദൈവം പരിശുദ്ധാത്മാവിനെ ഊതി. ആ ഊത്തിന്റെ ശബ്ദമായിരുന്നു അവർ ഇരുന്നിരുന്ന വീട്ടിൽ കാറ്റോട്ടംപോലെ ആകാശത്തു നിന്നു് കേട്ട ശബ്ദം. (അപ്പോ. പ്ര. 2.2) ഉടനെ പരിശുദ്ധാത്മാവിറങ്ങി അഗ്നിനാവിന്റെ സാദൃശ്യത്തിൽ എല്ലാവൎക്കും കാണപ്പെടത്തക്കവണ്ണം അവരുടെ മേൽ ഇരുന്നു. അപ്പോൾ ആ സംഘം ക്രിസ്തുവിന്റെ ആത്മാവു് അധിവസിക്കുന്ന സഭയായിതീൎന്നു. ഇങ്ങനെയാണു് ക്രിസ്തു തന്റെ സഭയെ രൂപീകരിച്ചതു്.

സഭാംഗങ്ങൾ എല്ലാവരും ഒരു ശരീരത്തിലെ അവയവങ്ങൾ എന്നപോലെയാണു്. ഒരവയവം ദുഃഖം അനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും ദുഃഖമനുഭവിക്കുന്നു. ഒരു അവയവം സന്തോഷിക്കുമ്പോൾ എല്ലാ അവയവങ്ങളും സന്തോഷിക്കുന്നു. ഒരു സഭാംഗം പിരിഞ്ഞു പോകുമ്പോൾ കത്തോലിക്കാസഭ മുഴുവനും ദുഃഖിക്കുന്നു. ക്രിസ്തീയസഭ ഒരു സാമൂഹ്യസൃഷ്ടിയാണു്. അതു പലസഭകളായി പിരിഞ്ഞു പോകേണ്ടതല്ല. പല സഭകളായിപ്പിരിഞ്ഞാൽ അവതമ്മിൽ വഴക്കും വിദ്വേഷവുമുണ്ടാകും. അങ്ങനെ വരാതിരിക്കണമെങ്കിൽ സഭ ഏകശരീരമായിരിക്കണം. ഏകതലവന്റെ കീഴിലിരിക്കണം. കണ്ണിൽ ഒരു പൊടി വീണാൽ അതു പെട്ടന്നു് തലച്ചോറ അറിയുകയും ആ പൊടി എടുത്തു കളയുവാൻ കയ്യിനെ

www.malankaralibrary.com

നിയോഗിക്കുകയും, കൈയ് സഹായത്തിനെത്തുകയും ചെയ്യുന്നതുപോലെ പരസ്പരം സഹായിക്കത്തക്ക വിധത്തിൽ ക്രിസ്തീയസഭ ഏകമായിരിക്കണം. അങ്ങിനെയാണ് ക്രിസ്തു സഭയെ രൂപീകരിച്ചതു്.

പണ്ടു മോശയ്ക്കു് ദൈവം കാണപ്പെട്ടതു് മുൾപ്പടർപ്പിനു് കേടുവരുത്താതെ അതിൽ അധിവസിച്ചു് എരിയുന്ന അഗ്നിയിലായിരുന്നു. (പുറ. 19: 18) വെളിപാടു നല്കുവാൻ ദൈവം യോഹന്നാനു് വെളിപ്പെട്ടതും എരിയുന്നവിളക്കുകളുടെ നടുവിലായിരുന്നു. (വെളി 1:13) ഹെസക്കിയേൽ ദീർഘദർശിക്കു് ദൈവം ദർശനം നല്കിയതും അഗ്നിയിലായിരുന്നു. (ഹെസ 1:4) അതുപോലെ സഭയിലുള്ള ക്രിസ്തുവിൻെറ അധിവാസത്തേയും എരിയുന്ന അഗ്നിനാവു മൂലം ദൈവം കാണിച്ചുതന്നു. പൌലൂസ് ആദ്യകാലത്തു ഈ സഭയെ പീഡിപ്പിച്ചു കൊണ്ടു നടന്നിരുന്നു. ദമസ്കോസിലുള്ള ക്രിസ്ത്യാനികളെ പിടിച്ചു് ബന്ധിച്ചുകൊണ്ടു വരുവാൻ മഹാപുരോഹിതൻെറ കല്പനയും വാങ്ങി പൌലൂസ് പോയി. അദ്ദേഹം ദമസ്കോസിൻെറ അതിർത്തിയിൽ എത്തിയപ്പോൾ പെട്ടെന്നു് ആകാശത്തുനിന്നു ഒരുവെളിച്ചം മിന്നി. ശൌൽ, (പൌലൂസ്) അതോടെ നിലംപതിച്ചു. അദ്ദേഹം ദൃഷ്ടിഉയർത്തി കർത്താവേ, നീ ആരാകുന്നു എന്നു് ചോദിച്ചതിനു് ലഭിച്ച മറുപടി ഞാൻ "നീ ഉപദ്രവിക്കുന്നവനായ യേശുവാകുന്നു" എന്നായിരുന്നു. (അപ്പോ.പ്ര.9.5.) അപ്പോൾ ക്രിസ്തീയ സഭയെ ഉപദ്രവിക്കുന്നതു് ക്രിസ്തുവിനെ ഉപദ്രവിക്കുകയാണെന്നു് ശൌൽ മനസ്സിലാക്കി. അദ്ദേഹം മാനസാന്തരപ്പെട്ടു. ക്രിസ്തീയ മാമോദീസാ സ്വീകരിച്ചു പൌലൂസ് എന്നപേരും കൈക്കൊണ്ടു് ഒരു ക്രിസ്ത്യാനിയായി. ഒടുവിൽ അദ്ദേഹം ഒരുഅപ്പോസ്തലനും ആയി. ചുററി നടന്നു് വേലചെയ്തു ഒരു രക്തസാക്ഷിയായി റോമിൽവച്ചു് കൊല്ലപ്പെടുകയും ചെയ്തു. സഭയ്ക്കകത്തുള്ള ക്രിസ്തുവിൻെറ ഈ അധിവാസം ലോകാവസാനംവരെയും ഉണ്ടായിരിക്കും.

www.malankaralibrary.com

ഞാൻ ലോകാവസാനംവരെയും എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടായിരിക്കുമെന്നു് ക്രിസ്തു പറഞ്ഞിട്ടുമുണ്ടു് (മത്താ.28.20.)

ക്രിസ്തുവിന്റെ സഭ ക്രിസ്തുവിന്റെ മണവാട്ടിയാകുന്നു മണവാട്ടിയായ സഭയ്ക്കു് തലയായി അദൃശ്യനായ ക്രിസ്തു. ഇരിക്കണമെങ്കിൽ സഭയ്ക്കു് ഒരു ദൃശ്യതലവൻ ഉണ്ടായിരിക്കണം. അതിലേക്കു് ക്രിസ്തു തന്നെ സഭയുടെ തലയായി നിയമിച്ചതു പത്രോസിനെയാണു്. തലയില്ലാത്ത മണവാട്ടിക്കു് മണവാളനാവാൻ ആരും ഒരുങ്ങുകയില്ല. മണവാളൻ തലയായുണ്ടെന്നു് പറഞ്ഞു് മണവാട്ടിയുടെ തല വെട്ടിക്കളയുവാനും പാടില്ല. തല വെട്ടിയാൽ പിന്നെ മണവാട്ടിയില്ല. അതുപോലെ ക്രിസ്തുവിന്റെ മണവാട്ടിയുടെ തലയായ പത്രോസിനെയും നീക്കിക്കളയുവാൻ പാടില്ല. ഒരായിരം സഭകൾ "ഞാൻ ക്രിസ്തുവിന്റെ മണവാട്ടി സഭയാണെന്നു്" പറഞ്ഞു കൊണ്ടു് നില്ക്കുന്ന കൂട്ടത്തിൽ ക്രിസ്തുവിന്റെ മണവാട്ടിസഭയേതാണെന്നു് കണ്ടുപിടിക്കണമെങ്കിൽ പത്രോസ് തലയായിരിക്കുന്ന സഭ ഏതാണെന്നു് നോക്കിയാൽമതി. ക്രിസ്തുവിനു് പല മണവാട്ടികളില്ല. ഏക മണവാട്ടിയെ ഉള്ളു. ഒരു മണവാളനു് ഒരു മണവാട്ടിയെ പാടുള്ളുഎന്നു് ക്രിസ്തു ഉപദേശിച്ചിട്ടുമുണ്ടു്. ക്രിസ്തു തലയായിരിക്കുന്നതു് പത്രോസും പത്രോസിന്റെ പിൻഗാമിയായിവരുന്ന മാർപാപ്പായും തലയായുള്ള സഭയ്ക്കാണു്. അതിനാലാണു് മലങ്കരെയുള്ള സുറിയാനി സഭകളെല്ലാം പത്രോസിന്റെ പിൻഗാമിയായ മാർപാപ്പായെ സഭാതലവനായി സ്വീകരിച്ചു നില്ക്കണമെന്നു പറയുന്നതു്. അങ്ങിനെ ആയാൽ ഇൻഡ്യയെ മാനസ്സാന്തരപ്പെടുത്തുവാനുള്ള സർവ്വ ദൈവാനുഗ്രഹങ്ങളും പിതാവായ ദൈവത്തിൽനിന്നു് നമ്മുടെ കർത്താവ് നമുക്കു് വാങ്ങിത്തരും. നമ്മുടെ പഴയ മനുഷ്യത്വം കുരിശിക്കപ്പെടണം. ക്രിസ്തു നമുക്കുവേണ്ടി മരിച്ചതുപോലെ നാമും മററുള്ളവക്കുവേണ്ടി ക്രിസ്തുവിനു പകരം കുരിശുവഹിക്കണം. എന്നാൽ നാമും ക്രിസ്തുവിനെപ്പോലെ മഹത്വീകരിക്കപ്പെടും.

---

www.malankaralibrary.com

# അദ്ധ്യായം 3.

## തിരുസഭയുടെ ഭരണക്രമം.

ദൈവം സൃഷ്ടിച്ച എല്ലാ ജീവികൾക്കും ഓരോ തലയും ഉടലും, അവയോടുചേർന്നിരുന്നു പ്രവർത്തിക്കുന്ന അവയവങ്ങളും ഉണ്ട്. ഉടലോടു ചേർന്നിരിക്കുന്ന തലയിൽ നിന്നുള്ള നിർദ്ദേശമനുസരിച്ചാണ്, അവയവങ്ങൾ പ്രവർത്തിക്കുന്നത്. അവയവങ്ങൾക്ക് ജീവൻ വേണമെങ്കിൽ തലയോടും ശരീരത്തോടും ചേർന്നിരുന്ന് പ്രവർത്തിക്കണം. ക്രിസ്തുവിന്റെ സഭാശരീരത്തിനും ഇതുപോലെ ഒരു സംഘടന ഉണ്ട്. ക്രിസ്തു സ്വശിഷ്യന്മാരിൽ നിന്നും പന്ത്രണ്ട്പേരെ തിരഞ്ഞെടുത്തു. അവരെ തന്റെ അപ്പോസ്ഥലന്മാരാക്കി. (ലൂക്കാ. 6.13) അവരെ തന്റെ കൂടെകൊണ്ടുനടന്നു. തന്റെ സകല ഉപദേശങ്ങൾക്കും പ്രവൃത്തികൾക്കും ദൃക്ക്സാക്ഷികളാക്കി. "നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു." എന്ന് കല്പിച്ചുകൊണ്ട് (മത്താ. 10.40.) അവർക്ക് വേണ്ട അധികാരങ്ങൾ നല്കി. അതുകഴിഞ്ഞ്, യേശു എഴുപതു അറിയിപ്പുകാരെ തിരഞ്ഞെടുത്തു. (ലൂക്കാ. 10.1) അവർക്കുംവേണ്ട അധികാരങ്ങൾ കൊടുത്തു. അവരോടു "നിങ്ങളെ ചെവിക്കൊള്ളുന്നവൻ എന്നെ ചെവിക്കൊള്ളുന്നു. എന്നെ നിഷേധിക്കുന്നവൻ എന്നെ അയച്ചവനെ നിഷേധിക്കുന്നു എന്ന് കല്പിച്ചു. (ലൂക്കാ.10.16.)

www.malankaralibrary.com

ഈ അപ്പോസ്തലന്മാക്കും, അറിയിപ്പുകാക്കും, ജനങ്ങാംക്കും മേലായി പത്രോസിനെയും നിയമിച്ചു. അദ്ദേഹത്തോടു "നീ പത്രോസ് (കീപ്പാ) ആകുന്നു. ഈ കീപ്പാമേൽ ഞാൻ എന്റെ സഭയെ പണിയും. പാതാളവാതിലുകാം (ഗോപുരങ്ങാം) അതിനെ വിജയിക്കുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകാം ഞാൻ നിനക്കു തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും." (മത്താ 16.17–19) എന്നു കല്പിച്ചു. യേശുമരിച്ചു് ഉയിർത്തെഴുന്നേററു് വന്നശേഷം, ഈ പത്രോസിനോടു നീ എന്റെ ആണാടുകളെയും, പെണ്ണാടുകളെയും, കുഞ്ഞാടുകളെയും, മേയ്ക്കുക എന്നും കല്പിച്ചു (യോഹ. 21.15-17.) ഈ പത്രോസിന്റെ പിൻഗാമിയാണു് ഇപ്പോഴത്തെ മാർപാപ്പാ. അപ്പോസ്തലന്മാരുടെ പിൻഗാമികളാണു് ഇന്നത്തെ മെത്രാന്മാർ. അറിയിപ്പുകാരുടെ സ്ഥാനികളാണു് വൈദികർ.

ഈ പത്രോസ് റോമായിൽ പോകാനും തിരുസഭയുടെ തലസ്ഥാനം റോമായിലാക്കുവാനും ഇടയായതു ഒരു വലിയ ദൈവപരിപാലനയാണു്. മതങ്ങളെല്ലാം ഉണ്ടായതു് പൌരസ്ത്യദേശങ്ങളിലാണു്. യഹൂദമതം, ഹിന്ദുമതം, ബുദ്ധമതം, ക്രിസ്തുമതം, ഇസ്ലാം മതം. മുതലായ എല്ലാമതങ്ങളും, അവയുടെ സ്ഥാപകന്മാരും പൌരസ്ത്യ നാട്ടിലാണു് ഉണ്ടായതു്. അതുപോലെ തന്നെ ലോകം ഭരിക്കുവാനുള്ള ക്രമങ്ങളെല്ലാം പാശ്ചാത്യനാട്ടിലാണു് ഉണ്ടായതു്. രാജാധിപത്യം, ജനാധിപത്യം, ഡമോക്രസി, അരിസ്റ്റോക്രസി. പാർലമെൻറ് സിസ്റ്റം മുതലായ ഭരണക്രമങ്ങളെല്ലാം പാശ്ചാത്യ നാടുകളിലാണു് ഉൽഭൂതമായതു്. ഈ ഭരണനിയമങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണു് റോമൻ നിയമങ്ങാം. നിയമസംഹിത പഠിപ്പിക്കുന്ന ലാകോളേജുകളിലെല്ലാം റോമൻ ലാ ഒരു

www.malankaralibrary.com

പ്രധാന പഠനവിഷയമാണ്. തിരുസഭ ലോകമെല്ലാം പ്രചരിക്കുവാനുള്ളതും ലോകാവസാനം വരെ നിലനില്ക്കേണ്ടതും ആയ ഒരു സ്ഥാപനമാണ്. അതുവളൎന്ന് ലക്ഷക്കണക്കിനു വൈദികരും കന്യാസ്ത്രീകളും മെത്രാന്മാരും ജനങ്ങളുമായി വികസിക്കും. അവരെയെല്ലാം ശരിയായി നിയന്ത്രിച്ചു കൊണ്ടുപോകുന്നതിനു് തക്ക നിയമങ്ങളും മേലധികാരികളും, ഉണ്ടായിരിക്കണം. അതിനാലായിരിക്കണം പൌരസ്ത്യ നാട്ടിലുണ്ടായ ക്രിസ്തുമതത്തിന്റെ തലവനായി നിയമിക്കപ്പെട്ട പത്രോസ് റോമായിൽ പോയി അതിനെ തിരുസഭയുടെ തലസ്ഥാനമാക്കാൻ ഇടയായതു്. അതു് ഒരു വലിയ ദൈവ പരിപാലനയായി പരിഗണിക്കേണ്ടതാണ്.

എന്നാൽ ഈ പത്രോസിനു് വിശേഷ അധികാരമൊന്നും ഇല്ലെന്നും അദ്ദേഹം സമന്മാരിൽ ഒന്നാമൻ മാത്രമാണെന്നും മററും വാദിക്കുന്നവരുണ്ടു്. അതൊരു മിഥ്യാവാദമാണ്. സമന്മാരിൽ ഒരുവനെ ഒന്നാമനോ, മുമ്പനോ ആക്കിയാൽ ആ നിയമനം കൊണ്ടുതന്നെ അദ്ദേഹത്തിനു് ചില പ്രത്യേക കടമകളും ചുമതലകളും അധികാരങ്ങളും ലഭിക്കും. ലോകമെങ്ങുമുള്ള ഏതെങ്കിലും ഒരു സ്ഥാപനത്തെ നോക്കുക. സമന്മാരായ പല അദ്ധ്യാപകന്മാരുള്ള ഒരു സ്കൂളിൽ ഒരാളെ ഹെഡ്മാസ്റ്ററാക്കിയാൽ അദ്ദേഹം ആ സ്കൂളിലെ ശ്രേഷ്ഠാധികാരി ആയിത്തീരും. അനേകം ക്ളാക്കന്മാരുള്ള ഒരാപ്പീസിൽ അവരിൽ ഒരാളെ ഹെഡ്ക്ളാക്കാക്കിയാൽ അദ്ദേഹത്തിനു് കൂടുതൽ അധികാരവും ചുമതലയും ലഭിക്കും. അനേകം മിനിസ്റ്ററന്മാരുള്ള ഒരു സ്റ്റേററിൽ ഒരാൾ ചീഫ്മിനിസ്റ്ററായാൽ അദ്ദേഹത്തിനു് കൂടുതൽ അധികാരവും കൎത്തവ്യവും ഉണ്ടായിരിക്കും. അതുപോലെ ക്രിസ്തു അപ്പോസ്തലന്മാരിൽ ഒന്നാമനും മുമ്പനും ആക്കിയ പത്രോസിനും സഭയിൽ പരമാധികാരം ഉണ്ടായിരിക്കും. അതുപോലെ അദ്ദേഹത്തിന്റെ പിൻഗാമിയായിവരുന്ന മാർപാപ്പാക്കും സഭയിൽ പരമാധികാരമുണ്ടായിരിക്കും.

www.malankaralibrary.com

മാർപാപ്പായ്ക്കു പരമാധികാരമുണ്ടായിരിക്കാമെങ്കിലും അപ്രമാദിത്വമുണ്ടെന്നു പറയുന്നതു ശരിയല്ല എന്നും സത്യവിശ്വാസം പഠിപ്പിക്കുവാൻ അവരെക്കൊണ്ടു സാധിക്കുകയില്ലെന്നും ആണു മററു ചിലരുടെ അപവാദം. ഈ കുററാരോപണവും ശരിയല്ല. ക്രിസ്തുവിനെ കുരിശിൽതറച്ചു കൊല്ലുന്നതിനുവേണ്ട ഉപായങ്ങളെല്ലാംചെയ്ത പ്രധാനാചാര്യനായ കയ്യാപ്പാ ഒരു പാപിയാണെന്നുഎല്ലാവരും സമ്മതിക്കും. അതിൽ ആക്കും അഭിപ്രായവ്യത്യാസമില്ല. എന്നാൽ ക്രിസ്തുവിനെ കുരിശിൽ തറച്ചുകൊല്ലണമെന്നുള്ള അദ്ദേഹത്തിന്റെ അഭിമതം മോശയുടെ സിംഹാസനത്തിലിരുന്നു പ്രഖ്യാപിച്ചതു "ജനത്തിനുവേണ്ടി ഒരു മനുഷ്യൻമരിക്കുന്നതുനല്ലതാകുന്നു" (യോഹ. 18.14.) എന്നായിരുന്നു. അതു അദ്ദേഹം സ്വയമായി പറഞ്ഞതല്ലെന്നും: അദ്ദേഹം ആ വർഷത്തെപ്രധാനാചാര്യനാകയാൽ പറഞ്ഞ പ്രവചനമാണെന്നുംകൂടി യോഹന്നാൻഎഴുതിയിരിക്കുന്നു.(യോഹ. 11.51.) ഇതിൽനിന്നും പഴയനിയമത്തിലെ പ്രധാനാചാര്യൻ പാപിയായിരുന്നാലും അദ്ദേഹം സത്യവിശ്വാസം ഇന്നതാണെന്നു ഔദ്യോഗികമായി പറയുന്ന പ്രഖ്യാപനം തെററിപ്പോകാതെയിരിപ്പാൻ തക്കവണ്ണം ദൈവം കാത്തുകൊള്ളുമെന്നു വരുന്നു. അതുപോലെ പുതിയ നിയമത്തിലെ സഭയുടെ പരമാധികാരി പ്രഖ്യാപിക്കുന്ന സത്യവിശ്വാസപ്രഖ്യാപനവും തെററിപ്പോകാതെ സഭയിലിരിക്കുന്ന പരിശുദ്ധാത്മാവു കാത്തുകൊള്ളും എന്നു നാം വിശ്വസിക്കേണ്ടതാണു. കത്തോലിക്കാസഭ അങ്ങനെ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അതു എത്രയും ശരിയാണു.

സൊപ്രേന്മാരും പ്രീശേന്മാരും കപടഭക്തരാണെന്നു ക്രീസ്തു കുററപ്പെടുത്തിപറഞ്ഞിട്ടുണ്ടു. അവക്കു ഹാ! കഷ്ടം എന്നു പലപ്രാവശ്യം പ്രഖ്യാപിച്ചിട്ടുമുണ്ടു. എങ്കിലും, സൊപ്രേന്മാരും പ്രീശേന്മാരും മോശയുടെ സിംഹാസനത്തിലിരുന്നു

www.malankaralibrary.com

പറയുന്നതെല്ലാം അനുസരിച്ചു് പ്രവർത്തിപ്പീൻ, എന്നു് ക്രിസ്തു കല്പിച്ചിരിക്കുന്നു. (മത്താ. 23.2-3) ഇതിൽനിന്നും സൊപ്രേന്മാരും പ്രീശേന്മാരും പാപികളായിരുന്നാലും അവരുടെ ഔദ്യോഗിക പ്രഖ്യാപനങ്ങൾ സ്വീകൃതമാണെന്നു് വരുന്നു. അതുപോലെ പുതിയനിയമത്തിലെ പ്രധാനാചാര്യനും പത്രോസിന്റെ പിൻഗാമിയുമായ മാർപാപ്പായുടെ സത്യവിശ്വാസപ്രഖ്യാപനങ്ങളും "അപ്രമാദിത്വമുള്ളതായി" നാം സ്വീകരിക്കേണ്ടതാണു്.

സമാധികാരികളായ പന്ത്രണ്ടു് അപ്പോസ്ഥലന്മാരുടെ സമാധികാരത്തിൻകീഴിൽ സഭയെ വച്ചാൽ അവർതമ്മിലുണ്ടാകാവുന്ന അഭിപ്രായവ്യത്യാസങ്ങൾമൂലം സഭ ഭിന്നിച്ചുപോകും. എന്നു കാണിപ്പാൻ ക്രിസ്തുതന്നെ ഒരു ഉദാഹരണം പറഞ്ഞിട്ടുണ്ടു്. മണലിന്മേൽ വീടു പണിയുന്നവൻ ഭോഷൻ ആണു്. പാറമേൽ പണിയുന്നവൻ ബുദ്ധിമാനാണു്. മണലിന്മേൽ വീടുപണിതാൽ ഓളങ്ങളും തിരമാലകളും വന്നു് അതിന്മേൽ അടിക്കുമ്പോൾ അതു വീണുപോകും. (മത്താ 7.26—27; ലൂക്കാ 6.48-49) ഇതു് അറിയാവുന്ന ക്രിസ്തു തന്റെ സഭയ്ക്കു് ഒരു പരമാധികാരിയെ ആക്കിയില്ലെന്നു് പറയുന്നതു് ശരിയല്ല. പത്രോസ് സഭയുടെ തലവനെന്ന നിലയിൽ ഒന്നും ചെയ്തിട്ടില്ലെന്നാണു് വേറെ ചിലർ പറയുന്നതു് അതും ശരിയല്ല. യഹൂദന്മാരെ ക്രിസ്തീയ മാമോദീസാനല്കി സഭയിൽ ആദ്യമായി ചേർത്തതു പത്രോസിന്റെ കല്പനയാലാണു്. അതുപോലെതന്നെ അഗ്രചർമ്മികളായ വിജാതീയരെ ക്രിസ്തീയ മാമോദീസാനല്കി സഭയിൽ ചേർത്തു കാണിച്ചുകൊടുത്തതും പത്രോസാണു്. അതു കണ്ടശേഷം മററുള്ളവരും അതനുസരിച്ചു പ്രവർത്തിച്ചുവരുന്നു.

ക്രിസ്തുവിനു് അപ്പോസ്ഥലൻ എന്നു് പേരുണ്ടു്. (ഹെബ്രാ 3:1) ആപേരു് എല്ലാ അപ്പോസ്ഥലന്മാർക്കും കൊടുത്തു. ക്രിസ്തുവിനു് പാറ (കീപ്പാ) എന്ന പേരുണ്ടു്. (1 കോറ 10;4) ആ പേരു് മററു് അപ്പോസ്ഥലന്മാർക്കു് കൊടുക്കാതെ പത്രോ

www.malankaralibrary.com

സീൻ് മാത്രമായി കൊടുത്തുകൊണ്ടു് "നീ കീപ്പായാകുന്നു. ഈ കീപ്പാമേൽ ഞാൻ എൻെറസഭയെ പണിയും" എന്നു് കല്പിച്ചു. ഈ പത്രോസ് ആദ്യത്തെ മൂന്നുവർഷം യറുശലേമിലിരുന്നു. അവിടത്തെ സഭയുടെ ചുമതല യാക്കോബിനെ ഏല്പിച്ചശേഷം പത്രോസ് അന്ത്യോഖ്യാസഭയിലേക്കു് മാറി. അവിടെ ഏഴുവർഷം ഇരുന്നു. ആ സഭയുടെ ചുമതല ഏവോദിയോസിനെ ഏല്പിച്ചശേഷം പത്രോസ് റോമായിലേക്കു പോയി. 43 മുതൽ 68 വരെ ഇരുപത്തിയഞ്ചു് കൊല്ലം റോമായിലിരുന്നു. അപ്പോൾ നീറോ ചക്രവർത്തി അദ്ദേഹത്തെ പിടിച്ചു് കുരിശിൽതറച്ചു് കൊല്ലിച്ചു. പത്രോസിൻെറ അപേക്ഷപ്രകാരം തലകീഴായിട്ടാണു് കുരിശിൽ തറച്ചതു്. അദ്ദേഹത്തെ വത്തിക്കാനിൽ അടക്കി.

പത്രോസിൻെറ പിൻഗാമിയായി റോമിൽ ലീനോസിനെ വാഴിച്ചു. ഈ ലീനോസ്. 2. തിമോത്തി. 4. 21–ൽ പറയുന്ന ലീനോസ് തന്നെയാണെന്നു് പറയപ്പെടുന്നു. 79.ൽ അദ്ദേഹത്തെ കൊന്നു. അപ്പോൾ അനാക്ലിററസിനെ വാഴിച്ചു. അദ്ദേഹത്തെകൊന്നപ്പോൾ ക്ലമൻറിനെയും (99–107), അദ്ദേഹത്തെ കൊന്നപ്പോൾ അലക്സാൻറർ പ്രഥമനേയും (107–116) അദ്ദേഹത്തെകൊന്നപ്പോൾ ക്സ്യസ്തോസിനെയും (116–127) വാഴിച്ചു. ഇവർ ക്രിസ്തീയ സഭയുടെ ആകമാനതലവന്മാരായിരുന്നതിനാൽ സഭാംഗങ്ങളെല്ലാം അവരെ പാപ്പാ എന്നു് വിളിച്ചുതുടങ്ങി. ഇവരിൽ ക്ലമൻറിൻെറയും ക്സ്യസ്തോസിൻെറയും കുർബാന തക്സാകൾ ഇന്നും മലങ്കര ഓർത്തഡോക്സ് സഭക്കാർ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ഈ മാർപാപ്പാമാരെയെല്ലാം കബറടക്കിയതും വത്തിക്കാനിൽ തന്നെയാണു്.

കത്തോലിക്കാസഭയിലെ പരമാധികാരമെന്നു് പറയുന്നതു് ലൌകിക ചക്രവർത്തിമാരുടെയും രാജാക്കന്മാരുടെയും

www.malankaralibrary.com

അധികാരം പോലെയാണെന്നാണു് പലരും തെററിദ്ധരിച്ചു പോകുന്നതു്. എന്നാൽ അതു ഏതുവിധമുള്ളതാണെന്നു് ക്രിസ്തു തന്നെ പറഞ്ഞിട്ടുണ്ടു്: "ജാതികളുടെ അധിപന്മാർ അവരിൽ കർത്തൃത്വം ചെയ്യുന്നു എന്നും, മഹത്തുക്കൾ അവരുടെ മേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾ അറിയുന്നുവല്ലോ. എന്നാൽ നിങ്ങളിൽ അപ്രകാരം അരുതു്. നിങ്ങളിൽ മഹാനാകാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനാകണം നിങ്ങളിൽ ഒന്നാമനാകാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ദാസനാകണം. (മത്താ. 20·25–28.) യേശുശിഷ്യന്മാരുടെ പാദപ്രക്ഷാളനം നടത്തിയപ്പോൾ പറയുന്നു: നിങ്ങൾ എന്നെ ഗുരു എന്നും കർത്താവു് എന്നും വിളിക്കുന്നു. ഞാൻ അപ്രകാരമാകയാൽ നിങ്ങൾ പറയുന്നതു ശരിതന്നെ. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ പാദങ്ങളെ കഴുകേണ്ടതാകുന്നു. (യോഹ. 13·13–14.) ക്രിസ്തുവിനെ വിസ്തരിക്കുന്ന സമയത്തു. "നീ യഹൂദന്മാരുടെ രാജാവാകുന്നുവോ" എന്നു് പീലാത്തോസ് ചോദിച്ചു. അതിന്നു് ക്രിസ്തു "ഞാൻ രാജാവാകുന്നു. എന്നാൽ എന്റെ രാജ്യം ഈ ലോകത്തിൽ നിന്നുള്ളതല്ല. ഈ ലോകത്തിൽ നിന്നുള്ളതായിരുന്നെങ്കിൽ ഞാൻ യഹൂദന്മാരുടെ കയ്യിൽ ഏല്പിക്കപ്പെടാതിരിക്കത്തക്കവണ്ണം എന്റെ സേവകന്മാർ പോരാട്ടമായിരുന്നു. എന്റെ രാജ്യം ഇവിടെ നിന്നുള്ളതല്ല സ്പഷ്ടം. (യോഹ 18.36–37.) എന്നും പറഞ്ഞു.

ഇതിൽ നിന്നെല്ലാം ക്രിസ്തീയ നേതാക്കന്മാരുടെ അധികാരം, സേവനത്തിനും ശുശ്രൂഷയ്ക്കും വേണ്ടിയുള്ള ക്രമീകരണം ആണെന്നു് ഗ്രഹിക്കാം. അതിനാലാണു് "ദാസന്മാരുടെ ദാസൻ" എന്ന സ്ഥാനപ്പേർ മാർപാപ്പാമാരുടെ പേരോടു ചേർത്തു പറഞ്ഞുവരുന്നതു്. അനാഥരെ സംരക്ഷിക്കുക, ദരിദ്രരെ സഹായിക്കുക, അറിവില്ലാത്തവരോടുപദേശിക്കുക.

www.malankaralibrary.com

സ്കൂളുകളും കോളേജുകളും സ്ഥാപിച്ചു കുട്ടികളെ ചേർത്തു പഠിപ്പിക്കുക, ആശുപത്രികൾ സ്ഥാപിച്ചു രോഗികളെ ശുശ്രൂഷിക്കുക, സഭയുടെ നിലനില്പിനുവേണ്ട കാര്യവിചാരം നടത്തുക, ക്രിസ്തുവിന്റെ ഉപദേശവും മാതൃകയും മററുള്ളവർക്കു നല്കുക, കുടുംബത്തിൽ ക്രമീകരണം പാലിക്കാനുപദേശിക്കുക, ദൈവാരാധനയും പ്രാർത്ഥനയും അഭ്യസിപ്പിക്കുക, തെററായ നടപടികൾ വിവക്ഷിച്ചുകൊടുക്കുക. ദൈവത്തിന്റെ കരുണയും സ്നേഹവും മനുഷ്യരെ ഗ്രഹിപ്പിക്കുക, മുതലായവ വഴിയായിട്ടാണു് ഈ സേവനം നടത്തുന്നതു്. ഇതിനു് സ്വയപരിത്യാഗികളായ മെത്രാന്മാരും വൈദികരും ബ്രദേഴ്സും സിസ്റ്റേഴ്സും വേണം. അവരെ സഭ കൂട്ടിച്ചേർക്കുകയും ചെയ്യുന്നു.

അപ്പോസ്തലൻ എന്ന പേരു് യേശുവിന്റേതാണു്. (എബ്രാ.3·1) ദൈവത്താൽ അയക്കപ്പെട്ടവൻ എന്നാണു് അതിന്റെയർത്ഥം. ക്രിസ്തുവിനെ കാണുകയും കേൾക്കുകയും ചെയ്തിട്ടുള്ള നേതാക്കന്മാരെ മാത്രമെ അപ്പോസ്തലൻ എന്നു് വിളിച്ചിട്ടുള്ളു. അവർക്കു് പിൻഗാമികളെ വാഴിക്കേണ്ടി വന്നു. ക്രിസ്തുവിനെ നേരിട്ടു് കാണുകയും കേൾക്കുകയും ചെയ്തിട്ടുള്ളവർ ഇല്ലാതായി. ക്രിസ്തുവിനു് അദ്ധ്യക്ഷൻ എന്നു് പേരുണ്ടു്. (1പത്രൊ.2·25) അപ്പോസ്തലന്മാരുടെ സ്ഥാനത്തു് പിന്നീടു വാഴിച്ചിട്ടുള്ളവരെ അദ്ധ്യക്ഷൻ എന്ന അർത്ഥത്തിൽ എപ്പിസ്ക്കോപ്പാ എന്നും ബിഷപ്പ് എന്നും വിളിച്ചുതുടങ്ങി. (അപ്പോ.പ്ര.20·28) (1തിമൊ.3·1-2) (തീത്തോ 1.7) ഫിലി.1.1) അപ്പോസ്തലന്മാരും ബിഷപ്പന്മാരും അധികാരത്തിലും സ്ഥാനത്തിലും സമന്മാരാണു്. ക്രിസ്തുവിനെ കണ്ടിട്ടുള്ളവരും കണ്ടിട്ടില്ലാത്തവരും എന്നുള്ള വ്യത്യാസമാണു് അവർതമ്മിലുള്ളതു്. പല പള്ളികളുണ്ടായപ്പോൾ ഓരോ പള്ളിക്കും മൂപ്പന്മാരായ വൈദികരെ കൈവെയ്പു് കൊടുത്തു ഇവർ വാഴിച്ചുവന്നു. (അപ്പോ. പ്ര. 14.23.)

www.malankaralibrary.com

പൌലൂസ് തീമോത്തിയോസിൻെറ പേൎക്കു് ഇങ്ങനെ എഴുതിയിരിക്കുന്നു: "എൻെറ കൈവെയ്പിനാൽ അങ്ങേക്കു് ലഭിച്ച ദൈവ വരത്തെ ജ്വലിപ്പിക്കണം. (2. തീമൊ. 1,6.) യാതൊരുവൻെറമേലും ധൃതിയായി കൈവയ്ക്കരുതു്.(1. തീമൊ. 5 22.) ജനത്തെ തൎജ്ജനംചെയ്തു പ്രബോധിപ്പിക്കണം. (2. തീമൊ. 4.2) ഈ വാക്യങ്ങളിൽനിന്നെല്ലാം മൂപ്പന്മാരായ വൈദികരെ വാഴിച്ചു പള്ളികളിൽ നിയമിക്കുവാനുള്ള എപ്പിസ്കോപ്പാസ്ഥാനം, അതായതു് ബിഷപ്പ്സ്ഥാനം, ആയിരുന്നു പൌലൂസിൻെറ കൈവയ്പു മൂലം തീമോത്തിയോസിനു് ലഭിച്ചതെന്നു് ഗ്രഹിക്കാം. അതുപോലെതന്നെ പൌലൂസ് തിത്തോസിൻെറ പേൎക്കു് ഇങ്ങനെ എഴുതിയിരിക്കുന്നു: "ഞാൻ ക്രേത്തയിൽ അങ്ങെ ആക്കിയേച്ചു് പോന്നതു് ബാക്കി കാൎയ്യങ്ങൾ ക്രമീകരിക്കുന്നതിനും പട്ടണം തോറും കശീശന്മാരെ—അതായതു മൂപ്പന്മാരായ വൈദികരെ — നിയമിക്കുന്നതിനും ആയിരുന്നുവല്ലോ. (തീത്തോ.1.5) ഇതിൽനിന്നു, വൈദികരെ വാഴിച്ചു പള്ളികളിൽ നിയമിക്കുവാനുള്ള ബിഷപ്പ്—എപ്പിസ്കോപ്പ—സ്ഥാനമായിരുന്നു തിത്തോസിനു നല്കിയിരുന്നതെന്നു ഗ്രഹിക്കാം. തീമോത്തിയോസിനേയും തിത്തോസിനെയും അപ്പോസ്തലന്മാരെന്നു് വിളിച്ചിട്ടില്ലം അവരെ ബിഷപ്പ്—എപ്പിസ്കോപ്പാ—എന്നത്രേ വിളിച്ചുവന്നതു്. ഇങ്ങനെ അപ്പോസ്തലന്മാരുടെ കാലത്തുതന്നെ സഭയുടെ പരമാധികാരിയായ പത്രോസിൻെറ സ്ഥാനത്തു് ഒരു പൊതു പിതാവായി മാർപാപ്പായേയും അപ്പോസ്തലന്മാരുടെ സ്ഥാനത്തു് ബിഷപ്പ്—എപ്പിസ്കോപ്പാ—മാരെയും, അറിയിപ്പുകാരുടെ സ്ഥാനത്തു മൂപ്പന്മാരായ വൈദികരെയും ശുശ്രൂഷകന്മാരുടെ സ്ഥാനത്തു ശെമ്മാശന്മാരെയും വാഴിക്കുന്ന പതിവു് സഭയിൽ ആരംഭിച്ചിരുന്നുഎന്നു് കാണാം. പിന്നീടു സഭ വളൎന്നുവന്നതിനോടുകൂടെ ഈ വൈദികപട്ടവി

www.malankaralibrary.com

കളിലോരോന്നിലും വിവിധ പേരുകളോടുകൂടിയ സ്ഥാനി കളുമുണ്ടായി.

സഭയുടെ ഈ ക്രമീകരണങ്ങളും വളർച്ചയും അന്നത്തെ റോമാചക്രവർത്തിമാരുടെയും, യഹൂദപ്രമാണികളുടെയും അഭിമതങ്ങൾക്ക് ചേർന്നിരുന്നില്ല. അതിനാൽ അവർ ക്രിസ്ത്യാനികളെ നശിപ്പിക്കുവാൻ ശ്രമിച്ചു. നീറോ (54.68·) ഡയോക്ലീഷൻ (284-305) മുതലായ ചക്രവർത്തിമാരുടെ കാലത്തായിരുന്നു ഈ മതപീഡനം അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തിയതു്. യേശുക്രിസ്തുവിനെ ഒരു രക്ഷകനായി വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവരെ അവർ തിരഞ്ഞു പിടികൂടി. ചിലരെ കുരിശിൽ തറച്ചും ചിലരെ തല വെട്ടിയും, ചിലരെ കുതിരക്കാലിൽകെട്ടിയിട്ടു തെരുവിൽകൂടെ ഓടിച്ചും ചിലരെ സിംഹക്കുഴിയിലിട്ടും ചിലരെ തിളയ്ക്കുന്ന എണ്ണയിൽ പിടിച്ചിട്ടുംമററും അതി നിഷ്ഠൂരമായ വിധത്തിൽ കൊന്നു. മൂന്നുറുവർഷങ്ങൾക്കിടയിൽ ഇത്തരം പത്തു വലിയ മതപീഡനങ്ങളാണു് റോമാ ചക്രവർത്തിമാർനടത്തിയിട്ടുള്ളതു്.

എന്നാൽ അന്നത്തെ ക്രിസ്ത്യാനികൾ ആകട്ടെ, യേശു മരിച്ചശേഷം ഉയിർത്തെഴുന്നേററ് സ്വർഗ്ഗാരോഹണം ചെയ്തതു പോലുള്ള പ്രതിഫലം തങ്ങൾക്കും ലഭിക്കും എന്നുള്ള വിശ്വാസത്തിൽ ഉറപ്പുള്ളവരായിരുന്നു. അതിനാൽയാതൊരു മടിയും കൂടാതെ അവർ അതെല്ലാം സഹിച്ചു. അങ്ങനെ മരിക്കുന്നവരെ വിശുദ്ധന്മാരായി കരുതി അവരുടെ മരണദിവസം ക്രിസ്തീയ സഭയുടെ പഞ്ചാംഗത്തിൽചേർത്തു അവരുടെ മാതൃകാജീവിതം അനുസ്മരിച്ചുവന്നു. പ്രോട്ടസ്റ്റന്റ് സഭക്കാർ ഇതു പാടില്ലെന്നു വിലക്കീട്ടും കത്തോലിക്കർ അവരെയെല്ലാം ഇന്നും ഓർത്തു കൊണ്ടിരിക്കുന്നു. ഈ മതപീഡനകാലത്തു് ക്രിസ്ത്യാനികൾക്കു ഭൂമുഖത്തു് ദൈവാരാധന നടത്തുവാൻ ഗവണ്മെൻറ് അനുവദിച്ചിരുന്നില്ല. അതിനാൽ ഭൂഗർഭാലയങ്ങൾ ഉണ്ടാക്കി, അവയിലിറങ്ങി അവരുടെ ആരാധനയും, പരേതരുടെശവസംസ്കാ

www.malankaralibrary.com

രവും നടത്തിക്കൊണ്ടിരുന്നു. റോമിലെ പല ഭാഗങ്ങളി ലായി ഇന്നും കാണാവുന്ന ഈ ഭൂഗർഭാലയങ്ങളുടെ നീളം കണക്കാക്കിയാൽ എല്ലാംകൂടി ഇരുപത്തിഎട്ടു നാഴിക ദൂരം വരുമെന്നാണു് പറയപ്പെടുന്നതു്.

ഒടുവിൽ റോമായിലെ ചക്രവർത്തിയായി വന്ന കോൺസ്റ്റൻറയിൻ മാനസ്സാന്തരപ്പെട്ടു ക്രിസ്ത്യാനിയായി. അദ്ദേഹം ആ മതപീഡനം നിവൃത്തിലാക്കി. ഗവണ്മെൻറു കണ്ടുകെട്ടിയിരുന്ന ദേവാലയങ്ങളെല്ലാം തിരിച്ചുകൊടുത്തു. ആ ദിവസം "ഹൂദേസ ഈത്താ" പെരുനാളായി ഇന്നും ആചരിച്ചു വരുന്നു. ചക്രവത്തിമാരുടെ പിൻതുണയോടുകൂടെ, 325–ൽ നിക്കിയായിൽവച്ചും, 381–ൽ കോൺസ്റ്റാൻറിനോപ്പിളിൽ വച്ചും, 431–ൽ എപ്പേസൂസിൽവച്ചും ഓരോ സാർവ്വത്രിക സൂഹന്നഹദോസ് നടത്തി. സഭയുടെ വിശ്വാസപ്രമാണംമുതലായവ, രേഖപ്പെടുത്തിവച്ചു. അതനുസരിച്ചു് ശ്ലൈഹീകവും പരിശുദ്ധവുമായ ഏക കത്തോലിക്കാ സഭയിലും ഞാൻ വിശ്വസിക്കുന്നു എന്നു് കേരളത്തിലുള്ള എല്ലാ സുറിയാനി സഭക്കാരും ഇന്നും ചൊല്ലിവരുന്നു. ക്രിസ്തു സ്ഥാപിച്ച ഈ സഭയെ അനുസരിച്ചു് നില്ക്കാത്തവരോടുആയി കത്താവു് ഇങ്ങനെ കല്പിച്ചിരിക്കുന്നു: "ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ചു് നാണിച്ചാൽ അവരെ കുറിച്ചു മനുഷ്യപുത്രൻ തന്റെ മഹത്വത്തിൽ വരുമ്പോഠ പിതാവിന്റെ അടുക്കൽ അവക്കു്വേണ്ടി മദ്ധ്യസ്ഥത പറയുവാൻ നാണിക്കും. (ലൂക്കോ.9.26) നാം അനുഓത്തിരിക്കേണ്ടതാണു്. ക്രിസ്തുവിന്റെ ഈ മുന്നറിയിപ്പുകഠ ഓത്തു് മലങ്കരസുറിയാനി സഭകളെങ്കിലും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു്, മാർപാപ്പയെ സഭാ തലവനായി സ്വീകരിച്ചു്, ഇൻഡ്യയിൽ സുവിശേഷഃവല ചെയ്യേങ്കിൽ എത്രയോ കൂടുതൽ നല്ല ഫലമുണ്ടാകുമായിരുന്നു. ചിന്തിപ്പാൻ കഴിവുള്ളവർ ചിന്തിച്ചു നോക്കട്ടെ.

www.malankaralibrary.com

# അദ്ധ്യായം 4.

## തിരു സഭയിലെ പൌരോഹിത്യവും കൂദാശകളും.

യേശു ക്രിസ്തുവിൻെറ ഉപദേശങ്ങളും, കർമ്മാദികളും മനുഷ്യരെ പഠിപ്പിച്ചു. അവരെ സ്വർഗ്ഗാധിവാസത്തിനു യോഗ്യരാക്കിത്തീർക്കുന്നതിനു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണു തൻെറ സഭയും, പൌരോഹിത്യവും, കൂദാശകളും. സഭ ക്രിസ്തുവിൻെറ ആത്മാവു ഇരിക്കുന്ന ശരീരമാണു (എഫേ. 1.23.). മനുഷ്യരെ ആത്മാവും ശരീരവും ഉള്ളവരായിട്ടാണു ദൈവം സൃഷ്ടിച്ചിരിക്കുന്നതു. ശരീരത്തെ ബലപ്പെടുത്തി നിറുത്തുന്നതിനുള്ളതാണു അസ്ഥികൾ. സഭയേയും സഭാംഗങ്ങളെയും ബലപ്പെടുത്തി നിറുത്തുന്നതിനുള്ള അസ്ഥികളാണു സത്യവിശ്വാസം. ക്രിസ്തുവിൻെറ അസ്ഥി ഒടിക്കപ്പെടുകയില്ലെന്നു പഴയനിയമത്തിലും പുതിയനിയമത്തിലും പറഞ്ഞിട്ടുണ്ടു. (സങ്കീ. 34. 20; യോഹ. 19 36 ) സത്യവിശ്വാസം ഭേദിക്കപ്പെടുകയില്ല. എന്നാൽ പലരും അതിനെ അവഗണിച്ചു പ്രവർത്തിക്കുന്നുണ്ടു. തിരുസഭയുടെ രക്ത ധമനികളാണു സഭയിലെ വൈദികവൃന്ദം. അവർവഴിയായിട്ടാണു, ക്രിസ്തുവിൻെറ കൃപാവരങ്ങളാകുന്ന ജീവരക്തം സഭാംഗങ്ങളുടെ ജീവിതഘട്ടങ്ങളിലേക്കു ഒഴുക്കിക്കൊടുക്കുന്നതു. ഇവയെ അവഗണിച്ചു പ്രവർത്തിക്കുന്നവരും ഉണ്ടു.

www.malankaralibrary.com

മനുഷ്യകുലം നിലനില്ക്കുന്നതിനു് ഏഴു പ്രധാനസംഗതികൾ വേണം. 1. ജനനംവേണം, ജനിക്കാതെ മനുഷ്യൻ ഉണ്ടാകുന്നില്ല. 2. ജനിച്ച മനുഷ്യൻ വായുവും വെളിച്ചവും ഉള്ള ഒരു അന്തരീക്ഷത്തിൽ ജീവിക്കണം. അല്ലെങ്കിൽ അവന്റെ ജീവൻ നഷ്ടപ്പെടും. 3. മനുഷ്യനു് ശുചീകരണം വേണം. കുളിച്ചും കഴുകിയും അവന്റെ ശരീരം വൃത്തിയാക്കിക്കൊണ്ടിരിക്കണം. അല്ലെങ്കിൽ രോഗിയായിത്തീരും. 4. മനുഷ്യൻ ആഹാരപാനീയങ്ങൾ കഴിക്കണം. അല്ലെങ്കിൽ മെലിഞ്ഞുപോകും. 5. മനുഷ്യനു് വിവാഹം വേണം. അതില്ലെങ്കിൽ അവൻ സന്താനപരമ്പരയാനിലനില്ക്കുകയില്ല. 6. മനുഷ്യൻ ഒരു സാമൂഹ്യജീവിയാകയാൽ അവനു ഭരണകർത്താക്കളും, നിയമങ്ങളും വേണം. അല്ലെങ്കിൽ അവർ ചിന്നിചിതറിപോകും. 7. മനുഷ്യനു് രോഗം വന്നാൽ ചികിത്സ വേണം. അല്ലെങ്കിൽ പെട്ടെന്നു് മരിച്ചുഎന്നുവരാം. മനുഷ്യന്റെ ശാരീരികമായ നിലനില്പിനു ആവശ്യമായ ഈ ഏഴു സംഗതികൾപോലെ അവന്റെ ആത്മിക നിലനില്പിനും ഏഴു സംഗതികൾ വേണം. അവയെത്രെ തിരുസഭയുടെ ഏഴു കൂദാശകൾ എന്നും സപ്തസ്രോതസ്സുകൾ എന്നും പറഞ്ഞുവരുന്നതു്. ഇനിയും അവയിൽ ഓരോന്നിനെ കുറിച്ചും പറയാം.

## ഒന്നാമത്തെ കൂദാശ മാമോദീസാ.

മനുഷ്യജീവിതം തുടങ്ങുന്നതു് ജനനത്താലാണു്. ജനിക്കാതെ ആരും ഉണ്ടാകുന്നില്ല. ഒരു ക്രിസ്ത്യാനിയുടെ ആത്മാകജനനം ആണു് മാമോദീസാ. അതു ഏൽക്കാതെ ആരും ക്രിസ്ത്യാനിയാകുന്നില്ല, "ഒരുവൻ വെള്ളത്തിൽ നിന്നും ആത്മിവിൽ നിന്നും വീണ്ടും ജനിക്കുന്നില്ലെങ്കിൽ അവൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നില്ല. (യോഹ. 3 5.) എന്നു് ക്രിസ്തു പറഞ്ഞിരിക്കുന്നു. ഇവിടെ സ്വർഗ്ഗരാജ്യം എന്നു് പറഞ്ഞിരിക്കുന്നതു് ക്രിസ്തീയ സഭയെ ഉദ്ദേശിച്ചാണു്.

www.malankaralibrary.com

എന്നാൽ വീണ്ടും ജനനം മാമോദീസായാലല്ലെന്നും അൻതാപത്താലാണ് ലഭിക്കുന്നതെന്നും പറയുന്നവരുണ്ട്. അതു ശരിയല്ല. "പുനർജനനകുളി" എന്നാണ് വീണ്ടും ജനനത്തിന് പൌലൂസ് ഉപയോഗിച്ചിരിക്കുന്ന പേരു്. (തീ: അ3.6.) ആകയാൽ വീണ്ടും ജനനമെന്നു പറയുന്നതു് മാമോദീസാ തന്നെയാണ്. അതുപോലെതന്നെ വിശ്വാസം ഏററു പറയുവാൻ ശേഷിയില്ലാത്ത കുഞ്ഞുങ്ങളെ സ്നാനപ്പെടുത്താൻ പാടില്ലെന്നു് ശഠിക്കുന്നവരുണ്ടു്. ആ ശാഠ്യവും ശരിയല്ല. ക്രിസ്തു മരിച്ചവരെ ഉയിപ്പിച്ചിട്ടുണ്ടു്. അതു വിശ്വാസം ഏററുപറഞ്ഞിട്ടല്ല. നമ്മിലേക്കുള്ള ദൈവകൃപയെ തടയുന്നതു് നമ്മുടെ അവിശ്വാസമാണ്. ശിശുക്കൾക്കു് അവിശ്വാസം ഇല്ല. അതിനാൽ അവരെ സ്നാനപ്പെടുത്താം. അവിശ്വസിക്കുവാൻ തക്ക പ്രായമായെങ്കിൽ അവർ വിശ്വാസം ഏററു പറഞ്ഞുതന്നെ സ്നാനം (മാമോദീസാ) ഏല്ക്കണം.

ഒരിക്കൽ യേശു തൻെറ സ്വന്തപട്ടണത്തിൽ ചെന്നു. അവർ തന്നെ അവിശ്വസിച്ചു. അവരുടെ അവിശ്വാസം നിമിത്തം അവിടെ വലിയശക്തികളൊന്നും പ്രവർത്തിക്കുവാൻ യേശുവിനു് കഴിയാതെപോയി എന്നെഴുതിയിരിക്കുന്നു. (മർക്കൊ.6:1-6) ആകയാൽ അവിശ്വാസം പാടില്ല. ഒരുവൻെറ പ്രാപ്തിക്കു് അതീതമായതൊന്നും ദൈവം ഒരുവനോടും ആവശ്യപ്പെടുകയില്ല. ആകയാൽ വിശ്വാസം ഏററുപറയുവാൻ ശേഷിയില്ലാത്ത കുഞ്ഞുങ്ങളെ, അവരുടെ മാതാപിതാക്കൾ അവരെ സത്യവിശ്വാസത്തിൽ വളർത്തികൊള്ളാമെന്നു് ഏല്ക്കുന്നപക്ഷം സ്നാനപ്പെടുത്താം.

ജ്ഞാനസ്നാനം എന്താണെന്നു് നാം ഗ്രഹിച്ചിരിക്കണം. പാപികളെ ക്രിസ്തുമൂലമുള്ളരക്ഷയിലേക്കു് ദത്തെടുക്കുന്ന—അല്ലെങ്കിൽ വീണ്ടും ജനിപ്പിക്കുന്ന—ഒരുകർമ്മമാണു് മാമോദീസാ. നമ്മുടെ ആദ്യമാതാപിതാക്കന്മാർ പാപംചെയ്തു. അടിമ

www.malankaralibrary.com

കളായി. അടിമകളുടെ സന്താനങ്ങളും അടിമകളാണ്. ക്രിസ്തു നമ്മുടെ പാപങ്ങൾക്ക് വേണ്ടി തിരുവെഴുത്തിൻപ്രകാരം മരിച്ച് (1 കൊറ.1[illegible]3.) നമ്മെ വീണ്ടെടുക്കുവാനുള്ള വിലയർത്ഥം സമ്പാദിച്ചുവച്ചു. ആ വിലയർത്ഥത്തിൽ നിന്ന് കൊടുത്ത് നമ്മെ മക്കളുടെ സ്ഥാനത്തിലേക്ക് ദത്തെടുക്കുന്നതാണ്–അതായത് വീണ്ടും ജനിപ്പിക്കുന്നതാണ്–മാമോദീസാ. നാം പുത്രത്വം പ്രാപിക്കേണ്ടതിന് ക്രിസ്തു നമ്മെ വിലയ്ക്കു വാങ്ങി. (ഗലാ.4.5) എന്നും നമ്മെ തനിക്ക് ദത്തെടുക്കേണ്ടതിനായി സ്നേഹത്താൽ ദൈവം മുൻ നിയമിച്ചു (എഫേ. 1.5) എന്നും "നാം മക്കളെങ്കിലോ അവകാശികളും ആകുന്നു. ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും തന്നെ. (റോമ. 8.17.) എന്നും പൌലൂസ് എഴുതിയിരിക്കുന്നു. ആകയാൽ നാം ജ്ഞാനസ്നാനം–മാമോദീസാ–സ്വീകരിച്ചാൽ അതേവരെയുള്ള നമ്മുടെ പാപം മോചിച്ചു കിട്ടുകയും, സ്വർഗ്ഗരാജ്യത്തിന്റെ–നിത്യരക്ഷയുടെ–അവകാശികളായി തീരുകയും ചെയ്യും. അങ്ങനെയുള്ളവർ വീണ്ടും പാപം ചെയ്തുപോയാൽ അവരെ പിന്നെയും സ്നാനപ്പെടുത്തേണ്ടയാവശ്യമില്ല. അതിനാണ് കുമ്പസാരം–പാപമേറ്റു പറഞ്ഞു മോചനം വാങ്ങൽ വച്ചിരിക്കുന്നത്.

നിസ്സാരകാരണങ്ങളാൽ ശിശുക്കൾക്ക് മരണം സംഭവിക്കാം. ശിശുക്കൾക്കും ആത്മാവുണ്ട്, അവക്ക് ആത്മരക്ഷയും സ്വർഗ്ഗാവകാശവും ലഭിക്കണമെങ്കിൽ അവരെ സ്നാനപ്പെടുത്തിയിരിക്കണം. പൌലൂസ് ഫിലിപ്പിയായിലെ പുഴവക്കത്ത് കുളിക്കാൻ വന്നുകൂടിയ സ്ത്രീകളോടു പ്രസംഗിച്ചു. അപ്പോൾ പൌലൂസ് പറയുന്നതു ശ്രദ്ധിപ്പാൻ കർത്താവു ലുദിയാ എന്നൊരു സ്ത്രീയുടെ ഹൃദയത്തെ തുറന്നു എന്നും, അവളും കുടുംബവും സ്നാനമേറ്റു എന്നും എഴുതിയിരിക്കുന്നു. (അപ്പോ. പ്ര. 16. 14-15) ലുദിയായുടെ വിശ്വാസം സ്വീകരിച്ചുകൊണ്ട് പൌലൂസ് സ്നാനപ്പെടുത്തിയ കുടുംബം അവളുടെകൂടെ ഉണ്ടായിരുന്ന കുഞ്ഞുങ്ങൾ അത്രേ. ആ പിഞ്ചുകുഞ്ഞുങ്ങളെ

www.malankaralibrary.com

ഉദ്ദേശിച്ചാണ് അവിടെ കുടുംബം എന്നു് പറഞ്ഞിരിക്കുന്നതു്. അവരെ ലുദിയായുടെ വിശ്വാസം സ്വീകരിച്ചുകൊണ്ടു് സ്നാനപ്പെടുത്തി. അവിശ്വസിക്കുവാൻ തക്ക പ്രായമായ കുടുംബാംഗങ്ങൾ വല്ലവരുമായിരുന്നു എങ്കിൽ അവർ ഓരോരുത്തരും വിശ്വാസം ഏററു പറയേണ്ടതായിരുന്നു. അങ്ങിനെ അവർ ഏററു പറഞ്ഞതായി കാണുന്നില്ല. അതുപോലെതന്നെ കാരാഗ്രഹപ്രമാണിയും അദ്ദേഹത്തിനുള്ള എല്ലാവരും ക്ഷണത്തിൽ സ്നാനമേററു എന്നു് പറഞ്ഞിരിക്കുന്നു. (അപ്പോ.പ്ര.16 33.) അതിൽ കുഞ്ഞുങ്ങളും കണ്ടേക്കാം. സ്തേപ്പാനോസിൻെറ ഭവനക്കാരെയും സ്നാനപ്പെടുത്തി (1കൊറി. 1.16.) അതിലും കുഞ്ഞുങ്ങൾ ഉൾപെട്ടിരിക്കാം അവരെ ഒഴിവാക്കിയതായി പറയുന്നില്ല "കുഞ്ഞുങ്ങളെ എൻെറ അടുക്കൽ വരുവാൻ വിടുവിൻ. അവരെ വിരോധിക്കരുതു്. സ്വർഗ്ഗരാജ്യം ഇപ്രകാരമുള്ളവരുടെതാകുന്നു. (മത്താ 19.14.) എന്നു് ക്രിസ്തു ആഹ്വാനം ചെയ്തിരിക്കുന്നു. ആകയാൽ ശിശുസ്നാനം വിലക്കുന്നതു തെററാകുന്നു.

ശരീരത്തിൻെറയും മററും ശുചീകരണത്തിനുള്ള ഒന്നാണ് വെള്ളം. മാമോദീസാ ജന്മപാപത്തിൽ നിന്നും അതേവരെയുള്ള കർമ്മപാപത്തിൽ നിന്നും കഴുകിശുദ്ധീകരിക്കുന്ന ഒന്നാകയാലാണ്, വെള്ളത്തെ മാമോദീസായ്ക്കുള്ള ഒരു കർമ്മസാധനമായി ക്രിസ്തുവച്ചിരിക്കുന്നതു്. എന്നാൽ ചിലർ ആറുകളിലും തോടുകളിലും കുളങ്ങളിലും മററുജലാശയങ്ങളിലും കൊണ്ടുപോയി മുക്കിയെങ്കിലെ മാമോദീസാ ആകയുള്ളൂ എന്നു് പറഞ്ഞു് പള്ളിയിൽവച്ചു് സ്നാനമേററവരെപ്പോലും ആററിലുംകുളത്തിലും മററും കൊണ്ടുപോയിരണ്ടാമതും മുക്കുന്നു. ജ്ഞാനസ്നാനം ഒരു ജനനമാണ്. അതുഒരിക്കലെഉള്ളൂ. യോഹന്നാൻ സ്നാപകനു തന്നെയും മരുഭൂമിയിൽവച്ചു് സ്നാനപ്പെടുത്തീട്ടുണ്ടു്. (മർക്കോ.1.4 ). മരുഭൂമിഎന്നു് പറയുന്നതു് ആറും

www.malankaralibrary.com

കുളവും ഒന്നുമില്ലാത്ത സ്ഥലങ്ങളാകാണല്ലോ. അങ്ങിനെയുള്ള സ്ഥലത്തുവച്ച് സ്നാനപ്പെടുത്തിയതു് വെള്ളംപാത്രത്തിൽ കൊണ്ടുവന്നായിരിക്കണം.

പെന്തിക്കോസ്തു് ദിവസത്തിൽ മൂവായിരംപേർ യറുശലേമിൽവച്ച് സ്നാനമേററു (അപ്പോ.പ്ര.2.41). അപ്പോസ്ഥലന്മാർ കൂടിയിരുന്ന സ്ഥലത്തുവച്ചാണ് അവരെസ്നാനപ്പെടുത്തിയതു്. ആററിലോ തോട്ടിലോ കൊണ്ടുപോയതായി പറയുന്നില്ല. പീലിപ്പോസിൻെറ പ്രസംഗം കേട്ടു് ശമറിയായിൽ വച്ചു അനുതപിച്ചവരെ അവിടെ വച്ചു് തന്നെ സ്നാനപ്പെടുത്തി അപ്പോ.പ്ര 8.12. പൌലൂസിനെ യൂദായുടെ ഭവനത്തിൽ വച്ചു് അനനിയാസ് സ്നാനപ്പെടുത്തി. (അപ്പോ.പ്ര.9.18.)അദ്ദേഹത്തേയും ജലാശയങ്ങളിലേക്ക്കൊണ്ടുപോയില്ല. പിന്നീടു വിജാതിയരിൽ നിന്നുചേർന്ന കൊർണ്ണേലിയോസിനേയും അദ്ദേഹത്തിൻെറ വീട്ടുകാരെയും അവരുടെ ഭവനത്തിൽ വച്ചു് തന്നെ സ്നാനപ്പെടുത്തി (അപ്പോ.പ്ര.10.48.). ഇങ്ങനെ ജലാശായങ്ങളിലേക്ക് കൊണ്ടുപോകാതെ നടത്തിയ പല സ്നാനങ്ങളെപ്പററി വേദപുസ്തകത്തിൽ പറയുന്നുണ്ടു്. അതെല്ലാം അവഗണിച്ചു, ആററിലും കുളത്തിലും മററും കൊണ്ടുപോയി മുക്കണമെന്നും, മലത്തി മുക്കണമെന്നും ശഠിച്ചു കൊണ്ടു് യുവതികളെയും യുവാക്കന്മാരെയും മററും പിടിച്ചു മലത്തിമുക്കുന്നതു അശ്ലീലവും ജുഗുപ്സാവഹവുമാണു്. ആററിൽവച്ചു് സ്ത്രീകളെ മലത്തി മുക്കണമെങ്കിൽ, അവരുടെ കാൽ ഇളകിപ്പോകാതെ ചവുട്ടിപിടിച്ചിരിക്കണം. മുക്കിപ്പൊക്കുന്നതിനു്വേണ്ടി ഒരു കൈ അവരുടെ മാർവിലും മറെറ കൈ അവരുടെ പുറത്തും ആയിപിടിച്ചിരിക്കണം. ആങ്ങിനെ മുക്കുകയും പൊക്കുകയും വേണം. അതിലേക്കു് അത്ര നാണം കെട്ടു്വരുന്ന സ്ത്രീകളും ചുരുക്കമായിരിക്കും.

www.malankaralibrary.com

# രണ്ടാമത്തെ കൂദാശ മൂറോൻ അഭിഷേകം.

ജനിച്ച ഒരു കുഞ്ഞിന്റെ ജീവൻ നിലനില്ക്കണമെങ്കിൽ, ആ കുഞ്ഞിനെ വായുവും വെളിച്ചവുമുള്ള ഒരു അന്തരീക്ഷത്തിൽ വളർത്തണം. അല്ലെങ്കിൽ രോഗം പിടിപെട്ടു് മരിച്ചുപോകും. മാമോദീസാമൂലം വീണ്ടും ജനിച്ചയാളും അതുപോലെ ഒരു ക്രിസ്തീയ അന്തരീക്ഷത്തിലും ക്രിസ്തീയ കൂട്ടായ്മയിലും ജീവിക്കണം. അതായതു ക്രിസ്തീയ പ്രാർത്ഥനകളിലും, വി. കുർബാനയിലും, കുമ്പസാരത്തിലും മററു വൈദിക കർമ്മാദികളിലും, സൺഡെസ്കൂൾ പഠനത്തിലും മററും സംബന്ധിച്ചു ജീവിക്കണം. അങ്ങിനെ ചെയ്യില്ലെങ്കിൽ, മാമോദീസായിൽ ലഭിച്ച ആത്മീകജീവൻ നഷ്ടപ്പെട്ടു എന്നു് വരാം. അങ്ങിനെ വരാതിരിപ്പാൻ തക്കവണ്ണം കുഞ്ഞിനെയും രക്ഷകർത്താക്കളെയും ചുമതലപ്പെടുത്തിവേണ്ട ദൈവാനുഗ്രഹങ്ങൾ നല്കുന്ന ഒരു കൂദാശയാണു് മൂറോനഭിഷേകം. പൌലൂസ് പറയുന്നു "ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും. അതിലേക്കു് നമ്മെ തൈലാഭിഷേകം ചെയ്തതും ദൈവമാണല്ലോ. (2.കോറ.1-21.) ഈ തൈലാഭിഷേകമാണു മൂറോനഭിഷേകം എന്നുപറയപ്പെടുന്നസ്ഥിരീകരണം. ഈകർമ്മം മൂലം ഒരു ക്രിസ്തീയ അന്തരീക്ഷത്തിൽ ജീവിക്കുവാനുള്ള കടമ സ്നാനമേല്ക്കുന്നവരിലും, അവരെ അങ്ങിനെ വളർത്തുവാനുള്ള ചുമതല രക്ഷകർത്താക്കളിലും ഭരമേല്പിക്കപ്പെടുന്നു. ആദ്യത്തെ പെന്തിക്കോസ്തു് ദിവസത്തിൽ സ്നാനമേററവർ, അപ്പോസ്ഥലന്മാരുടെ ഉപദേശത്തിലും കൂട്ടായ്മയിലും, അപ്പംനുറുക്കുന്നതിലും അതായതു് വി. കുർബാനയിലും, പ്രാർത്ഥനകളിലും ഉററിരുന്നു (അ.പ്ര .പ്ര 2.42 ) എന്നും. അവർദിനം പ്രതിദേവാലയത്തിൽ ധ്യാനിച്ചും. അപ്പംനുറുക്കിൽ—കുർബാനയിൽ—സംബന്ധിച്ചും ഏദയപരമാർത്ഥതപൂണ്ടും ഇരുന്നു. (അ.പ്ര.പ്ര.2.46.) എന്നും നാം വായിക്കുന്നു. എന്നാൽ ജലാശയങ്ങളിൽ കൊണ്ടുപോയി

www.malankaralibrary.com

മുക്കുന്ന പെന്തിക്കോസ്തുകാരും ദൈവസഭക്കാരും ബ്രദറൻ സഭക്കാരും അതുപോലുള്ള മററു പുതിയ സഭക്കാരും ഇത്തരം അന്തരീക്ഷത്തിൽ തങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തുന്നതായികാണുന്നില്ല. അതു അവർക്കും അവരുടെ അനുയായികൾക്കും ദോഷകരമാണെന്നു് അവർ മനസ്സിലാക്കണം.

## മൂന്നാമത്തെ കൂദാശ കുമ്പസാരം

മനുഷ്യന്റെ ശരീരം വിയർത്തും അഴുക്കു് പുരണ്ടും മററും വൃത്തിഹീനമാകും. അതു കഴുകിയും കുളിച്ചും വൃത്തിയാക്കികൊണ്ടിരിക്കണം. അല്ലെങ്കിൽ അതു ആരോഗ്യത്തിനു് ഹാനികരമായിതീരും. അതുപോലെ ദുർവിചാരങ്ങളാലും ചീത്തപ്രവൃത്തികളാലും മനുഷ്യന്റെ ആത്മാവു് പാപിയായി തീരും. ആ പാപം അയാൾ മനസ്സിലാക്കി പശ്ചാത്താപത്തോടു കൂടെ, അധികാരമുള്ള വൈദികന്റെ അടുക്കൽ ഏററു പറഞ്ഞു് ഉപേക്ഷിച്ചു ക്ഷമവാങ്ങി ജീവിക്കേണ്ടതാണു്. അങ്ങിനെ ചെയ്യില്ലെങ്കിൽ അയാളുടെ ആത്മീകജീവിതം ശോഷിച്ചുപോകും. അങ്ങിനെ വരാതെ ആത്മാവിനെ വെടിപ്പാക്കുന്നതിനു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണു് കുമ്പസാരം. കുമ്പസാരിക്കുന്നവർക്കു് പാപമോചനം കൊടുക്കുവാൻ ക്രിസ്തു വൈദികർക്കു് അധികാരം കൊടുത്തിട്ടുണ്ടു്. "ക്രിസ്തു അവരുടെമേൽ ഊതി അവരോടുപറഞ്ഞു. നിങ്ങൾപരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെട്ടിരിക്കും. നിങ്ങൾആരുടെപാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും. (യോഹ.20.21) ക്രിസ്തുവിന്റെ ഈ കല്പനയനുസരിച്ചു സ്നാനം ഏററിട്ടുള്ളക്രിസ്ത്യാനികൾഅന്നുമുതൽ വൈദികന്റെഅടുക്കൽ പാപം ഏററുപറഞ്ഞു മോചനംവാങ്ങിവന്നിരുന്നു. "വിശ്വസിച്ചവരിൽ അനേകരും വന്നുതങ്ങളുടെ പ്രവൃത്തികളെ ഏററുപറഞ്ഞു് അറിയിച്ചു. ക്ഷുദ്രങ്ങൾ ചെയ്തിരുന്നപലരും തങ്ങ

www.malankaralibrary.com

ളുടെ പുസ്തകങ്ങൾ കൊണ്ടുവന്നു് എല്ലാവരും കാൺകെ ചുട്ടുകളഞ്ഞു. (അപ്പൊ.പ്ര.19.18-19) എന്നെഴുതിയിരിക്കുന്നു.

എന്നിട്ടും അതെല്ലാം അവഗണിച്ചു് പാപം ദൈവത്തോടു ഏററുപറഞ്ഞാൽ മതിയെന്നു് ചിലരും, സഭയിൽ ഏററുപറയണമെന്നു് മററുചിലരും ശഠിക്കുന്നു. ഇതു പലപ്പോഴും ദോഷകരമായി പരിണമിക്കുന്നുമുണ്ടു്. ഒരുപാപം ചെയ്തിട്ടു്. ഉടുപ്പു്മാറുന്നതിനിടയിൽ ദൈവമെക്ഷമിക്കണമെ എന്നു് രഹസ്യത്തിൽ പറഞ്ഞിട്ടു് അടുത്തനിമിഷത്തിൽ ആ പാപംതന്നെ ആവർത്തിച്ചു ചെയ്യുന്നു. അതിനു് അയാളെ ഒന്നുതാക്കീതുചെയ്യുവാൻ പോലും അവരുടെ സഭയിൽ ആളില്ല. സംഘത്തിൽ പാപം ഏററുപറഞ്ഞാൽ ചിലപ്പോൾ പൊലീസുകാർ അയാളെ പിടികൂടിഎന്നും കേട്ടവരെല്ലാം സാക്ഷിപ്പട്ടികയിലായിഎന്നും വരാം. ഇതുരണ്ടും ശരിയായ നടപടികളല്ല. പാപം രണ്ടുതരമുണ്ടു്. മരണകരമായപാപവും മരണത്തിനല്ലാത്തപാപവും ഉണ്ടു്. (1യോഹ.5.16-17.) മരണകരമല്ലാത്ത പാപത്തിനു് നാംപ്രാർത്ഥിച്ചാൽ ക്ഷമ ലഭിക്കും. മരണകരമായ പാപങ്ങൾ ഏററുപറഞ്ഞു് കുമ്പസാരിക്കണം അപ്പോൾ മോചനം ലഭിക്കും.

കുമ്പസാരം ക്രിസ്തുമതത്തിലെ ഉള്ളൂ. ഹിന്ദുമതത്തിലും ഇസ്ലാംമതത്തിലുമെങ്ങും പാപം ഏററുപറഞ്ഞു് മോചനം വാങ്ങലില്ല. പാപംമൂലം മനുഷ്യൻ വരുത്തിവച്ച ദോഷങ്ങൾക്കു്തക്കവീണ്ടെടുപ്പുത്ഥം ഉണ്ടാക്കിട്ടുള്ളയാളിനു മാത്രമെപാപം മോചിപ്പാൻ കഴികയുള്ളൂ. ക്രിസ്തുഅതുണ്ടാക്കി. പത്രോസു് എഴുതിയിരിക്കുന്നതു നോക്കുക. ക്രിസ്തു നിങ്ങളെ വീണ്ടെടുത്തതു് പൊന്നു് വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കൾ കൊണ്ടല്ല. നിർദ്ദോഷവും, നിഷ്കളങ്കവുമായ കുഞ്ഞാടായ ക്രിസ്തുവിൻെറ വിലയേറിയരക്തം കൊണ്ടത്രേ. (1.പത്രോ.1. 18-19) പൌലൂസു് പറയുന്നു: ക്രിസ്തു നമ്മുടെ പാപങ്ങൾ

www.malankaralibrary.com

ക്കു വേണ്ടി തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു. (1 കോറ.15.3.) ഇങ്ങനെയുള്ള ഒരു രക്ഷകൻ വേറൊരുമതത്തിലും ഇല്ല. അതിനാലാണു ആ മതങ്ങളിൽ പാപം ഏററുപറച്ചിലും മോചനം വാങ്ങലും ഇല്ലാത്തതു. പാപം മോചിക്കുവാൻ ക്രിസ്തു ആക്കീട്ടുള്ളഅധികാരികളെ നിഷേധിക്കുന്നവർ ക്രിസ്തുവിനെയാണു നിഷേധിക്കുന്നതു (ലൂക്കാ.10.16)

## നാലാമത്തെ കൂദാശ. വി. കർബാന.

മനുഷ്യൻ കുളിച്ചും, പാപമേററുപറഞ്ഞു മോചനം വാങ്ങിയും നടന്നാൽമാത്രംപോരാ. ആഹാര പാനീയങ്ങൾ കഴിക്കുകയുംകൂടെവേണം. ഒരു ക്രിസ്ത്യാനിയുടെ ആത്മിക ജീവൻ നിലനില്ക്കുന്നമെങ്കിൽ ക്രിസ്തുവിൻെറ മാംസരക്തങ്ങളാകുന്ന വി. കർബാന അനുഭവിക്കുകയുംകൂടെ വേണം. ജനിച്ച ശിശുവിനു അതിൻെറ അമ്മയുടെ മാംസരക്തങ്ങളുടെ ഫലമായുണ്ടാകുന്ന മുലപ്പാൽ കൊടുത്തു വളത്തുന്നു. അതു പോലെക്രിസ്തുവും തൻെറ മാംസരക്തങ്ങളാകുന്ന വി. കർബാന കൊടുത്തു ഓരോ ക്രിസ്ത്യാനിയേയും വളത്തുന്നു. വി. കർബാനയിലെ അപ്പവും വീഞ്ഞും ക്രിസ്തുവിൻെറ മാംസവും രക്തവും ആകുന്നതു ക്രിസ്തുവിൻെറ ആത്മാവു അതിൽ എഴുന്നുള്ളി ഇരിക്കുന്നതിനാലാണു. ക്രിസ്തു പറയുന്നു: ജീവനുള്ള പിതാവു എന്നെ അയച്ചിട്ടു, ഞാൻ പിതാവുമൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ ഞാൻമൂലം ജീവിക്കും. (യോഹ.6.57.) ക്രിസ്തീയ സഭയുടെ ആരംഭ ദിവസം മുതൽ അപ്പോസ്തലന്മാർ ദിനംപ്രതി വി. കർബാന അർപ്പിക്കുകയും ജനങ്ങൾ അതിൽ സംബന്ധിക്കുകയും ചെയ്തുവന്നിരുന്നു. "അവർ ദിനംപ്രതി വീട്ടിൽ അപ്പം നുറുക്കിയും (അതായതു വി. കർബാന അർപ്പിച്ചും) ദേവാലയത്തിൽ ഉററിരുന്നും വന്നു. (അപ്പോ.പ്ര.2.46) എന്നെഴുതിയിരിക്കുന്നു.

അതുപോലെതന്നെ ആഴ്ചവട്ടത്തിൻെറ ഒന്നാംദിവസം അവർ അപ്പം നുറുക്കുവാൻ കൂടിവന്നു. അതായതു വി. കർബാന

www.malankaralibrary.com

അപ്പിക്കുവാനും അതിൽ സംബന്ധിക്കുവാനും കൂടിവന്നു. എന്നും നാം വായിക്കുന്നു. (അപ്പോ.പ്ര 20.7) ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസം എന്നു് പറയുന്നതു് ഞായറാഴ്ച്ചയാണു്. മററു ദിവസങ്ങളിൽ പള്ളിയിൽ പോകുവാൻ ഒരുവനു് സാധിച്ചില്ലെങ്കിൽ ഞായറാഴ്ച്ചയെങ്കിലും എല്ലാവരും പള്ളിയിൽ പോകണമെന്നുള്ള നിർബന്ധം ആദ്യകാലം മുതലെ ഉണ്ടായിരുന്നു എന്നു് ഗ്രഹിക്കാം. എന്നാൽ ശാബതുമിഷൻകാരും മററും അന്നു പള്ളിയിൽ പോകാതെ ജോലിക്കു് പോകുന്നു. അതുതെററായഒരു നടപടിയാണെന്നു് അവർ മനസ്സിലാക്കണം. ക്രിസ്തു പറയുന്നു. ഞാൻ സ്വർഗ്ഗത്തിൽ നിന്നുവന്ന ജീവനുള്ള അപ്പമാകുന്നു. (യോഹ 6.51) ഞാൻ ജീവന്റെ അപ്പമാകുന്നു. ഇതു ആരെങ്കിലും ഭക്ഷിച്ചാൽ മരിക്കാതിരിക്കേണ്ടതിനു് സ്വർഗ്ഗത്തിൽ നിന്നിറങ്ങുന്ന അപ്പമാകുന്നു. (യോഹ6.50) ക്രിസ്തു നമ്മിൽ അധിവസിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണിതു്. ഇത്തരത്തിൽ ഒരു ആരാധനവസ്തു ക്രിസ്തു ഏർപ്പെടുത്തിതന്നതു് എത്രയോ വിസ്മയാവഹമായിരിക്കുന്നു. ഇതിലുള്ള ബാഹ്യമായ ഒരു നന്ദി പ്രകടനമാണു് കത്തോലിക്കർ നടത്തുന്ന ദിവ്യ കാരുണ്യ കോൺഗ്രസ്.

## അഞ്ചാമത്തെ കൂദാശ വിവാഹം.

പെററുപെരുകിയാണു് മനുഷ്യകുലംനിലനില്ക്കുന്നതു്. അതിനു് വിവാഹം വേണം. മാതാപിതാക്കന്മാരും, അവരുടെ മക്കളും സ്വർഗ്ഗത്തിൽ ചെന്നു് സ്വർഗ്ഗീയസൌഭാഗ്യം അനുഭവിക്കണം അതിനു് വേണ്ട അനുഗ്രഹം വിവാഹഅവസരത്തിൽ കൊടുത്തിരിക്കണം. അവരുടെ ദാമ്പത്യബന്ധം ദൈവത്താൽ കൂട്ടിചേർക്കപ്പെട്ടതായിരിക്കണം. മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ചതു ദൈവമാണു്. വ്യഭിചാരം ഹേതുവായിട്ടല്ലാതെ ഒരുവനും തന്റെ ഭാര്യയെ ഉപേക്ഷിച്ചുകൂടാ. (മത്താ.19.9) എന്നു് ക്രിസ്തു കല്പിച്ചിരിക്കുന്നു. അതിനാലാണു്

www.malankaralibrary.com

വിവാഹത്തെ കൂദാശകളിൽ ഒന്നാക്കിയിരിക്കുന്നതു്. ഭാര്യയും ഭർത്താവുമായുള്ള ബന്ധം സഭയും ക്രിസ്തുവുമായുള്ള ബന്ധം പോലെയാണു്. ആകയാൽ വിവാഹം കഴിക്കുന്നവർ ആ ബന്ധം ഉപേക്ഷിക്കുവാൻ പാടില്ല.

എന്നാൽ ഈ കൂദാശ എല്ലാവരും ഏററിരിക്കണമെന്നില്ല. ക്രിസ്തുവിനെപ്പോലെ ആത്മീയവേലയ്ക്കായി തങ്ങളെ തന്നെ പ്രതിഷ്ഠിച്ചിരിക്കുന്നവർ വിവാഹം കൂടാതെ ഇരിക്കുകയാണു് നല്ലതു്. ദൈവരാജ്യത്തെ പ്രതി തങ്ങളെ തന്നെ ഷണ്ഡന്മാരാക്കി ജീവിക്കുന്നവരുണ്ടു്. (മത്താ. 19.12) എന്നു് ക്രിസ്തു തന്നെ പറഞ്ഞിരിക്കുന്നു. പൌലൂസു പറയുന്നു: വിവാഹം കഴിച്ചിട്ടില്ലാത്തവർ കർത്താവിനെ എങ്ങനെ പ്രസാദിപ്പിക്കും എന്നുവച്ചു് കർത്താവിനുള്ളതു ചിന്തിക്കുന്നു. (1 കോറ 7.32) അതിനാൽ സ്വർഗ്ഗരാജ്യത്തെപ്രതി അവിവാഹിതരായിരിക്കുന്ന കന്യാസ്ത്രീകളെയും സന്യാസി സഹോദരന്മാരെയും മററും സഭയുടെ ചങ്കു് ആയിട്ടാണു് സഭ കരുതിവരുന്നതു്.

## ആറാമത്തെ കൂദാശ പൌരോഹിത്യം.

മനുഷ്യനു് ലൌകിക ഭരണകർത്താക്കാം ഉള്ളതുപോലെ അവരുടെ ആത്മീക ജീവിതത്തിന്റെ പുലർച്ചയ്ക്കു് ആത്മീക പിതാക്കന്മാരും, നടത്തിപ്പിനുള്ള നിയമങ്ങളും ഉണ്ടായിരിക്കണം. മനുഷ്യർ അവയ്ക്കു് അനുസരിച്ചുനിന്നു് അനുസരണം പഠിക്കണം. മനുഷ്യന്റെ സാമൂഹ്യജീവിതം അവരുടെ ആത്മീക വളർച്ചയ്ക്കുകൂടെ ഉതകുന്നതായിരിക്കണം. ആയതിലേക്കാണു് ക്രിസ്തു തന്റെ സഭയിൽ അപ്പോസ്ഥലന്മാരെയും, അറിയിപ്പുകാരെയും അവരുടെയെല്ലാം തലവനായി പത്രോസിനെയും നിയമിച്ചിരിക്കുന്നതു്. (എപ്പേ 4.11–12) (മത്താ 10.1–3) ഞങ്ങാം ക്രിസ്തുവിനു വേണ്ടി സ്ഥാനപതികളാകുന്നു. (2 കോറ 5 20) ഞങ്ങളെ ക്രിസ്തുവിന്റെ ശുശ്രൂഷകരും ദൈവമക്കളുടെ വീട്ടുവിചാരകന്മാരും ആയി എണ്ണിക്കൊള്ളുവിൻ.

www.malankaralibrary.com

(1 കോറ 4.1) പൌലൂസ് സുവിശേഷവേല ചെയ്യുന്ന പുരോഹിതനായിരുന്നു (റോമാ 15 15) എന്നു് പൌലൂസ് പറഞ്ഞിരിക്കുന്നു. സഭയുടെ മണവാളനായ ക്രിസ്തു തന്റെ സഭയുടെ തലയാണു്. എന്നാൽ ഇപ്പോഠ താൻ അദൃശ്യനാണു്. മണവാട്ടിയായ സഭ ദൃശ്യമാണു്. ആകയാൽ മണവാട്ടിയായ സഭയ്ക്കു് അവളുടെ ശരീരത്തിൽ ഒരു തല വേണം. അതാണു് പത്രോസും അദ്ദേഹത്തിന്റെ പിൻഗാമിയായ മാർപാപ്പായും. അദ്ദേഹത്തെയും, അദ്ദേഹത്തോടു ചേൎന്നു് നില്ക്കുന്ന പാത്രിയക്കീസന്മാരെയും, കർദ്ദിനാളന്മാരെയും, മെത്രാന്മാരെയും, വൈദീകരെയും, കന്യാസ്ത്രീകളെയും സന്യാശികളെയും എല്ലാം പരിപാലിക്കുകയും, വൈദികർ വഴിയായി ക്രിസ്തുവിന്റെ കൃപാവരങ്ങഠ സഭാശരീരത്തിലുള്ള എല്ലാവൎക്കും എത്തിച്ചു കൊടുക്കുകയും ചെയ്യുന്നതു് അദൃശ്യ തലയായിരിക്കുന്ന ക്രിസ്തുവാണു്. ക്രിസ്തുവിന്റെ അനുയായികളായ എല്ലാവരും ഈ വൈദിക പദവി സ്വീകരിക്കണമെന്നില്ല. ശരീരം മുഴുവൻ രക്തധമനികളല്ലല്ലോ. ശരീരത്തിൽ അസ്ഥികളും മാംസപേശികളും കൂടിയുണ്ടല്ലോ എല്ലാവരും അവരവരുടെ ആത്മീക രക്ഷയെ കരുതി ഈ ക്രമീകരണത്തിനു് കീഴ്പെട്ടു് ജീവിക്കേണ്ടതാണു്.

## ഏഴാമത്തെ കൂദാശ രോഗികളുടെ തൈലാഭിഷേകം.

മനുഷ്യനു് രോഗംവന്നു മരിച്ചുപോകാതെയിരിപ്പാൻ ചികിത്സവേണം. ശാരീരികമായ മരണത്തോടുകൂടെ ആത്മീകമരണം ഉണ്ടാകാതെയിരിപ്പാൻ, ആത്മരക്ഷയ്ക്കു് വേണ്ടി ഏൎപ്പെടുത്തിയിരിക്കുന്നതാണു് രോഗികളുടെ തൈലാഭിഷേകമെന്ന കൂദാശ. ക്രിസ്തുവിനോടുകൂടെ കുരിശിക്കപ്പെട്ട വലത്തു ഭാഗത്തെ കള്ളൻ കുററക്കാരനാണെന്നു് സ്വയം സമ്മതിച്ചു പറഞ്ഞിട്ടുള്ളയാളാണു്. (ലൂക്കോ. 23.40.) എന്നിട്ടും അദ്ദേഹം

www.malankaralibrary.com

അനുതപിച്ച് അപേക്ഷിച്ചതിനാൽ, അന്ത്യനിമിഷത്തിൽ അദ്ദേഹം രക്ഷപ്രാപിച്ചു. "നീ ഇന്ന് എന്നോടുകൂടെ പറദീസായിൽ ഇരിക്കുമെന്ന് ക്രിസ്തു അദ്ദേഹത്തെ അറിയിച്ചു. അതുപോലെ അവസാന നിമിഷത്തിലായാലും ഒരു ക്രിസ്ത്യാനിക്ക് ആത്മരക്ഷനേടാം. അതു കരുതി ഏർപ്പെടുത്തിയിരിക്കുന്നതാണ് രോഗികളുടെ തൈലാഭിഷേകം. ക്രിസ്തു തന്റെ ശിഷ്യന്മാരെ ഈരണ്ടുപേരായി അയച്ചു. അവർ പോയി അനേകം രോഗികളെ തൈലാഭിഷേകം നടത്തി സുഖപ്പെടുത്തി (മർക്കോ.6.13.) എന്നു നാം വായിക്കുന്നു. സഭാംഗങ്ങൾക്ക് കഠിനരോഗം വരുമ്പോൾ സഭയിലെ വൈദികരെ വരുത്തി ഈ തൈലാഭിഷേകം നടത്തിച്ചിരിക്കണമെന്ന് യാക്കോബ് പറഞ്ഞിരിക്കുന്നു. "നിങ്ങളിൽ ഒരുവൻ രോഗിയായാൽ, അയാൾ സഭയിലെ മൂപ്പന്മാരെവരുത്തട്ടെ അവർ കർത്താവിന്റെ നാമത്തിൽ അയാളെ തൈലംപൂശി അയാൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ. കർത്താവ് അതു കേൾക്കും. (യാക്കോ 5.14.) നാമും ഇതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

ഈ ഏഴ് കൂദാശകളും നടത്തുന്നതു സഭയിലെ വൈദികരാണ്. സഭയുടെ അദൃശ്യ തലയായിരിക്കുന്ന ക്രിസ്തുവിന്റെ കരുണയും അനുഗ്രഹങ്ങളും ആണ് ഇതുമൂലം ലഭിക്കുന്നത്. കൂദാശ നടത്തുന്ന വൈദികൻ ഒരു പാപിയായിരുന്നാലും അദ്ദേഹത്തിന്റെ പാപം ഈ കൂദാശകൾവഴിയായുള്ളദൈവകൃപയെ തടയുകയില്ല. സഭയിൽ ഈ നടപടികളെല്ലാം ഏർപ്പെടുത്തിയ ക്രിസ്തുവിന്റെ തിരുഹിതമനുസരിച്ച് വേണ്ടകൃപ അവർക്ക് ലഭിക്കും. അതിനാൽ നാം ശങ്കിക്കേണ്ടയാവശ്യമില്ല. നമുക്ക് ശരിയായ വിശ്വാസവും പ്രത്യാശയും ഉണ്ടായിരിക്കണമെന്നെ ഉള്ളു.

---

www.malankaralibrary.com

# അദ്ധ്യായം 5.

## തിരുസഭയെ അനുസരിച്ചു നില്ക്കാതെ പോയവർ.

പത്രോസിന്റെ നേതൃത്വത്തിൽ ക്രിസ്തു സ്ഥാപിച്ച ശ്ലൈഹീകസംഘത്തിൽ പരിശുദ്ധാത്മാവു് വന്നു് അധിവസിച്ചുകൊണ്ടാണു് ശ്ലൈഹീകവും ഏകവും പരിശുദ്ധവുമായ കത്തോലിക്കാ സഭ തുടങ്ങിയതു്. ആ സഭയാണു് ക്രിസ്തുവിന്റെ മണവാട്ടിസഭ. അതിലുള്ളവരെ പറഞ്ഞിളക്കിവേറെ സഭ പണിയുന്നവരുണ്ടു്. അവരെപററി ക്രിസ്തു ഇങ്ങനെ പറഞ്ഞിരിക്കുന്നു. "എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവനു് ആരെങ്കിലും ഇടർച്ച വരുത്തുകിലോ അവന്റെ കഴുത്തിൽ ഒരു തിരികല്ലു കെട്ടിത്തൂക്കി അവനെ സമുദ്രത്തിന്റെ അഗാധത്തിൽ താഴ്ത്തികളയുന്നതാണു് അവനു് നല്ലതു്. (മത്താ 18.6) എന്നും, എന്നെ അനുകൂലിക്കാത്തവൻ എനിക്കു് എതിരാകുന്നു. എന്നോടുകൂടെ അല്ലാതെ ശേഖരിക്കുന്നവൻ ചിതറിക്കുകയത്രെ ചെയ്യുന്നതു് (ലൂക്കാ 11.23) എന്നും എന്നെ അനുകൂലിക്കാത്തവൻ എന്നെ എതിർക്കുന്നു. എന്നോടുകൂടെ നില്ക്കാതെ ശേഖരിക്കുന്നവൻ ചിതറിക്കുകയത്രെ ചെയ്യുന്നതു്(മത്താ 12.30)എന്നും സഭയെ അനുസരിക്കാൻ കൂട്ടാക്കാത്തവൻ നിങ്ങൾക്കു് പുറജാതിക്കാരനും ചുങ്കക്കാരനും പോലെ ആയിരിക്കട്ടെ. (മത്താ 18.17) എന്നും ക്രിസ്തു കല്പിച്ചിട്ടുണ്ടു് അതൊന്നുംകൂട്ടാക്കാതെ ചില ക്രിസ്ത്യാനികൾ നടന്നു തുടങ്ങി·

www.malankaralibrary.com

ഇതുപോലെ പഴയ നിയമസഭയിലും എതിർപ്പുണ്ടാക്കിയവരുണ്ട്. ശലോമോൻ രാജാവിൻെറ മകൻ റെഹബോയാം രാജാവായി യരുശലേമിൽ വാഴുന്ന കാലത്തു ഒരു രാജഭൃത്യനായിരുന്ന യെരോബയാം ഒരു എതിർപ്പുണ്ടാക്കി. അദ്ദേഹം ഇസ്രായേലിലെ പന്ത്രണ്ടുഗോത്രക്കാരിൽ പത്തു ഗോത്രക്കാരെ സ്വാധീനപ്പെടുത്തി അവരുടെ രാജാവാകയും അദ്ദേഹം യരുശലേം ദേവാലയത്തിനു പകരം ദാനിലും ബെഥേലിലും ഓരോ ക്ഷേത്രങ്ങൾ പണിതു അതിൽ ഓരോതങ്കക്കാളക്കുട്ടികളെ വാർത്തുവയ്ക്കുകയും, നിങ്ങളെ മിസ്രേമിൽ നിന്നു വിടുവിച്ചു കൊണ്ടുവന്ന ദേവന്മാർ ഈ വിഗ്രഹങ്ങളാണെന്നു് ജനത്തോടു ഉപദേശിക്കുകയും ചെയ്തുതുടങ്ങി. (1 രാജാ 12 28–29) അദ്ദേഹം യരുശലേമിലെ ആചാർയ്യന്മാർക്കു പകരം നികൃഷ്ടരായ മനുഷ്യരെ ആചാര്യന്മാരാക്കി. (1 രാജാ 12.31) യരുശലേമിലെ പെരുനാളുകൾക്ക് പകരം ഉത്സവങ്ങളും ഏർപ്പെടുത്തി (1 രാജാ 12.32) എന്നാൽ ദൈവത്തിൻെറ ദീർഘദർശി അതു തെററാണെന്നു പറഞ്ഞു് അതിനെ ശപിച്ചു. (1 രാജാ 13.1–22) അതൊന്നും കൂട്ടാക്കാതെ അവർ 250–ൽ പരം വർഷങ്ങളോളം മുന്നോട്ടുപോയി. പല ദീർഘ ദർശിമാരും അതിനിടയിൽ അവരെ വിലക്കികൊണ്ടിരുന്നു. അവർ മാനസാന്തരപ്പെട്ടില്ല. ഒടുവിൽ പുറജാതിക്കാരായ ആസ്സീറിയാക്കാർ വന്നു് അവരെ യുദ്ധം ചെയ്തു കീഴ്പ്പെടുത്തി. വളരെപ്പേരെ അടിമകളാക്കി ആസ്സീറിയായിലേക്കു് കൊണ്ടുപോയി. അതിനുപകരം ആശ്ശൂറിൽ നിന്നും വിജാതിയരെ വരുത്തി ഇസ്രയേൽ രാജ്യത്തിൻെറ തലസ്ഥാനമായ ശമറിയായിൽ താമസിപ്പിച്ചു. ശമറിയാക്കാർ വിജാതിയരുമായി മിശ്രവിവാഹം നടത്തി കാലാന്തരത്തിൽ താൻ ഏതു ഗോത്രക്കാരനെന്നു് പറയുവാൻ അവരുടെ സന്താനങ്ങൾക്കു് സാധിക്കാതെയായി. അവരിൽ ഒന്നുരണ്ടു പേർ ഒഴിച്ചുള്ളവരെല്ലാം വിജാതിയരിൽ ലയിച്ചു നാമാ

www.malankaralibrary.com

വശേഷമായി. വേദപുസ്തകത്തിലെ രാജാക്കന്മാരുടെ പുസ്തകവും മററും വായിച്ചിട്ടുള്ളവക്കെല്ലാം ഇക്കഥയറിയാവുന്നതാണ്.

എങ്കിലും അവരും അവരുടെ തന്നിഷ്ടത്തിന് കീഴ്പ്പെട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. ക്രിസ്തു പത്രോസിന്റെ നേതൃത്വത്തിൽ ഏല്പിച്ചിരിക്കുന്ന സഭയെ ഉപേക്ഷിച്ചു വേറെ സഭ പണിതു നടക്കുകയാണ് അവർ. ഈ പാറമേൽ വീഴുന്നവൻ തകർന്നുപോകും അതു ആരുടെ മേലെങ്കിലും വീണാൽ അതു അവനെ ധൂളിയാക്കും. (മത്താ.21 44.) എന്ന കർത്താവിന്റെ വചനം, കത്തോലിക്കാസഭയ്ക്കു പുറത്തുള്ള സഭകൾ പിളർന്നു പിളർന്നു പലതായി പൊയ്ക്കൊണ്ടിരിക്കുമെന്നതിനെ കാണിച്ചുകൊണ്ടിരിക്കുന്നു.

ഒരുവൻ സുവിശേഷം പ്രസംഗിക്കണമെങ്കിൽ അതിലേക്ക് സഭാധികാരിയുടെ അനുവാദകല്പന വാങ്ങിയിരിക്കണം. കല്പനവാങ്ങാതെ സുവിശേഷം പ്രസംഗിക്കാനിറങ്ങുന്നതു ശരിയല്ല. പൌലൂസ് എഴുതിയിരിക്കുന്നതു നോക്കുക. "ഞങ്ങൾ കല്പന കൊടുക്കാതെ ചിലർ ഞങ്ങളിൽ നിന്നു പുറപ്പെട്ടു നിങ്ങളെ വാക്കുകളാൽ കലക്കി, നിങ്ങളുടെ ഹൃദയങ്ങളെ മറിച്ചുകളഞ്ഞപ്രകാരം കേൾക്കുന്നു" (അപ്പോ.പ്ര.15.24.) കത്തോലിക്കാ സഭയെ അനുസരിച്ചു നില്ക്കുമെന്നുള്ളവരോടായി കർത്താവു ഇങ്ങനെ കല്പിച്ചിരിക്കുന്നു: ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടേണ്ട. എന്തെന്നാൽ രാജ്യം നിങ്ങൾക്കു തരുവാൻ നിങ്ങളുടെ പിതാവു പ്രസാദിച്ചിരിക്കുന്നു. (ലൂക്കാ.12.32.) പൌലൂസ് വീണ്ടും പറയുന്നു. ഞങ്ങൾ നിങ്ങളോടു സുവിശേഷിച്ചതിന് വിപരീതമായി ഞങ്ങളാകട്ടെ സ്വർഗ്ഗത്തിൽ നിന്നൊരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷിച്ചാൽ അവൻ ശപിക്കപ്പെട്ടവനായിരിക്കും. (ഗലാ.1.8.)

ഇങ്ങനെ വേദപുസ്തകത്തിൽ എഴുതീട്ടുള്ള അനവധി വേദവാക്യങ്ങളെല്ലാം അവഗണിച്ചുകൊണ്ടാണ് മാർട്ടിൻ

www.malankaralibrary.com

ലൂഥർ കത്തോലിക്കാ സഭയ്ക്കെതിരായി പ്രവർത്തിക്കുവാൻ തുടങ്ങിയതു്. കത്തോലിക്കാസഭ വേദപുസ്തക പ്രകാരമല്ല ജീവിക്കുന്നതു് എന്നും, നാം വേദപുസ്തകപ്രകാരം ജീവിക്കണമെന്നും പറഞ്ഞുകൊണ്ടു് യാതൊരു മെത്രാന്റെയും അധികാരിയുടെയും കല്പനവാങ്ങാതെ മാർട്ടിൻ ലൂഥർ 1517-ൽ കത്തോലിക്കാസഭയ്ക്കു പുറത്തുപോയി ശക്തിമത്തായ ഒരു പ്രചരണവേലനടത്തി. അതു ശരിയല്ലെന്നു് അറിയാവുന്ന പലരും അദ്ദേഹത്തെ വിലക്കി. അതൊന്നും അദ്ദേഹം കൂട്ടാക്കിയില്ല. അദ്ദേഹത്തിന്റെ പ്രസംഗംകേട്ടു് അനേകർ കത്തോലിക്കാസഭ വിട്ടുപോയി. അവരെ ചേർത്തു അദ്ദേഹം രൂപീകരിച്ചതാണു് ലൂഥറൻസഭ.

"സുവിശേഷവിഹിതസഭ" എന്നാണു് അതിനു് അവർ പറഞ്ഞുവന്നതു്. ഇതുമൂലം യൂറോപ്പിലൊക്കെയും വലിയ വിപ്ലവമുണ്ടായി. അതിനു് "ഉണർവ്വു്" എന്നും പറഞ്ഞുവന്നു. ലൂഥർ ഒരു ജർമ്മൻകാരനും നല്ല ഒരു വാഗ്മിയുമായിരുന്നു. അദ്ദേഹം സഭയിലെ നേതാക്കന്മാരുടെ കല്പന വാങ്ങാതെ യൂറോപ്പിലെല്ലായിടത്തും പോയി പ്രസംഗിച്ചു. ഇങ്ങനെയുള്ളവരെക്കുറിച്ചു പൌലൂസു് എഴുതിയിരിക്കുന്നതു നോക്കുക. "അവർ ദൈവത്തിന്റെ നീതിയെ ഗ്രഹിക്കാതെ സ്വന്തം നീതിയെ സ്ഥാപിക്കുവാൻ അന്വേഷിക്കുന്നു. അവർ ദൈവത്തിന്റെ നീതിയ്ക്കു കീഴ്പെടുന്നില്ല. (റോമ.10 3) അങ്ങിനെ അദ്ദേഹം സഭയുടെ അനുസരണത്തിൽ നിന്നും അനേകരെ തെററിച്ചു വശത്താക്കിയാണു് ലൂഥറൻസഭ തുടങ്ങിയതു്.

ആ സ്വേച്ഛാനുവർത്തനം അദ്ദേഹത്തിന്റെ അനുയായികളിലും അംഗുരിച്ചു. ആറു വർഷംകഴിഞ്ഞപ്പോഴേക്കും ലൂഥറൻ സഭയിൽനിന്നും കാൽവീൻ എന്നയാൾ പിൻമാറി. അദ്ദേഹം ഒരു ഫ്രഞ്ചുകാരനായിരുന്നു. ലൂഥറിന്റെ നവീകരണം പൂർത്തി

www.malankaralibrary.com

യായിട്ടില്ലെന്നും പല പഴയനടപടികൾ മാററാതെ ലൂഥറൻ സഭയിൽ കിടപ്പുണ്ടെന്നും അദ്ദേഹം പറഞ്ഞു. വൈദികരെയും അവർ നടത്തിവരുന്ന കുർബ്ബാനയേയും കൂടെ മാററിയെങ്കിലെ ഒരു ശരിയായ സുവിശേഷ വിഹിത സഭയാകുകയുള്ളു എന്നു് അദ്ദേഹം ശഠിച്ചു. അതു കേട്ടപ്പോൾ അതു ശരിയാണെന്നു് തോന്നിയവർ ലൂഥറൻ സഭവിട്ടു. അവരെ ചേർത്തു് കാൽവിൻ ഉണ്ടാക്കിയതാണു് കാൽവിൻ സഭ. കാൽവിൻ സഭയാണു് ശരിയായ സഭഎന്നു് അവരെല്ലാവരും വാദിച്ചുകൊണ്ടിരുന്നു.

ഈ കാൽവിന്റെ കൂടെ ജോൺനോക്സ് എന്നൊരാൾ ഉണ്ടായിരുന്നു. അദ്ദേഹം ഒരു സ്കോട്ടു്ലൻറു് കാരനായിരുന്നു. അദ്ദേഹം കാൽവിന്റെ ഉപദേശത്തെ ഒന്നുകൂടെ നവീകരിച്ചു. വൈദികർ വേണ്ടെങ്കിലും പ്രസ്ബിററന്മാർ കൂടിയെതീരു. എന്നു് പറഞ്ഞു കൊണ്ടു് 1560-ൽ അദ്ദേഹം തുടങ്ങിയതാണു് പ്രസ്ബിററീറിയൻ സഭ. സ്കോച്ചു്കക്കു് എന്നുമതിനു പേരുണ്ടു്. എഫേ.1.14.-11 റോമാ.8.29-30. മുതലായ വേദവാക്യങ്ങളിൽ നിന്നും ദൈവത്തിനു് നമ്മെക്കുറിച്ചു് ഓരോ മുൻ നിശ്ചയം ഉണ്ടെന്നു് ഗ്രഹിക്കാം എന്നു പറഞ്ഞുകൊണ്ടു് ഗോമർ എന്നൊരാൾ ഹൈകാൽവനിസ്റ്റ് സഭ രൂപീകരിച്ചു. അപ്പോൾ ആർമിനസ്സ് എന്നൊരാൾ അതിനോടുയോജിക്കാതെ (ഫിലി.2.4.) രണ്ടു് പത്രോസ് 1. 10. മുതലായ ദേവവാക്യങ്ങളിൽ പറയുന്ന ആത്മീക നടപടികൾ സ്വീകരിക്കാത്ത സഭകളൊന്നും ശരിയായ സുവിശേഷവിഹിത സഭകളല്ലെന്നു് വാദിച്ചുകൊണ്ടു് തുടങ്ങിയതാണു് ആർമിനസ്സ് സഭ. ആർമിനസ് ഒരു ഡച്ചുകാരനായിരുന്നു.

അങ്ങിനെയിരിക്കെ ഇംഗ്ലണ്ടിലെ ഹെൻട്രി എട്ടാമൻ ചക്രവർത്തിക്കു് സ്വപത്നിയെ ഉപേക്ഷിച്ചു ആനിബോളീൻ എന്നൊരു സ്ത്രീയെ വിവാഹം കഴിക്കണമെന്നു് തോന്നി. അദ്ദേഹം മാർപാപ്പയുടെ അനുവാദത്തിനെഴുതി. മാർപാപ്പാ

www.malankaralibrary.com

അതു അനുവദിച്ചില്ല. അതിൽ ചക്രവൎത്തി കുപിതനായി.
ഇംഗ്ലണ്ടിലെ സഭയുടെമേൽ മാർപാപ്പായ്ക്കുണ്ടായിരുന്ന മേല
ധികാരത്തെ തന്റെ രാജകീയ അധികാരം ഉപയോഗിച്ചു്
അദ്ദേഹം തടഞ്ഞുനിറുത്തി കത്തോലിക്കാ സഭക്കെതിരായി
അദ്ദേഹം 1554-ൽ ചിലപുതിയനിയമങ്ങൾ പാർലമെന്റിൽ
പാസാക്കിച്ചു കത്തോലിക്കാസഭയെ അനുസരിക്കണമെന്നു്
പറഞ്ഞ സർ. തോമസ്സ് മൂറിനെ കൊന്നു. അതോടുകൂടെ
ഇംഗ്ലണ്ടിൽ പ്രൊട്ടസ്റ്റാന്റസം തുടങ്ങി, സത്യത്തിന്റെ മക്കൾ
വെളിച്ചത്തിന്റെ മക്കൾ മുതലായ സഭകളാരംഭിച്ചു. "ന്യായ
വിധിദിവസം നിങ്ങളൊക്കെ കിടുകിട വിറയ്ക്കും" എന്നു്
അവർ കാണുന്നവരോടൊക്കെ പറയുമായിരുന്നു. അതിനാൽ
അവരെ ഷേക്കേഴ്സ് എന്നു് വിളിച്ചുതുടങ്ങി. അതേതുടൎന്നു്
1557-ൽ ബ്രദറൻസഭയുണ്ടായി. അവർ ദൈവത്തിന്റെ ദൂതു
അറിയിക്കുവാൻ കുറെപേരെ തിരഞ്ഞെടുത്തു് ഓരോ സ്ഥല
ത്തേക്കും അയച്ചു. ഒരാൾ ആ ദൂതുംകൊണ്ടു് റോമിൽ മാർപാപ്പാ
യുടെ അടുക്കലേക്കു് പോയി. വേറൊരാൾ തുൎക്കി സുൽത്താ
നോടു ആ ദൂതു അറിയിക്കുവാൻ പോയി. മറ്റൊരാൾ ഇംഗ്ല
ണ്ടിലെ ചാറൽസ് ദ്വിതീയൻ ചക്രവൎത്തിയുടെ അടുക്കലേക്കു്
പോയി. ഇവരുടെ ശല്യം കൂടുതലായപ്പോൾ ഗവണ്മെന്റ്
ഇവരിൽ കുറെപ്പേരെ അറസ്റ്റ്ചെയ്തു ജയിലിൽ അടയ്ക്കേണ്ട
തായിവന്നു. 1604 ആയപ്പോൾ ക്രാമർ, ബാർലോ. സ്റ്റോറി
ആദിയായവർ അതിൽനിന്നു പിൻമാറി സ്റ്റോറിന്റെ നേതൃ
ത്വത്തിൽ ചർച്ച് ഓഫ് ഇംഗ്ലണ്ട് സഭതുടങ്ങി. കുറെ കഴി
ഞ്ഞപ്പോൾ അതിൽനിന്നും ചിലർ പിൻമാറി 1833-ൽ
ഓക്സ്ഫോർഡ് മൂവ്മെന്റ്സഭ തുടങ്ങി. അതിൽനിന്നും
ചിലർ പിൻമാറി" ഹൈചർച്ച് സഭയും വേറെ ചിലർ
ലോചർച്ച് സഭയും മററു ചിലർ ബ്രോഡ്ചർച്ച് സഭയും
തുടങ്ങി.

www.malankaralibrary.com

1620-ൽ റോബർട്ടു് ബ്രൌൺ. "കോൺഗ്രിഗേഷൻ സഭ തുടങ്ങി. ഇവരെ ആദ്യകാലത്തു ബ്രൌണിഷ് എന്നാണു് വിളിച്ചുവന്നതു്. ആസഭയും പല കോൺഗ്രിഗേഷനായി പിരിഞ്ഞു. അതിലൊന്നാണു് 1795-ൽ തുടങ്ങിയ ലണ്ടൻ മിഷ്യൻസഭ. റിങ്കൾടോബ്‌ എന്നയാളാണു് 1806-ൽ എൽ. എം. എസ്സു്. സഭ, മയിലാടി, മാർത്താണ്ഡം നാഗർകോവിൽ മുതലായ സ്ഥലങ്ങളിൽ കൊണ്ടുവന്നതു്. കോൺഗ്രിഗേഷനിൽനിന്നുണ്ടായ വേറൊരു സഭയാണു് സി. എം. എസ്സു്. സഭ. ബെയിലി, ബേക്കർ, ഫെൻ നോർടൻ മുതലായവരാണു് 1817-ൽ ആ സഭ കോട്ടയം ആലപ്പുഴമുതലായ സ്ഥലങ്ങളിൽ കൊണ്ടുവന്നതു്. വേറൊരു വിഭാഗമാണു് തൃശിനാപ്പള്ളിയിലും മററുമുള്ള എസ്സു്. പി. ജി. മിഷ്യൻ.

വെസ്ലി എന്നൊരു ആംഗ്ലിക്കൻപാസ്റ്ററുടെരണ്ടുമക്കളാണു് ജോൺ വെസ്ലിയും, ചാറൽസ് വെസ്ലിയും. അവർ രണ്ടുപേരുംകൂടി 1742-ൽ വെസ്ലിയൻസഭതുടങ്ങി. ജെയിൻ വാർഡിലി എന്നൊരു ആംഗ്ലിക്കൻ വനിത, അവക്കുണ്ടായ വെളിപാടിൻ പ്രകാരം ഫിലി. 2.12-ൽ പറയുന്നതുപോലെ ഭയത്തോടും വിറയലോടും കൂടെയാണു് പ്രാർത്ഥിക്കേണ്ടതെന്നു് മനസിലാക്കി. അവരും ജോർജ്ജു് ഫോക്സു് എന്നയാളും കൂടിതുടങ്ങിയതാണു് ക്വേക്കർസഭ. ജോൺസ്മിത്തു് എന്നയാൾ 1812-ൽ തുടങ്ങിയതാണു് ബാപ്ററിസ്റ്റു് സഭ. നിക്കോളസ് സ്റ്റോർച്ചുഎന്നും തോമസ് മുണ്ടലീൻ എന്നും രണ്ടുപേർ കൂടി 1721-ൽ പുനർസ്നാനക്കാരുടെ സഭ തുടങ്ങി. വിശ്വസിച്ചുകൊണ്ടുള്ള സ്നാനം എല്ലാവരും ഏററിരിക്കണമെന്നാണു് അവർ പറയുന്നതു്. അതനുസരിച്ചു്, ശൈശവകാലത്തു് സ്നാനമേററ പലരും വീണ്ടും സ്നാനമേററു. ഇവരെ ആന ബാപ്ററിസ്ററുകാർഎന്നും വിളിക്കുന്നുണ്ടു്. വില്ല്യം പെൻഎന്നും റോബർട്ടു് ബാർക്ലേവ്എന്നും രണ്ടുപേർചേർന്നു

www.malankaralibrary.com

പെന്തികോസ്തു് സഭ തുടങ്ങി. അതും പല സഭകളായി പിരിഞ്ഞു.

ക്രിസ്തുവിൽകൂടെയാണ് രക്ഷഎന്ന വിശ്വാസമുള്ള ആരെയും സ്നാനപ്പെടുത്താമെന്നു് പറഞ്ഞുകൊണ്ടു് ഡോക്ടർ എ. കെ. കരോൾ മുതലായവർ ക്രൈസ്തവ ബാപ്റ്റിസ്റ്റ് സഭ എന്ന പേരിൽ 1804–ൽ വേറൊരു സഭ തുടങ്ങി. അലക്സാണ്ടർകാംബെൽ എന്നൊരാൾ 1768–ൽ ക്രിസ്ത്യാനികളുടെ സഭ എന്നൊരു പുതിയ സഭ തുടങ്ങി. സ്വമനസ്സാബാപ്റ്റിസ്റ്റ് സഭ എന്നപേരിൽ ബഞ്ചമിൻ റണ്ടാൾ 1779–ൽ വേറൊരു സഭ സ്ഥാപിച്ചു. അങ്ങിനെ സ്നാനപ്പെടുത്തിയാൽ പോരാ സ്വർഗ്ഗത്തിലേക്കു് നോക്കിച്ചു, മലത്തി മൂന്നുപ്രാവശ്യം മുക്കണം എന്നു് പറഞ്ഞു് അലക്സാൻറർമാക്ക് എന്നയാൾ 1780–ൽ വേറൊരു സഭ സ്ഥാപിച്ചു. ജർമ്മനിയിലാണു് അതു തുടങ്ങിയതു്. അവരെ ഡൺകാർഡ് സഭക്കാരെന്നും വിളിക്കും. മനുഷ്യനിൽ നന്മയെന്നും തിന്മയെന്നും രണ്ടു് ആത്മാക്കളുണ്ടു് എന്നുപറഞ്ഞു ഒരുസഭ ദാനിയേൽ പാക്കർ എന്നയാൾ തുടങ്ങി "മുൻവിധിബാപറ്റിസ്റ്റുകാർ എന്നും അവരെ വിളിക്കും. പൂർവ്വബാപറ്റിസ്റ്റ് സഭ എന്നു വേറൊരു സഭയുണ്ടു്. അതു തുടങ്ങിയതു് 1835ലാണു് വൈററ് ഫീൽഡിന്റെ ഉണർവ്വ് പ്രസംഗകാലത്തു ആണ് വിയോജിത സഭയുണ്ടായതു്. പരേതനായ മി. കെ. വി. സൈമൺ അതു ഇവിടെ കൊണ്ടുവന്നതാണ്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തോടുകൂടെ അതു ഇവിടെയില്ലാതായി. പ്രത്യക്ഷരക്ഷാ ദൈവസഭ (P. R. D. S.) എന്നൊരു സഭ പൊയ്കയിൽ യോഹന്നാൻ (പൊയ്കേലപ്പച്ചൻ) എന്നയാൾ നമ്മുടെ നാട്ടിൽ തുടങ്ങി. പല സ്ഥലത്തും പള്ളിയും പള്ളിക്കൂടവും സ്ഥാപിച്ചു. അദ്ദേഹത്തിന്റെ ഭാര്യ, ക്രിസ്ത്യാനിആയിരുന്നില്ല. അതിനാൽ അദ്ദേഹത്തിന്റെ മരണശേഷമുണ്ടായ ഒരു വ്യവഹാരത്തോടുകൂടെ ആ സഭയും തിരോധാനം ചെയ്തു.

www.malankaralibrary.com

ഞായറാഴ്ചയ്ക്കുപകരം ശനിയാഴ്ച യാചരിക്കണമെന്നു് പറഞ്ഞുവന്ന ഹെലൻഹെർമൻഎന്നൊരു സ്ത്രീയുണ്ടായിരുന്നു. അവരുടെ ഭർത്താവിന്റെ പേരു് അനുസരിച്ചു അവരെ മിസ്സിസ്സ് ഈ. ജി. വൈററഎന്നും വിളിക്കും. അവർ 1845–ൽ തുടങ്ങിയതാണു് ശാബത്തു മിഷ്യൻ സഭ. ഈ വനിതയ്ക്കു് ദിവസംതോറും ഓരോ ദർശനമുണ്ടാകും. അതു അവർ പ്രഖ്യാപിക്കും അവരുടെ അനുയായികളിൽ പലക്കും അതു കേൾക്കുക ദുഃസ്സഹമായിതീർന്നു. അവർ പലതായി പിരിഞ്ഞു വേറെ ഓരോ സഭയുണ്ടാക്കി. അതിലൊന്നാണു് 1848–ൽ തുടങ്ങിയ ലൈഫ് ആൻഡ് ആഡെവൻറ് യൂണിയൻ സഭ. വേറൊന്നാണു് 1864–ൽ തുടങ്ങിയ ദൈവസഭ. വേറൊരുകൂട്ടർ ആരംഭമാണ ബാപ്ററിസ്റ്റ് ചർച്ച് എന്നൊരു സഭയുണ്ടാക്കി. ജോൺ വിൽബർനർ ഇതിനോടു യോജിക്കാതെ വേർ തിരിഞ്ഞു സ്ഥാപിച്ചതാണു് വിൽബർനേറിയൻ ദൈവസഭ. മാമോദീസായും തിരുവത്താഴവും മാത്രമാണു് അവർക്കുള്ളതു്. 1795–ൽ അലക്സാൻറർകിൽഹാം സ്ഥാപിച്ചതാണു് പുതു സംസർഗ്ഗ സഭ. ഡ്യൂബോൺ എന്നും വില്ല്യം ക്ലോവ് എന്നും രണ്ടുപേർ കൂടി 1862–ൽ പ്രിമിററിവ് മെത്തോഡിസ്റ്റ് സഭ തുടങ്ങി. സ്ത്രീകൾ പ്രസംഗവേദിയിൽ പ്രവേശിച്ചു സുവിശേഷം പ്രസംഗിക്കുക എന്നതു ഈ സഭക്കാരുടെ ഒരു പ്രത്യേകതയാണു്. സാമൂഹ്യമെത്തോഡിസ്റ്റ് സഭ 1852–ൽ തുടങ്ങി. സ്വതന്ത്രമെത്തോഡിസ്റ്റ് സഭ 1860–ൽ ആരംഭിച്ചു. ഇവർ, പുകവലിക്കുക, വിലകൂടിയ വസ്ത്രം ധരിക്കുക, ആഭരണം അണിയുക മുതലായവ പാപമായി കരുതിവരുന്നു. 1851–ലാണു് പുതു സാമൂഹ്യ മെഥേഡിസ്റ്റ് സഭ തുടങ്ങിയതു്. സഭയുടെ മേൽഭരണം സംബന്ധിച്ചു യാതൊന്നും സുവിശേഷത്തിൽ പറഞ്ഞിട്ടില്ലെന്നും ദൈവമാണു് സഭയുടെ പരമാദ്ധ്യക്ഷനെന്നും അവർ പറയുന്നു. ആഫ്രിക്കൻ മെഥേഡിസ്റ്റ് എപ്പിസ്ക്കോപ്പൽ

www.malankaralibrary.com

സീയോൻസഭ 1816-ൽ തുടങ്ങിയതാണ്. പീററർ സ്പെൻസർ എന്നയാൾ 1813-ൽ സ്ഥാപിച്ചതാണ് ഐക്യ അമേരിക്കൻ മെത്തേഡിസ്റ്റ് എപ്പിസ്കോപ്പാലിയൻ സഭ. അവർണ്ണമെഥേഡിസ്റ്റ് എപ്പിസ്കോപ്പൻസഭ തുടങ്ങിയതു് 1870-ലാണ്. ഇതിൽനിന്നെല്ലാം വ്യത്യാസപ്പെട്ട വേറൊരു സഭയാണ് സുവിശേഷമിഷനറിസഭ. ദൈവം എന്നു പറഞ്ഞാൽ യേശുമാത്രം എന്നു് പഠിപ്പിക്കുന്നവരാണവർ. 1886-ൽ ആണ് ആ സഭ തുടങ്ങിയതു്. 1845-ൽ തുടങ്ങിയതാണ് ശാബത്തു അഡ്വൻറിസ്റ്റ്സഭ. ഒരു മെഥേഡിസ്റ്റ് സഭക്കാരനായിരുന്ന വില്ല്യം ബൂത്ത് എന്നയാൾ ആ സഭയിൽനിന്നു് മാറിതുടങ്ങിയതാണ് രക്ഷാസൈന്യക്കാരുടെ സഭ. 1890-ൽ ആണ് ആ സഭക്കാർ നമ്മുടെ നാട്ടിൽ വന്നതു്. മാമോദീസായ്ക്കു് പകരം കൊടിക്കീഴിൽ പ്രതിഷ്ഠയെന്ന ചടങ്ങാണ് അവർ അനുഷ്ഠിക്കുന്നതു്.

വില്ല്യംമില്ലർ എന്നൊരാൾ ദാനിയേലിൻെറ ദീർഘദർശനത്തിൽ പറയുന്ന 2300 ദിവസങ്ങളെ വർഷങ്ങളായി കണക്കാക്കി ബി. സി. 457-മുതൽ എണ്ണുകയും അതിൽ പറയുന്ന 70 ആഴ്ചകളെ വർഷങ്ങളാക്കിക്കുറച്ചും മററും ക്രിസ്തുവിൻെറ രണ്ടാമത്തെവരവു് 1843-ലായിരിക്കുമെന്നു് പ്രഖ്യാപിച്ചു. അനേകർ അതു വിശ്വസിച്ചു. എന്നാൽ ആ വർഷം കർത്താവു വന്നില്ല. അനുയായികളെല്ലാം ഭഗ്നാശയരായി. അപ്പോൾ അദ്ദേഹത്തിൻെറ ഒരു സഹപ്രവർത്തകനായിരുന്ന സ്നോഎന്നയാൾ ആ കണക്കിൽവന്നുപോയ പിശക് തിരുത്തി കർത്താവിൻെറ രണ്ടാമത്തെ വരവു് 1844. ഒക്ടോബർ മാസം 22-ാം തീയതി ആയിരിക്കുമെന്നു് പ്രഖ്യാപിച്ചു. അതനുസരിച്ചു് ക്രിസ്തുവിൻെറ വരവുകാണാൻ അനേകർ കാത്തിരുന്നു. എന്നാൽ അന്നും കർത്താവിൻെറ രണ്ടാമത്തെവരവു്ഉണ്ടായില്ല. അവരും ഭഗ്നാശയരായി പിരിഞ്ഞു. കർത്താവിൻെറ രണ്ടാ

www.malankaralibrary.com

മത്തെ വരവിൻെറ നാളിനെക്കുറിച്ചോ നാഴികയെ കുറിച്ചോ ആൎക്കും തീർച്ചപറയുവാൻ സാധിക്കുകയില്ലെന്നു് ക്രിസ്തു തന്നെ പറഞ്ഞിട്ടുള്ളതാണു്. "ആ നാളിനെയും നാഴികയേയും കുറിച്ചു് എൻെറ പിതാവു്മാത്രമല്ലാതെ ആരും സ്വൎഗ്ഗത്തിലെ ദൂതന്മാരും പുത്രനുംകൂടെ അറിയുന്നില്ല. (മത്താ. 24.36.) എന്നുപറഞ്ഞിട്ടുള്ള വേദവിഭാഗങ്ങളെല്ലാം അവർ ത്യാജ്യകോടിയിൽ തള്ളികളഞ്ഞു.

ഇവരുടെ ലഘുലേഖകളും മാസികളും മററും വായിച്ചുകൊണ്ടിരുന്ന ഒരാൾ നമ്മുടെ നാട്ടിലുണ്ടായിരുന്നു. "വിദ്വാൻകുട്ടി" എന്ന പേരിലാണു്അദ്ദേഹം പൊതുവെ അറിയപ്പെട്ടിരുന്നതു്. തഞ്ചാവൂർ കാരനാണു്. ബ്രാഹ്മണസമുദായത്തിൽ നിന്നും മാനസാന്തരപ്പെട്ടു് കോട്ടയം സി. എം. എസ്സ്. സഭയിൽ ചേൎന്നു് യുസ്തുസ്യൌസേഫ് എന്നപേർ സ്വീകരിച്ചു അവരുടെ ഒരു പട്ടക്കാരനായി ജോലിചെയ്തു വരികയായിരുന്ന അദ്ദേഹത്തിനു് ഒരു വെളിപാടു തോന്നി. ക്രിസ്തുവിൻെറ രണ്ടാമത്തെ വരവു് 1886 വൃശ്ചികം 22–ാം തീയതി ആയിരിക്കുമെന്നു് പ്രസംഗിച്ചു തുടങ്ങി. അന്നത്തെ നവീകരണക്കാരിൽനിന്നും സി. എം. എസ്സു് കാരിൽനിന്നും അനേകർ അദ്ദേഹത്തെഅനുകരിച്ചു. അദ്ദേഹം പറഞ്ഞിരുന്ന വൃശ്ചികം 22–ാം തീയതിയും കഴിഞ്ഞു കൎത്താവുവന്നില്ല. പലരും ഭഗ്നാശയരായി പിരിയുവാൻ തുടങ്ങി.

അപ്പോൾ അദ്ദേഹം അതിനൊരു വിദ്യ കണ്ടുപിടിച്ചു. വൃശ്ചികം 22–ാം തീയതി തന്നെ കൎത്താവുവന്നു. കാത്തിരുന്നവൎക്കു് മാത്രമെ ആ വരവു് കാണാൻ സാധിച്ചുള്ളു. "കന്നേററിലൊരു കുന്നിലാത്മമയനായി യേശുപ്പു് കണ്ടേശ്ശുവേ" എന്നുപറഞ്ഞു് രണ്ടുകയ്യും എടുത്തു നെഞ്ചത്തടിച്ചു പ്രസംഗിച്ചുതുടങ്ങി. അപ്പോൾ ഞാനും കണ്ടു. ഞാനും കണ്ടു എന്നു് ഓരോരുത്തർ പറയുവാൻതുടങ്ങി. എരിയുന്ന ഒരു ഓലക്കെട്ടു്

www.malankaralibrary.com

പോലെ ആകാശത്തു നിന്നിറങ്ങുന്നതു ഞാൻ കണ്ടു എന്നും വേറൊരുവൻ സാക്ഷിപറഞ്ഞു. യേശു ബേതിലഹേം പുൽക്കൂട്ടിൽ ജനിച്ചു. അന്നു യഹൂദ പ്രമാണികളെല്ലാം ജനസംഖ്യ എടുപ്പിൽ പേരെഴുതിക്കുവാനായിവന്നു ആ സത്രത്തിൽ താമസിച്ചിരുന്നു. അവരാരും യേശുവിനെ കണ്ടില്ല. എങ്കിലും കാത്തിരുന്ന ആട്ടിടയന്മാർ വന്നു യേശുവിനെ കണ്ടു. എന്നൊക്കെ പ്രസംഗിച്ചു. ഇതു കേട്ടു പലരും അദ്ദേഹത്തെ വിശ്വസിച്ചുനിന്നു. യൂ. യോ. മയം എന്നായിരുന്നു അവരുടെ സഭയുടെ പേരു. വിദ്വാൻ കുട്ടിയുടെ മരണത്തോടുകൂടെ ആ സഭയും ക്ഷയിച്ചു തുടങ്ങി. ഇപ്പോഴും ആ സഭ ഇല്ലെന്നു തന്നെ പറയാം.

ഇതിൻശേഷം പാസ്റ്റർ പോളിന്റെ സിലോൺ പെന്തിക്കോസ്തു സഭക്കാർ ഇവിടെ വന്നു. പാസ്റ്റർ കെ. ഇ. എബ്രഹാം അതിൽ ചേർന്നു. ഒടുവിൽ അദ്ദേഹം അതിൽ നിന്നു പിൻമാറി. ഇൻഡ്യൻ പെന്തിക്കോസ്തു സഭ തുടങ്ങി. അദ്ദേഹത്തെ അനുകരിച്ചു വേറൊരാൾ അതിൽനിന്നു മാറി സ്വതന്ത്ര്യപെന്തിക്കോസ്താ സഭ തുടങ്ങി. അപ്പോഴേക്കു സ്വർഗ്ഗവും നരകവും ഇല്ലെന്നു പറയുന്ന റസൽ സഭക്കാരും വന്നു. ഉടനെ യഹോവായാണു ദൈവം. ക്രിസ്തുവല്ല എന്നു പഠിപ്പിക്കുന്ന യഹോവാ സാക്ഷികളുടെ സഭക്കാരും വന്നു പ്രസംഗം തുടങ്ങി. മാർട്ടിൻ ലൂഥർ കത്തോലിക്കാ സഭയിൽ നിന്നു പിൻമാറി നിർമ്മിച്ച പ്രൊട്ടസ്റ്റന്റു സഭ ഇങ്ങനെ എഴുനൂറിൽ പരം സഭകളായി പിരിഞ്ഞു. ആ പിരിച്ചിൽ ഇന്നും തുടന്നു കൊണ്ടിരിക്കുന്നു. ഹൃദയപരമാർത്ഥതയില്ലാത്തവരും സത്യസന്ധതയില്ലാത്തവരും ആയവർ ദൈവഭക്തന്മാരുടെ വേഷത്തിൽ രംഗപ്രവേശം ചെയ്താണു ഈ പിരിച്ചിലുണ്ടാക്കിയതു. "കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ. അവർ കുഞ്ഞാടുകളുടെ വേഷത്തിൽ നിങ്ങളുടെ അടുക്കൽവരും. അകമെ അവർ

www.malankaralibrary.com

ബുഭുക്ഷയുള്ള ചെന്നായ്ക്കളാകുന്നു. (മത്താ 7.15) കള്ള ക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേററ് കഴിയുമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരേയും തെററിക്കുവാനായി അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും (മർക്കൊ 13.22) എന്നൊക്കെ ക്രിസ്തു തന്നെ മുൻകൂട്ടി പറഞ്ഞിട്ടുണ്ട്. അതിൻെറ നിവൃത്തീകരണമാണിതെല്ലാം. ഈ സഭകൾ സ്വേച്ഛാനുസരണം മുമ്പോട്ടു പോകയാണ്. അതുമൂലം ഇപ്പോഴും അവർ ചിന്നിച്ചിതറി പല സഭകളായി പിളൎന്നു പൊയ്ക്കൊണ്ടിരിക്കുന്നു.

## മലങ്കര സുറിയാനി സഭകൾ.

ഇനിയും നമുക്ക് കത്തോലിക്കാ സഭയിൽ നിന്ന് അകന്നുമാറി നടക്കുന്ന മലങ്കര സുറിയാനിക്കാരെ നോക്കാം. തങ്ങളുടെ കൂട്ടത്തിൽ നിന്നും തങ്ങൾക്കു് ഒരുമെത്രാനെ വാഴിപ്പിച്ചുകിട്ടണം. എന്നുള്ള അഭിലാഷപ്രകാരം മാർപാപ്പാ മലങ്കര സുറിയാനിക്കാൎക്ക് പറമ്പിൽ ചാണ്ടിമെത്രാനെ വാഴിപ്പിച്ചു കൊടുത്തു. അദ്ദേഹം തനിക്കൊരു പിൻഗാമിയെ വാഴിപ്പിച്ചില്ല. അതിനാൽ പോർട്ടുഗീസുകാർ പിന്നെയും ലത്തീൻ മെത്രാന്മാരെ വാഴിപ്പിച്ചു. കുറെ സുറിയാനിക്കാർ അവരെ സ്വീകരിച്ചു. കുറെ പേർ പിൻമാറി അങ്ങിനെയിരിക്കെ പ്രോട്ടസ്റ്റൻറുകാരായ ഡച്ചുകാർ വന്ന് പോർട്ടുഗീസുകാരെ തോല്പിച്ചു ഓടിച്ചു. അപ്പോൾ മാറിനിന്ന സുറിയാനിക്കാർ ഡച്ചുകാരോടു തങ്ങൾക്ക് ഒരു മെത്രാനെ കൊണ്ടു വന്ന് തരണമെന്നഭ്യൎത്ഥിച്ചു. അവർ പോയി കത്തോലിക്കാസഭയെ വിട്ടുനിന്നിരുന്ന മാർഗ്രീഗോറിയോസ് എന്നൊരു യാക്കോബായ മെത്രാനെ യറുശലേമിൽ നിന്നും 1665–ൽ കൊണ്ടുവന്നു. എന്നാൽ അദ്ദേഹം ഇവിടെ ആരെയുംമെത്രാനാക്കാതെ തന്നത്താൻ ഭരണംനടത്തി, വടക്കൻ പറവൂർ പള്ളിയിൽ കബറടങ്ങി. പിന്നീടു 1685–ൽ മാർ

www.malankaralibrary.com

ഈവാനിയോസും മാർ ബസേലിയോസും സിറിയായിൽ നിന്നും കേരളത്തിൽ വന്നു. അവരും മലങ്കര സഭയിൽ നിന്നാരെയും മെത്രാനാക്കിയില്ല. അവർ തന്നെ ഭരണം നടത്തി. ഇവിടെതന്നെ കബറടങ്ങി. പിന്നീട്, 1751–ൽ മാർ ഗ്രീഗോറിയോസ്, മാർബസ്സേലിയോസ് ഒരുറമ്പാൻ. രണ്ടു ശെമ്മാശന്മാർ എന്നിങ്ങനെ അഞ്ചുപേരെ വരുത്തി. അവരും ഇവിടെ ആർക്കും മെത്രാൻ സ്ഥാനം കൊടുത്തില്ല. അതിനാൽ അവരെ കൊണ്ടുവന്നതിന്റെ കപ്പൽ കൂലിയും ആരും കൊടുത്തില്ല. അവർ കേസുകൊടുത്തു. പട്ടംതന്നാൽ കപ്പൽകൂലി കൊടുക്കാമെന്ന്, ശരിയായ കൈവയ്പ് ലഭിച്ചിട്ടില്ലാത്തയാളായ മാർത്തോമ്മാ ആറാമൻ സമ്മതിച്ചു. അതനുസരിച്ച് മാർത്തോമ്മാ ആറാമനെ അവർമാർ ദീവന്നാസ്യോസ് ഒന്നാമൻ എന്നപേരിൽ മെത്രാനാക്കിവാഴിച്ചു. അദ്ദേഹത്തെ പള്ളിക്കാർ എതിരേററുകൊണ്ടുപോകുന്നതു കണ്ടപ്പോൾ ശീമക്കാർക്കു കുശുമ്പുതോന്നി. അവർ മാർകൂറിലോസ് എന്നപേരിൽ ഒരു നാട്ടുകാരനെ കൂടെ മെത്രാനാക്കി. അപ്പോൾ ഈ നാട്ടുമെത്രാന്മാർ തമ്മിൽ വഴക്കും വ്യവഹാരവുമായി. അതിൽ മാർകൂറിലോസ് തോററു. അദ്ദേഹം തൊഴിയൂർ എന്ന സ്ഥലത്തുപോയി താമസിച്ചു. ഇൻറിപെൻറൻറ് സിറിയൻ ചർച്ച് എന്നപേരിൽ ഒരു പുതിയ സഭ സ്ഥാപിച്ചു പിരിഞ്ഞുപോയി.

മാർ ദീവന്നാസ്യോസ് ഒന്നാമൻ മരിച്ചപ്പോൾ തൊഴിയൂരെ മെത്രാനെ വരുത്തി മാർ ദീവന്നാസ്യോസ് രണ്ടാമനേയും അദ്ദേഹത്തിന്റെ കാലശേഷം മാർദീവന്നാസ്യോസ് മൂന്നാമനേയും അദ്ദേഹത്തിന്റെ കാലശേഷം മാർ ദീവന്നാസ്യോസ് നാലാമനേയും വാഴിച്ചു. മാർ ദീവന്നാസ്യോസ് മൂന്നാമന്റെ കാലത്തു് 1817–ൽ പ്രോട്ടസ്റ്റന്റുകാരായ സി. എം. എസ്സ്. മിഷ്യനറിമാർ വന്നു. പാലക്ക

www.malankaralibrary.com

ന്നത്തു മത്ത്യൂസ് ശെമ്മാശനും എബ്രഹാം മല്പാനും പ്രോട്ടസ്റ്റന്റ് അനുഭാവികളായി. അതിനാൽ പ്രോട്ടസ്റ്റന്റുകാർ ആ ശെമ്മാശനെ മർദീനിൽകൊണ്ടുപോയി യാക്കോബായ പാത്രിയർക്കീസിനെ കൊണ്ട് മത്ത്യൂസ് മാർ അത്താനാസിയോസ് എന്നപേരിൽ ഒരു മെത്രാനായി വാഴിപ്പിച്ചുകൊണ്ടുവന്നു. അദ്ദേഹത്തിന്റെ പ്രോട്ടസ്റ്റന്റ് ഉപദേശങ്ങൾ കേട്ടപ്പോൾ പുലിക്കോട്ടുജോസഫ് അച്ചൻ എന്നയാളും മർദീനിലേക്ക് പോയി. പട്ടമേറ്റ് മാർദീവന്നാസ്യോസ് അഞ്ചാമനായിവന്നു മത്ത്യൂസ്മാർ അത്താനാസ്യോസ് വൃദ്ധനായപ്പോൾ അദ്ദേഹത്തിന്റെ ഒരു അനന്തിരവനെ തോമസ്മാർ അത്താനാസ്യോസ് എന്നപേരിൽ മെത്രാനായി അദ്ദേഹം തന്നെ വാഴിച്ചു. അപ്പോൾമാർ ദീവന്നാസ്യോസ് അഞ്ചാമനും തോമസ്മാർ അത്താനാസ്യോസും തമ്മിൽ വ്യവഹാരമായി. അതിൽ തോറ്റുപോയ തോമസ്മാർ അത്താനാസിയോസ് മാർത്തോമ്മാ സഭ എന്നൊരു സഭയുണ്ടാക്കി പിരിഞ്ഞുപോയി.

കേസിൽജയിച്ച മാർ ദീവന്നാസ്യോസ് അഞ്ചാമന് പിൻഗാമികളായി രണ്ടുമെത്രാന്മാരെ വാഴിപ്പിച്ചു. അവരിൽ ഒരാൾ വട്ടശേരിൽ മാർ ദീവന്നാസ്യോസ് ആറാമനും മറ്റയാൾ മാർ ക്കുറീലോസും ആയിരുന്നു. അന്ത്യോഖ്യാപാത്രിയർക്കീസ് മാർ ദീവന്നാസ്യോസിനെ മുടക്കിയതിനാൽ ഇവർ തമ്മിലും വ്യവഹാരമായി. അക്കാലത്ത് മർദിനിലും രണ്ടു പാത്രിയർക്കീസന്മാരുണ്ടായിരുന്നു. അവരിൽഒരാൾ ഇവിടെ വന്ന മാർ ദീവന്നാസ്യോസ് കക്ഷിക്കാർക്ക് ഒരുകാതോലിക്കാസ്ഥാനിയെ വാഴിച്ചു കൊടുത്തു. കേസിൽ കാതോലിക്കായുടെ കക്ഷിക്കാർ വിജയിച്ചു. അവർയാക്കോബായ സഭ എന്നപേരു കളഞ്ഞ് ഓർത്തഡോക്സ് സഭയെന്നപേർ സ്വീകരിച്ചു.

കുറെകഴിപ്പോൾ യാക്കോബായ പാത്രിയർക്കീസിന്റെ ഡലിഗേറ്റ് എന്ന സ്ഥാനവും പേറികൊണ്ട് മൂസലിൽ

www.malankaralibrary.com

നിന്നും ആണ്ടുദിഅപ്രേം മാർ സേവേറിയോസ് എന്നൊരാൾ വന്നു. അദ്ദേഹത്തിനു് വിസാനിട്ടുകൊടുപ്പിക്കാതെ മടക്കി അയപ്പിച്ചു. സമാധാനമായി എന്നുപലരും പറഞ്ഞു എങ്കിലും പിന്നെയും അവർ രണ്ടുകക്ഷിയായി പിരിഞ്ഞിരിക്കുകയാണു്. ഒരുകൂട്ടർക്കു് പാത്രിയർക്കീസ് വേണം. മറെറക്കൂട്ടർക്കു് സ്വതന്ത്രസഭയായി നില്ക്കണം. അതിന്റെ വടംവലിനടക്കുന്നതെയുള്ളു. എന്നോടുകൂടെ ചേക്കാത്തവർ ചിതറിക്കും എന്നുള്ള ക്രിസ്തുയേശുവിന്റെ മുന്നറിയിപ്പു് ഇവരാരും പരിഗണിക്കുന്നില്ല. അനുമൂലമുണ്ടാകുന്ന തകരാറാണിതു്. പത്രോസിന്റെ പിൻഗാമിയായ മാർപാപ്പായെ സ്വീകരിക്കാതെ നടക്കുന്ന പാത്രിയർക്കീസന്മാരെ സ്വീകരിച്ചു നടന്നാൽ വരുന്നതിന്റെ അനുഭവമാണിതു എന്നു് അവർ ഇന്നും മനസ്സിലാക്കുന്നില്ല.

മാർത്തോമ്മാസഭക്കാർ ഒരു നല്ല ഭരണഘടനയുണ്ടാക്കി ഒരുമിച്ചുനിന്നിരുന്നു. എങ്കിലും അവരുടെയിടയിലും അഭിപ്രായവ്യത്യാസമുണ്ടായി. ഒരുകൂട്ടർ "സെന്റ് തോമസ് ഇവാഞ്ചലിക്കൻ ചർച്ച് ഓഫ് ഇൻഡ്യാ"എന്ന പേരിൽ ഒരു പുതിയ സഭയുണ്ടാക്കി 1960 ജനുവരിമാസം 26–ാംതീയതിമുതൽ മാറിയിരിക്കയാണു്. അവക്കു് മെത്രാനെ വാഴിച്ചുകൊടുക്കുവാൻ വേറെ മെത്രാന്മാരെ കിട്ടാഞ്ഞതിനാൽ പതിനെട്ടു് പട്ടക്കാർകൂടി അവരിൽ രണ്ടുപേരെ മെത്രാന്മാരായി വാഴിച്ചു. അഞ്ചു വർഷത്തേക്കാണു് അവരെ വാഴിച്ചതു്. ആ കാലാവധി കഴിഞ്ഞപ്പോൾ അവർതമ്മിൽ തക്കംതുടങ്ങി. രണ്ടു കക്ഷിയായി പിരിയുവാൻ അവർ അവസരം നോക്കിക്കൊണ്ടിരിക്കയാണു്. എന്നോടുകൂടെ ചേക്കാത്തവൻ ചിതറിക്കും എന്ന കർത്താവിന്റെ വചനം ഇവിടെയും നിവൃത്തിച്ചുകൊണ്ടിരിക്കുന്നു.

## ഗ്രീക്ക് ഓർത്തഡോക്സ് സഭ.

ഇനിയും ക്രിസ്തുവിന്റെ മണവാട്ടി സഭയുടെ തലവനായ മാർപാപ്പായെ വിട്ടുനില്ക്കുന്ന ഗ്രീക്ക്ഓത്തഡോക്സ്

www.malankaralibrary.com

സഭയെ നോക്കാം. അവർ കത്തോലിക്കാസഭയെ വിട്ടു 1054–ൽ പിൻമാറി. കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയക്കീസ് എക്യുമനിക്കൽ പാത്രിയക്കീസ് എന്നപേർ സ്വീകരിച്ചു. അദ്ദേഹം അവിടത്തെ ഗവണ്മെൻറിൻെറ സഹായത്തോടുകൂടെ മാർപാപ്പായെ വിട്ടു സ്വതന്ത്രസഭയായി പിൻമാറി. അദ്ദേഹത്തിൻെറ കീഴിൽ. 21. പാത്രിയക്കീസന്മാരുണ്ടായിരുന്നു. പാത്രിയക്കീസ്സന്മാരെല്ലാം സമന്മാരാണെന്നു പറഞ്ഞുകൊണ്ടു് തുടങ്ങിയ ഈ അനുസരണക്കേടു് അദ്ദേഹത്തിൻെറ കീഴിലുള്ള പാത്രിയക്കീസന്മാരും കണ്ടുപഠിച്ചു. അവരിൽ മോസ്കോയിലെ പാത്രിയക്കീസ് മോസ്കോഗവണ്മെൻറിൻെറ സഹായത്തോടുകൂടെ 1530–ലും ഗ്രീസ്പാത്രിയക്കീസ് ഗ്രീസ്ഗവണ്മെൻറിൻെറസഹായത്തോടുകൂടെ 1850 ലും ബാംഗേറിയൻ പാത്രിയക്കീസ് ബാംഗേറിയൻ ഗവണ്മെൻറിൻെറ പിൻതുണയോടുകൂടെ. 1872–ലും ഓസ്ട്രീയൻ പാത്രിയക്കീസു് ഓസ്ട്രീയാഗവണ്മെൻറിൻെറസഹായത്തോടുകൂടെ. 1875–ലും സർവ്വിയൻ പാത്രിയക്കീസ് സർവ്വ്യാഗവണ്മെൻറിൻെറ പിൻതുണയോടുകൂടെ. 1879–ലും എക്യുമനിക്കൽ പാത്രിയക്കീസിൻെറ മേലധികാരം വിട്ടു പിൻമാറി. അതുപോലെ മററു പാത്രിയക്കീസന്മാരും അതതു സ്ഥലത്തെ ഗവണ്മെൻറിൻെറ കീഴിൽ സ്വതന്ത്ര പാത്രിയക്കീസന്മാരായി പിരിഞ്ഞുപോയി. ഒടുവിൽ ചില ഗവണ്മെൻറുകളെല്ലാം കമ്മ്യൂണിസ്റ്റ്ഗവണ്മെൻറായിതീർന്നപ്പോഠം മുതൽ അവിടത്തെ പാത്രിയക്കീസന്മാരും മതപ്രസംഗം നിറുത്തി മൌനികളായി കഴിഞ്ഞുവരികയാണു്. ഈ സ്ഥലങ്ങളിലൊക്കെയും മാർപാപ്പായെസ്വീകരിച്ചു നില്ക്കണമെന്നു് ആഗ്രഹമുള്ളവരുണ്ടായിരുന്നു. മാർപാപ്പാ അവക്ക്വേറെ പാത്രിയക്കീസ്സന്മാരെയും മെത്രാന്മാരെയും വാഴിച്ചു കൊടുത്തു. മാർപാപ്പായുടെ കീഴിൽ ഇപ്പോഠം മുപ്പതിൽപരം പാത്രിയ

www.malankaralibrary.com

ക്രിസ്ത്യാനികളും അറുപത്തിയഞ്ച് കോടിയിൽപരം ജനങ്ങളും ഉണ്ട്.

രാജ്യം യേശു സ്ഥാപിച്ച സഭയെ അനുസരിച്ചുനില്ക്കുന്ന ചെറിയ ആട്ടിൻ കൂട്ടത്തിന് കൊടുക്കുവാൻ നിങ്ങളുടെ പിതാവ് പ്രസാദിച്ചിരിക്കുന്നു. (ലൂക്കാ.12.32) എന്നകർത്താവിൻെറ വചനം ഇങ്ങനെ നിവർത്തിച്ചു കൊണ്ടിരിക്കുന്നു. മാർപാപ്പായെ സ്വീകരിക്കാതെ വേറെ പല സഭകളുണ്ടാക്കി നില്ക്കുന്ന പ്രോട്ടസ്റ്റൻറ് കാരും, മലങ്കരസുറിയാനിക്കാരും, ഗ്രീക്ക് ഓർത്തഡോക്സ് സഭക്കാരും ക്രിസ്തുവിൻെറ ഉപദേശം അനുസരിച്ച് പത്രോസിനെയും അദ്ദേഹത്തിൻെറ പിൻഗാമിയായി വരുന്ന മാർപാപ്പായേയും സഭയുടെ ഏക പരമാദ്ധ്യക്ഷനായി സ്വീകരിച്ച്, അനുസരണത്തിൽ നിന്നിരുന്നെങ്കിൽ എത്രയോ നന്നായിരുന്നു. ചിന്തിപ്പാൻ കഴിവുള്ളവർ ചിന്തിച്ചുനോക്കട്ടെ.

---

www.malankaralibrary.com

# അദ്ധ്യായം 6.

## പുനരൈക്യ പരിശ്രമങ്ങൾ.

ക്രൈസ്തവർ പല സഭകളായി പിരിഞ്ഞു പോയതിനെ പററി എല്ലാവരും മനോവേദനയോടുകൂടിയാണ് വീക്ഷിക്കുന്നതു്. ദൈവം ഏദൻതോട്ടത്തിൽ വച്ച് നന്മതിന്മകളെക്കുറിച്ചുള്ള അറിവിൻെറ വൃക്ഷത്തിൽ നിന്നുള്ള ഫലം ഭക്ഷിക്കരുതെന്നു് കല്പിച്ചപ്പോൾ, ആദാമിനെകൊണ്ടു തന്നെ ആ കല്പന ലംഘിപ്പിക്കണമെന്നു് പിശാചും കരുതി. അതിനായി പരിശ്രമിച്ചു. അതുപോലെ ക്രിസ്തു, തൻെറ സഭയെ സ്ഥാപിച്ചപ്പോൾ ക്രിസ്ത്യാനികളെ കൊണ്ടുതന്നെ അതിനെ ഭിന്നിപ്പിക്കണമെന്നു കരുതി, പിശാചും പരിശ്രമം തുടങ്ങി. പൌലൂസിൻെറ ലേഖനങ്ങളിൽ നിന്നു അതു ഗ്രഹിക്കാം. അദ്ദേഹം പറയുന്നു. "നിങ്ങളിൽ ഒരുവൻ ഞാൻ പൌലൂസിനുള്ളവൻ എന്നും മററൊരുവൻ ഞാൻ അപ്പല്ലോസിനുള്ളവൻ എന്നും മററൊരുത്തൻ ഞാൻ കേപ്പാവിനുള്ളവൻ എന്നും വേറൊരുത്തൻ ഞാൻ ക്രിസ്തുവിനുള്ളവൻ എന്നും പറയുന്നു. ക്രിസ്തു വിഭജിക്കപ്പെട്ടിരിക്കുന്നുവോ! പൌലൂസ് നിങ്ങൾക്ക് വേണ്ടി കുരിശിൽ തൂങ്ങിയോ. ! അല്ല പൌലൂസിൻെറ നാമത്തിൽ നിങ്ങൾ സ്നാനം ഏററുവോ! (1കോറ 1 12–13.) ക്രിസ്തു വിഭജിക്കപ്പെട്ടിട്ടില്ല. ക്രിസ്തുവല്ലാതെ പൌലൂസ് ഒരു

www.malankaralibrary.com

സ്ഥാനം ഏല്പ്പെടുത്തീട്ടുമില്ല. പല സഭകളെ ക്രിസ്തു സ്ഥാപിച്ചിട്ടുമില്ല.

എന്നാൽ പലരും പല സഭകൾ പുതുതായി ഉണ്ടാക്കീട്ടുണ്ടു്. അതു പരിഹരിക്കണമെങ്കിൽ എല്ലാവരും ക്രിസ്തു നിയമിച്ചാക്കിയ പത്രോസിൻെറ പിൻഗാമിയായ മാർപാപ്പായെ സഭയിലെ ശ്രേഷ്ഠാധികാരിയായി സ്വീകരിക്കണം. റോമാസഭയുടെ സ്ഥാപകൻ ഈ പത്രോസാണു്. ആ സഭയുടെ അദ്ധ്യക്ഷൻെറ അധികാരത്തെപററി എഴുതുമ്പോൾ പൊലൂസ് "ശ്രേഷ്ഠാധികാരം" എന്നെഴുതുന്നു. "ഏതു ദേഹിയും ശ്രേഷ്ഠാധികാരത്തിനു് കീഴടങ്ങിയിരിക്കട്ടെ. എന്തെന്നാൽ ദൈവത്തിൽനിന്നുള്ളതല്ലാതെ ഒരധികാരവുമില്ല. ഉള്ള അധികാരമോ ദൈവത്താൽ നിയമിക്കപ്പെട്ടവയാകുന്നു. ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവവ്യവസ്ഥയോടു മറുക്കുന്നു. എന്നാൽ മറുക്കുന്നവർ തങ്ങൾക്കു് തന്നെ ശിക്ഷാവിധിയെ പ്രാപിക്കും (റോമാ.13 1–2) ഈ പൌലൂസ് മററു സഭകൾക്കെഴുതുമ്പോൾ ശ്രേഷ്ഠാധികാരമെന്നെഴുതുന്നില്ല. "നിങ്ങളെ നടത്തുന്നവർ" എന്നാണു് എഴുതിയിരിക്കുന്നതു "നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പീൻ. അവർ കണക്കു് ബോധിപ്പിക്കേവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കു് വേണ്ടി ജാഗരിച്ചിരിക്കുന്നുവല്ലോ. ഇതു അവർ ഞരങ്ങികൊണ്ടല്ല. സന്തോഷത്തോടുകൂടെ ചെയ്യേണ്ടതിനു തന്നെ. അല്ലാഞ്ഞാൽ നിങ്ങൾക്കു് നന്നല്ല." (എബ്ര.13.17)

എന്നാൽ ഭിന്നിച്ചു പല സഭകളായി നില്ക്കുന്നവർ റോമിലെ മാർപാപ്പായുടെ ശ്രേഷ്ഠാധികാരത്തിനു് വഴങ്ങുവാൻ കൂട്ടാക്കുന്നില്ല. അവർ ശ്രമിക്കുന്നതു് വിഭിന്ന സഭകളായി തന്നെ നിന്നുകൊണ്ടു് തമ്മിൽ തമ്മിൽ ഒരുഐക്യത ഉണ്ടാക്കുവാനാണു്. അങ്ങിനെ ആയാൽ തങ്ങളുടെ പ്രവർത്തനവും അധികാരവും നില നിറുത്താം. തങ്ങളുടെ വിശ്വാസ പിശ

www.malankaralibrary.com

കിനെ പററി മററു സഭക്കാർ കുററം പറയുകയുമില്ല. എന്നാണു് അവരുടെ ചിന്ത. ക്രൈസ്തവസഭകളെല്ലാം പരസ്പരം സ്നേഹിക്കണമെന്നു പ്രസംഗിക്കുന്നതു് എല്ലാവക്കും സന്തോഷവുമായിരിക്കും. സഭകറം തമ്മിൽ ഐക്യം പാലിക്കണമെന്നാമാത്തോമാ മെത്രാപ്പോലീത്താ ഒരിക്കൽ മനോരമയിൽ പ്രസിദ്ധംചെയ്തു. അതിനടുത്ത മനോരമയിൽ സഭകളെല്ലാം ഐകമത്യത്തോടുകൂടി പ്രവത്തിക്കണമെന്നു് കാതോലിക്കാബാവായും പ്രസിദ്ധം ചെയ്തു. അതിനടുത്ത മനോരമയിൽ ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്ന നാണുഗുരുവിൻെറ ഉപദേശം പാലിച്ചു എല്ലാവരും ജാതിമതഭേദമെന്യെ പരസ്പരം സ്നേഹിക്കണമെന്നു് ശിവഗിരി തീത്ഥാടനക്കാരും പ്രസംഗിച്ചതായി പ്രസിദ്ധംചെയ്തു. എല്ലാവക്കും പ്രസംഗിക്കുവാൻ ഇഷ്ടമുള്ള ഒരു കാര്യമാണിതു്. ഇതുകൊണ്ടു് സഭകറം തമ്മിലുള്ള ഭിന്നത തീനു് ഒന്നാകുമോ? അതൊട്ടില്ലതാനും.

ക്രിസ്തു ഒരു സഭയെമാത്രമെ സ്ഥാപിച്ചിട്ടുള്ളു. അതിനെ ഒരു കത്താവും ഒരു വിശ്വാസവും ഒരു മാമോദീസായുമെ ഉള്ളു. (എഫേ. 4.5.) ആ സഭയിൽ ക്രിസ്തു ആത്മസ്വരൂപിയായി ഇന്നും അധിവസിക്കുന്നു. അതിനാൽ ആ സഭ ക്രിസ്തുവിൻെറ ശരീരമാകുന്നു. (എഫേ. 1.23) സഭയുടെ തല ക്രിസ്തുവാകുന്നു. (എഫേ. 4.15.) എന്നാൽ ക്രിസ്തു ഇപ്പോറം അദൃശ്യനാണു്. അതിനാൽ ഞങ്ങളുടെ സഭാതലവൻ ക്രിസ്തുവാണെന്നു് എല്ലാ സഭക്കാർക്കും പറയാം. സഭയുടെ ദൃശ്യതലവനായി ഇരിപ്പാൻ ക്രിസ്തു നിയമിച്ചാക്കിയ പത്രോസിൻെറ പിൻഗാമിയായി അതതുകാലം വാഴുന്ന മാർപാപ്പായെ സഭാതലവനായി സ്വീകരിപ്പാൻ കത്തോലിക്കാസഭയ്ക്കു് പുറത്തുപോയിട്ടുള്ള സഭകറംക്കൊന്നിനും സമ്മതമില്ല. ഏക ദൃശ്യതലവനെ സ്വീകരിച്ചുനിന്നാൽ ഭിന്നത തീരും. പാതാള

www.malankaralibrary.com

വാതിലുകൾ അതിനെ വിജയിക്കുകയില്ലെന്നു്. ക്രിസ്തു വാഗ്ദാനം ചെയ്തിട്ടുണ്ടു്. (മത്താ. 16. 18.)

വിട്ടിന്ന സഭകളുണ്ടാക്കുന്നവരെക്കുറിച്ചു് ക്രിസ്തു ഇങ്ങനെ പറഞ്ഞിരിക്കുന്നു. "എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവനു് ആരെങ്കിലും ഇടർച്ച വരുത്തുന്നതിനേക്കാൾ നല്ലതു് അവൻ അവൻെറ കഴുത്തിൽ ഒരു തിരികല്ലു് കെട്ടിത്തൂക്കി സമുദ്രത്തിൻെറ അഗാധത്തിലേയ്ക്കു് താഴ്ത്തിക്കളയുന്നതായിരിക്കും. (മത്താ. 18.6.) ഇടുക്കു വാതിലിൽ കൂടെ അകത്തു് പ്രവേശിപ്പിൻ. നാശത്തിലേക്കു് പോകുന്നവാതിൽ വീതിയുള്ളതും വഴിവിസ്താരമേറിയതുമാകുന്നു. ജീവങ്കലേക്കു് പോകുന്ന വാതിൽ ഇടുക്കവും വഴിഞെരുക്കവുമാകുന്നു. അതു് കണ്ടെത്തുന്നവർ ചുരുക്കവുമത്രെ. കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ. അവർ ആടുകളുടെ വേഷമെടുത്തു നിങ്ങളുടെഅടുക്കൽ വരുന്നു. അകമെയോ അവർ കടിച്ചുകീറുന്ന ചെന്നായ്ക്കളാകുന്നു. (മത്താ. 7. 13–15) എന്നു് കർത്താവു പറയുന്നു. ഏകദ്ദശ്യ തലവനെ സ്വീകരിച്ചുനില്ക്കുക എന്നതു ഇടുക്കുവാതിലാകുന്നു. അതിൽകൂടി അകത്തു പ്രവേശിക്കുവാൻ ഇവക്കാക്കും സമ്മതമില്ല.

1857–ൽ എപ്പിസ്കോപ്പാലിയൻ സഭയിൽപ്പെട്ട ചിലർ ഇംഗ്ലണ്ടിലെ ലോർഡു് ഹാലിഫാക്സു് പ്രഭു മുതലായവരുടെ പിൻ തുണയോടുകൂടെ എ. പി. യു. സി. (Association for promoting the unity of christandom) എന്നൊരു സംഘം സ്ഥാപിച്ചു സഭകളുടെ ഐക്യത്തിനായി ഒരു പരിശ്രമം നടത്തി. അനേകം മഹാന്മാർ അതിനെ പുകഴ്ത്തിപ്രസംഗിച്ചു. അങ്ങിനെ അതു് അവസാനിച്ചു. പിന്നീടു് ഇ. സി. എ. (Eastern Church Association.) എന്ന ഒരു സംഘം സ്ഥാപിച്ചു വേറെ ചിലർ സഭകൾ തമ്മിലുള്ള ഐക്യം കൈവരുത്തുവാൻ പരിശ്രമിച്ചു. പലരും

www.malankaralibrary.com

അതിന് മംഗളം ആശംസിച്ച കൈകൊട്ടി. അങ്ങിനെ അവരും പോയി. അതു കഴിഞ്ഞു് എ. ഇ. ഒ. സി (Anglican and Eastern Orthdox Church union) എന്നൊരു സംഘം സ്ഥാപിച്ചു് പിന്നത്തെ തലമുറക്കാർ കുറെക്കാലം പരിശ്രമിച്ചു. വളരെ നല്ലതാണെന്നു് ലോകരെല്ലാം പറഞ്ഞു. പിന്നീട് സി. യു. എഫ്. (Church unity Foundation)എന്നൊരു സംഘംസ്ഥാപിച്ചു പിന്നത്തെ തലമുറയിൽപെട്ട ചിലർ സഭകളുടെ ഐക്യം കൈവരുത്തുവാൻ ഓടിനടന്നു. അവരുടെ പരിശ്രമവും പ്രസംഗത്തിൽ അവസാനിച്ചു. ഇപ്പോഴാം (W. C. C.) "സഭൈക്യത്തിനുള്ള ലോകസഭാ കൌൺസിൽ" എന്നൊരു സംഘം സ്ഥാപിച്ചു സഭകളുടെ ഐക്യത്തിനു് പരിശ്രമിക്കുന്നു. നാശത്തിലേക്കു പോകുന്ന വാതിൽ ഒന്നുകൂടെ വലുതാക്കുവാൻ അവർക്കു് സാധിക്കുകയും ചെയ്യുന്നു.

സഭ ഏകമായിരിക്കണമെങ്കിൽ ക്രിസ്തു നിയമിച്ചാക്കിയ സഭാതലവനായ പത്രോസിൻെറ പിൻഗാമിയായി വരുന്ന മാർപാപ്പയെ സഭാതലവനായി സ്വീകരിച്ചു നടന്നാൽ മതി. അതു എല്ലാവർക്കും അറിയാം താനും. എങ്കിലും എല്ലാവരും ഏകതലവൻെറ കീഴിൽ വരികയെന്നതു് അവരുടെ ദൃഷ്ടിയിൽ ഇടുങ്ങിയ വഴിയാണു്. അതിൽകൂടെ അകത്തു പ്രവേശിക്കുവാൻ മനസ്സുള്ളവർ ചുരുക്കമാണെന്നു് അവർക്കറിയാം. വിസ്താരമേറിയ വഴി തുറന്നുകൊടുത്തു എല്ലാസഭക്കാരെയും വിഭിന്നതയിൽ തന്നെ നിലനിറുത്തുന്നതു് ആണു് എളുപ്പം എന്നവർ കരുതുന്നു. അപ്പോസ്തലന്മാർ പതിനൊന്നുപേരും നല്ലവരായിരുന്നു. എങ്കിലും ഒരു തലവനില്ലാതിരുന്നാൽ അവർ ഭിന്നിച്ചു പലതായി പോകുമെന്നു് കണ്ടതിനാലാണു് ക്രിസ്തു പത്രോസിനെ അവർക്കു് തലവനായി നിയമിച്ചതു്. പത്രോസ് പല ബലഹീനതകളും ഉള്ളയാളായിരുന്നു.

www.malankaralibrary.com

എങ്കിലും ആ ബാലഹീനതകൾ ഒന്നും സത്യവിശ്വാസവും സദാചാരവും പഠിപ്പിക്കുന്നതിന് തടസ്സമായി വരാതിരിക്കത്തക്ക വണ്ണം, സഭയിൽ ഇരിക്കുന്ന ക്രിസ്തുവിന്റെ പരിശുദ്ധാത്മാവിന് സഭയെ കാത്തുകൊള്ളുവാൻ സാധിക്കും. "ഞാൻ ലോകാവസാനത്തോളം നിങ്ങളോടുകൂടെ എല്ലാനാളും, ഉണ്ടായിരിക്കും എന്ന് ക്രിസ്തുതന്നെ വാഗ്ദാനംചെയ്തിട്ടുണ്ട് (മത്താ.28 20) അതിനാൽ പഴയകാലത്തെ മാർപ്പാപ്പാമാരെ കുററംപറഞ്ഞു കത്തോലിക്കാസഭയിൽ ചേരാതെ മാറി നില്ക്കുന്നതു ശരിയല്ല. സത്യവിശ്വാസവും സദാചാരവും ഏതൊക്കെയാണെന്ന് പഠിപ്പിക്കുന്നതു് സഭയിൽ എഴുന്നള്ളിയിരിക്കുന്ന പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനാലാണ്. അതിനാൽ സഭയെ വിശ്വസിച്ചു നില്ക്കണം.

എന്നാൽ ആ ഇടുക്കുവഴി കണ്ടുപിടിച്ച് അതിലെ പോകാതെ വേറെ ചില പ്രോട്ടസ്റ്റന്റുകാർ മറെറാരു വഴി നോക്കി. എല്ലാ സഭകൾക്കും സ്വീകാര്യമാകത്തക്ക വിധത്തിൽ ഒരുപൊതുതത്വം (Fundamental principle) രൂപീകരിച്ച് ഒരു നല്ല ഭരണസംഘടനയും ഉണ്ടാക്കി എല്ലാവരെയും അതിൽ ചേർത്തുയോജിപ്പിച്ചു ഒരു ഐക്യതയുണ്ടാക്കുവാനാണ് അവർ ശ്രമിച്ചതു്. പലരും ആ അഭിപ്രായത്തോടുചേന്നു. ഇപ്പോൾ അമേരിക്കയിലുള്ള ഫണ്ടമെൻറലിസ്റ്റ് സഭ അങ്ങിനെ തുടങ്ങിയതാണ്. ഈ അഭിപ്രായക്കാർ പ്രവർത്തിക്കുമ്പോഴൊക്കെയും വേറൊരു പുതിയ സഭകൂടെ ഉണ്ടാക്കുവാനല്ലാതെ നിലവിലിരിക്കുന്ന സഭകളിൽ ഒന്നിനെപ്പോലും ഇല്ലാതാക്കാൻ സാധിച്ചിട്ടില്ല. ജെയിംസ്. ഓ. കെല്ലി. എന്നൊരുമെഥേഡിസ്റ്റ് സഭക്കാരനും ഈ വിധത്തിലുള്ള ഒരു പുനരൈക്യത്തിന് ശ്രമിച്ചു. ക്രിസ്തീയ സഭ; ക്രിസ്തീയ പ്രമാണം എന്നല്ലാതെ ഇപ്പോഴുള്ള വിവിധപേരുകളൊന്നും പാടില്ല. എന്ന് പറഞ്ഞുകൊണ്ടു് 1714-ൽ തുടങ്ങിയതാണ് ക്രിസ്ത്യൻ ചർച്ച്

www.malankaralibrary.com

എന്ന സഭ. അവക്കും വേറൊരു പുതിയ സഭയുണ്ടാക്കുവാന ല്ലാതെ മററൊന്നും സാധിച്ചിട്ടില്ല. പത്തൊൻപതാംനൂററാ ണ്ടിൻെറ അന്ത്യഘട്ടത്തിൽ ഇതേരീതിയിൽ വേറൊരു കൂട്ടർ ഒരു പരിശ്രമം നടത്തി. തൽഫലമായുണ്ടായതാണ് നസ്രായ ക്കാരൻെറ പെന്തിക്കോസ്തുസഭ. (**Penticort Church of the Nazırin**) റവ. വില്ല്യംക്രിസ്ത്യൻ എന്നൊരാാം പിന്നീട് ഇതേമാർഗ്ഗത്തിൽ കൂടെ ഒരു സഭാഐക്യം ഉണ്ടാക്കുവാൻ ശ്രമിച്ചു. തൽഫലമായുണ്ടായതാണ് ഇന്നു് അമേരിക്കായിലുള്ള "ജീവനുള്ള ദൈവത്തിൻെറ സഭ. (**Church of the Living God**) എല്ലാസഭക്കാരും നിഷ്പ്രയാസം സ്വീകരിക്കണമെന്നു കരുതി ഒരു പുതിയ വിശ്വാസ പ്രമാണവും ഭരണഘടനയും നിർമ്മിച്ചുകൊണ്ടു് 1915-ൽ ആരംഭിച്ചതാണ് കൂട്ടായ്മയുടെ ക്രിസ്തീയ വേലക്കാരുടെ സഭ. (**Church of Christian workers for fewlloship**) വിഭിന്ന സഭകളുണ്ടാകാൻ കാര ണം. ക്രിസ്തു സ്ഥാപിച്ച സഭയെ അനുസരിക്കാതെ പോയ താണ്. ഞെരിഞ്ഞിലിൽ നിന്നു മുന്തിരിപ്പഴംപറിക്കുവാൻ സാധിക്കുകയില്ല. അനുസരണക്കേടിൽ തുടങ്ങിയതു് അനുസ രണം കെട്ടതായിവളന്നു. സഭയെ അനുസരിക്കാത്തവൻ നി നക്കു് ചുങ്കക്കാരനും പാപിയുംപോലെയിരിക്കട്ടെ (മത്താ 18.17) എന്നു് ക്രിസ്തു കല്പിച്ചിട്ടുള്ളതാണ്. അതു കൂട്ടാക്കാതെ പോയ താണു് ഈ ഭിന്നതകൾക്കെല്ലാം കാരണം.

ഇതിലൊക്കെ സമത്ഥന്മാരായ വേറെ ചിലരുണ്ടു്. അവർ പറയുന്നതു്"ക്രിസ്തു ഒരു സഭയെ സ്ഥാപിച്ചിട്ടില്ല എ ന്നാണ് അതുംശരിയല്ല. ക്രിസ്തു തൻെറ സഭയെ കീപ്പായുടെമേൽ സ്ഥാപിക്കുമെന്നു് പറഞ്ഞതു് തനിക്കു് ആ സഭയിൽ ഇരുന്നു്, അതിനെ തൻെറ ശരീരമായി ഉപയോഗിച്ചുകൊണ്ടു് ലോകാ വസാനംവരെ വേല ചെയ്യുവാൻ വേണ്ടിയാണ്. അങ്ങിനെ സഭയെ ക്രിസ്തുവിൻെറ ശരീരമാക്കണമെങ്കിൽ ക്രിസ്തു

www.malankaralibrary.com

കന്യാസ്ത്രീയമ്മയിൽനിന്നെടുത്ത ശരീരം വിടണം. അങ്ങനെ മരിച്ചശേഷം ആത്മസ്വരൂപിയായിവന്ന് അപ്പോസ്ഥലന്മാരുടെ സംഘത്തിൽ അധിവസിച്ചെങ്കിൽ മാത്രമെ അവരെ തന്റെ ശരീരമാക്കുവാൻ സാധിക്കുകയുള്ളു. അതിനായി പെന്തിക്കോസ്തു് ദിവസത്തിൽ അഗ്നിനാവിന്റെ സദൃശ്യത്തിൽ അപ്പോസ്ഥലന്മാരുടെ മേൽ ക്രിസ്തുവിന്റെ പരിശുദ്ധാത്മാവു് എഴുന്നരുളി അവരെ തന്റെ ശരീരമാക്കിതീർത്തു. ഈ ക്രിസ്തുവിന്റെ ആത്മാവു് ഒരുവനില്ലെങ്കിൽ അവൻ ഇവനുള്ളവനല്ല. (റോമ.8.9) എന്നു് പൌലൂസു് എഴുതിയിരിക്കുന്നു. "ഞാൻ പോകുന്നതു് നിങ്ങൾക്കു് നല്ലതാകുന്നു. ഞാൻ പോകാഞ്ഞാൽ ആശ്വാസപ്രദൻ നിങ്ങളിലേക്കു് വരികയില്ല. ഞാൻപോയാൽ അവനെ നിങ്ങളുടെ അടുക്കലേക്കു് അയക്കും (യോഹ.16.7.) ഞാൻ പോകയും നിങ്ങളുടെ അടുലേക്കു് വരികയും ചെയ്യും (യോഹ.14.28.) എന്നിങ്ങനെ ക്രിസ്തുതന്നെ പറഞ്ഞിട്ടുണ്ടു്. ക്രിസ്തു ശരീരം വിടാതിരുന്നാൽ ശ്ലീഹന്മാരിലേക്കു് വരാൻ സാധിക്കുകയില്ല ക്രിസ്തു മരിച്ചശേഷം ആത്മസ്വരൂപിയായി തനിക്കു് അവരിൽ എഴുന്നള്ളി അവരെ തന്റെ സഭയാക്കാം. അങ്ങിനെ ക്രിസ്തു തന്റെ സഭയെ പണിതു. കർത്താവു് രക്ഷിക്കപ്പെടേണ്ടവരെ ദിനംപ്രതി ആ സഭയോടു ചേർത്തുകൊണ്ടിരുന്നു എന്നു് നാം വായിക്കുന്നു. (അപ്പോ.പ്ര.2.47)

ക്രിസ്തുവിന്റെ സഭ, മററു സഭകളെപ്പോലെ വെറും ഒരു ആൾക്കൂട്ടമല്ല. അതു ക്രിസ്തുവിന്റെആത്മാവു് എഴുന്നള്ളിയിരിക്കുന്ന ഏക ശരീരമാണു്. (എഫെ. 1 23) (എഫെ 4.12) സഭയുടെ അടിസ്ഥാന പാറയും ക്രിസ്തുവാണു് (1പത്രോ2.6) ആ പാറയിൽ നിന്നുള്ള ജീവജലം കൂദാശകൾ വഴിയായി നമ്മിലേക്കു് ഒഴുക്കിതരുന്നു. എന്നാൽ ഈ വക കാര്യങ്ങളൊന്നും പുതുതായി ഉണ്ടായ സഭകൾ

www.malankaralibrary.com

ക്കില്ല. അതിലുള്ള വിശ്വാസവും അവക്കില്ല. പെന്തിക്കോസ്തിലുണ്ടായസഭ പത്രോസിന്റെയും ശേഷം അപ്പോസ്ഥലന്മാരുടെയും നിയന്ത്രണത്തിൽ ഇരുന്നു. അവർ ദിനംപ്രതി കുർബാന അർപ്പിച്ചും വന്നു.

സാക്ഷാത്തായ ക്രൈസ്തവസഭാ പുനരൈക്യം തേടികണ്ടുപിടിച്ചനുവർത്തിച്ച മറ്റൊരുകൂട്ടരുണ്ട്. അവർ പൂർവ്വീകമായ തങ്ങളുടെ ആചാരാനുഷ്ഠാനരീതി പാലിച്ചുകൊണ്ടു കർത്താവു പറഞ്ഞ ഇടുക്കു് വാതിലിൽക്കൂടെ കത്തോലിക്കാസഭയിലേക്കു് പ്രവേശിച്ചവരാണു് പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പായെ സഭാതലവനായി അവർ സ്വീകരിച്ചു. കത്തോലിക്കാസഭയെവിട്ടു് അകന്നു നിന്നിരുന്ന കുറെ ഏകസ്വഭാവവാദികൾ 1442–ൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. റുത്തേനിയൻ ശീശ്മയിലിരുന്ന ഒരു പാത്രിയക്കീസും കുറെ ജനങ്ങളും 1595–ൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. 1718–ൽ ശീശ്മയിലായിരുന്ന കുറെ ഈ ഗ്രൂപ്പായക്കാരും അവരുടെ വൈദികരും പുനരൈക്യപ്പെട്ടു. 1724–ൽ മല്ക്കയിറ്റ ശീശ്മക്കാരായിരുന്ന കുറെ ഗ്രീക്കുകാർ പുനരൈക്യപ്പെട്ടു. 1791–ൽ ഒരു യാക്കോബായ പാത്രിയർക്കീസും കുറെ ജനങ്ങളും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. പിന്നീടു് ഗ്രീക്കുകാരിൽപ്പെട്ട അനേകർ അവരുടെ റീത്തു അനുവദിച്ചു വാങ്ങിക്കൊണ്ടു് കത്തോലിക്കാ സഭയിൽചേർന്നു. 1830–ൽ കുറെ അർമ്മനായക്കാർ അവരുടെ ആരാധനരീതി അനുവദിപ്പിച്ചുകൊണ്ടു് കത്തോലിക്കാസഭയിൽ ചേർന്നു. 1881–ൽ ഒരു യാക്കോബായ പാത്രിയക്കീസും കുറെ ജനങ്ങളും പുനരൈക്യപ്പെട്ടു. 1930–ൽ ഈ കേരളത്തിൽ മലങ്കരയാക്കോബായ സഭയിലായിരുന്ന ഞങ്ങൾ ഞങ്ങളുടെ ആരാധനരീതി അനുവദിപ്പിച്ചു വാങ്ങിക്കൊണ്ടു് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു.

www.malankaralibrary.com

കത്തോലിക്കാസഭ മൂന്നുപറ ഗോതമ്പു മാവു മുഴുവനും പുളിപ്പിക്കുവാനായി ഒരു സ്ത്രീ എടുത്തു് അതിൽ വച്ച പുളിമാവിനോടു സദൃശ്യമാകുന്നു. ആ ചെറിയ പുളിമാവു് ആ മൂന്നു പറമാവിനെയും പുളിപ്പിക്കും പുളിപ്പില്ലാത്ത ആ മൂന്നു പറമാവിൽ ലയിച്ച ആ പുളിമാവു് അതിന്റെ പുളിപ്പിനെ നഷ്ടപ്പെടുത്തി കളയുകയില്ല. അതുപോലെ ലോകത്തെ മുഴുവൻ സത്യദൈവത്തെ കുറിച്ചുള്ള അറിവിലേക്കും ദൈവീക അനുസരണത്തിലേക്കും കൊണ്ടുവരുവാനായി, വചനമായദൈവംലോകത്തിൽ വന്നു് സ്ഥാപിച്ചതാണു്, ക്രിസ്തുവിന്റെസഭ. അതു ലോകത്തെ മുഴുവനും മാനസാന്തരപ്പെടുത്തുവാനുള്ളതാണു്. അതു പലതരം വിശ്വാസം പഠിപ്പിക്കുകയില്ല. ഭിന്നിച്ചുപോയ മക്കളോടു കത്തോലിക്കാസഭയ്ക്കുള്ള സഹതാപവും സ്നേഹവും ഇപ്പോഴുമുണ്ടു്. ആ സഭാമാതാവു് അവരെ ഐക്യതയിലേക്കു് ക്ഷണിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലുള്ള സുറിയാനിസഭകളും എല്ലാം അതനുസരിച്ചുപ്രവർത്തിച്ചെങ്കിൽ എത്രയോ നന്നായിരിക്കുമായിരുന്നു. ചിന്തിപ്പാൻ കഴിവുള്ളവർ ചിന്തിക്കട്ടെ.

www.malankaralibrary.com

# അദ്ധ്യായം 7.

## പരേതരുടെ ആത്മാക്കൾ

ക്രിസ്തുവിന്റെ ശരീരമായ തിരുസഭയിലെ ആളുകൾ മൂന്നു സ്ഥലങ്ങളിലായി സ്ഥിതിചെയ്യുന്നു. അവരിൽ ആദ്യത്തെക്കൂട്ടർ ഭൂമിയിൽ ശരീരത്തോടുകൂടെ സ്ഥിതിചെയ്യുന്നു. ശരീരം വിട്ടെങ്കിലും സ്വർഗ്ഗപ്രാപ്തിക്കു തക്ക യോഗ്യത നേടീട്ടില്ലാത്തവർ ശുദ്ധീകരണ സ്ഥലത്തു സ്ഥിതിചെയ്യുന്നു. പൂർണ്ണശുദ്ധീകരണം പ്രാപിച്ചവർ ദൈവദൂതന്മാരെപോലെ സ്വർഗ്ഗത്തിൽ ചെന്നു പാർക്കുന്നു. ഒരു ക്രിസ്ത്യാനി മരണംമൂലം ഭൂമിയിലെ സഭയിൽ നിന്നും പിരിഞ്ഞുപോകുന്നു. എങ്കിലും ക്രിസ്തുവിന്റെ സഭാ ശരീരത്തിൽ നിന്നു അയാൾ അന്യനായി തീരുന്നില്ല. അയാൾ സ്വർഗ്ഗത്തിലാകാൻ തക്ക യോഗ്യത സമ്പാദിച്ചിട്ടില്ലെങ്കിൽ ദൈവം തന്റെ പുത്രവാത്സല്യം കൊണ്ടു അയാൾക്കു ഒരു ശുദ്ധീകരണമാർഗ്ഗം ഏർപ്പെടുത്തികൊടുക്കുന്നു. പത്രോസ്സ് ഇങ്ങനെ എഴുതിയിരിക്കുന്നു. "യേശു ജഡത്തിൽ കൊല്ലപ്പെടുകയും ആത്മാവിൽ ജീവിക്കപ്പെടുകയുംചെയ്തു. ആത്മാവിൽതന്നെ, താൻ പോയി പണ്ടു നോഹയുടെ ദിവസങ്ങളിൽ പെട്ടകം ഒരുക്കുന്ന സമയം ദൈവത്തിന്റെ ദീർഘക്ഷമ കാത്തിരിക്കെ, അനുതപിക്കാത്തവരായി തടവിലുള്ള ആത്മാക്കളോടു പ്രസംഗിച്ചു. (1. പത്രോ. 3. 18–19).

www.malankaralibrary.com

യേശു മരിച്ചതിനു ശേഷമായും ശരീരത്തോടു കൂടെ ഉയിർത്തെഴുന്നേല്ക്കുന്നതിനുമുമ്പായും നടന്നിട്ടുള്ള ഒരു സംഭവമാണിതു്. ഇവിടെ പ്രസംഗിച്ചുഎന്നു് പറഞ്ഞിരിക്കുന്നതിൽനിന്നും ഈ തടവുസ്ഥലം, സ്വർഗ്ഗവുമല്ല, നരകവുമല്ല എന്നു ഗ്രഹിക്കാം. സ്വർഗ്ഗത്തിലുള്ളവരോടു പ്രസംഗിക്കേണ്ട യാവശ്യമില്ല. നരകത്തിലുള്ളവരോടു പ്രസംഗിച്ചാൽ അവർ അതു അനുസരിക്കുകയുമില്ല. പ്രസംഗിച്ചതു് അവിടെയുള്ള ആത്മാക്കാം കേട്ടു് ഗ്രഹിച്ചു ശുദ്ധീകരണം നേടത്തക്ക നിലയിലുള്ളവരായിരുന്നതിനാൽ ആണെന്നു് ഗ്രഹിക്കാം. സ്വർഗ്ഗത്തിനുതക്ക വിശുദ്ധിനേടാതെയും നരകത്തിനു്തക്ക കുററക്കാരാകാതെയും ഈ ഭൂമിയിലെ സഭയിൽ നിന്നും മരണംമൂലം കടന്നുപോകുന്നവർ ധാരാളമുണ്ടു്. അവക്കു് ഒരു അവസരം കൂടെനല്കിയാൽ അവിടെ വച്ചു് അവർ ശുദ്ധീകരണം പ്രാപിച്ചു സ്വർഗ്ഗത്തിൽ പ്രവേശിക്കും. അതിനുള്ള സ്ഥലമായതു കൊണ്ടാണു് അതിനെ തടവുസ്ഥലമെന്നു് പറഞ്ഞിരിക്കുന്നതു്. ഇതിനു് ശുദ്ധീകരണസ്ഥലമെന്നും, ദണ്ഡസ്ഥലമെന്നും പറുദീസാ എന്നുംപാതാളമെന്നും പലപേരുകളും പറയാറുണ്ടു്. യാക്കോബായ ഗ്രന്ഥങ്ങളിൽ പാതാളം എന്ന പേരാണു് പലയിടത്തും ഉപയോഗിച്ചു കാണുന്നതു്.

യേശു കുരിശിൽ കിടന്നപ്പോാം തൻെറ വലത്തുഭാഗത്തായി കുരിശിക്കപ്പെട്ടിരുന്ന കള്ളൻ അനുതപിച്ചു കർത്താവെ, നീ നിൻെറ രാജ്യത്തിൽ വരുമ്പോാം എന്നെയും ഓർത്തുകൊള്ളണമെ എന്നു് അയാാം യേശുവിനോടു് അപേക്ഷിച്ചു. അതിനു മറുപടിയായി യേശു നീ ഇന്നു് എന്നോടുകൂടെ പറുദീസായിൽ ഇരിക്കും (ലൂക്കൊ.23-41-42) എന്നു് കല്പിച്ചു. ഇവിടെ പറുദീസാ എന്നു് പറഞ്ഞിരിക്കുന്നതു് ശുദ്ധീകരണസ്ഥലത്തിൻെറ വേറൊരു പേരാണു്. യേശു മരിച്ചു എങ്കിലും അന്നു സ്വർഗ്ഗത്തിലേക്കു് പോയില്ല. അതിനാൽ ഇവിടെ പറഞ്ഞി

www.malankaralibrary.com

രിക്കുന്ന പറുദീസാ സ്വർഗ്ഗമല്ല. മരിച്ചുപോയവരുടെ ആത്മാക്കൾ താമസിക്കുന്ന സ്ഥലത്തേക്കാണ് യേശു പോയത്. ക്രിസ്തു കുരിശിൽ തൂങ്ങിമരിച്ചതു് ആദാം മുതലുള്ള തന്റെ പരേതർക്ക് വേണ്ടിയും കൂടെ ആയിരുന്നുവല്ലോ. സ്വർഗ്ഗപ്രവേശനത്തിനു് തക്ക യോഗ്യതകളെല്ലാം തികഞ്ഞവരായി മരിക്കുന്ന ക്രിസ്ത്യാനികൾ ചുരുക്കമാണു്. അതുപോലെതന്നെ നരകത്തിൽ തള്ളിക്കളയത്തക്കവണ്ണം പരമ ദുഷ്ടന്മാരായി മരിക്കുന്ന ക്രിസ്ത്യാനികളും ചുരുക്കമാണു്. മരിച്ചു് ശരീരം വിട്ടശേഷം ശുദ്ധീകരണസ്ഥലത്തുവച്ചു് തങ്ങളുടെ പോരായ്മകളും ബലഹീനതകളും പരിഹരിച്ചു ശുദ്ധീകരണം പ്രാപിച്ചു സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ ദൈവം തന്റെ കരുണയാൽ അവർക്കു് ഒരു മാർഗ്ഗം ഉണ്ടാക്കിക്കൊടുത്തിരിക്കുന്നു.

മൂന്നാമത്തെ സ്ഥലമാണു് സ്വർഗ്ഗം. പൌലൂസ് ഇങ്ങനെ എഴുതിയിരിക്കുന്നു. ഞാൻ ഇവിടം വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ ആഗ്രഹിക്കുന്നു. (ഫിലി. 1.23.) ക്രിസ്തു ഇപ്പോൾ ഇരിക്കുന്നതു സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്താണു്. (എബ്രാ. 12·2) ക്രിസ്തുവിനെ പ്രസംഗിച്ചതിൻവേണ്ടി കൊല്ലപ്പെട്ട ആളാണു് പൌലൂസ്. സജീവനെക്കാൾ അദ്ദേഹം യേശുവിനെ സ്നേഹിച്ചിരുന്നു. അങ്ങിനെയുള്ളവർ ശുദ്ധീകരണത്തിനായി ബന്ധനസ്ഥലത്തേക്കു് പോകേണ്ട. അവർക്കു് നേരെ സ്വർഗ്ഗത്തിലേക്കു് പോകാം. നാം ഈ ശരീരത്തിലിരിക്കുമ്പോൾ നമ്മുടെ ആത്മാവിനെ കാണുവാൻ ആർക്കും സാദ്ധ്യമല്ല. എന്നാൽ ഈ ശരീരം വിട്ടുകഴിഞ്ഞാൽ ആത്മാക്കൾക്കു് പരസ്പരം കാണുവാനും കേൾക്കുവാനും കഴിയും. പൌലൂസ് ഇങ്ങനെ എഴുതിയിരിക്കുന്നു. "ശരീരത്തോടുകൂടെയോ ശരീരംകൂടാതെയോ എന്നു് ഞാൻ അറിയുന്നില്ല. ദൈവം അറിയുന്നു. ഞാൻ പറുദീസായോളം എടുക്കപ്പെട്ടു. മനുഷ്യനു ആവർത്തിപ്പാൻകഴിയാത്ത വചന

www.malankaralibrary.com

ങ്ങൾ കേട്ടു (2. കൊറ 12.4) ആത്മാക്കൾക്കു തമ്മിൽതമ്മിൽ കാണാനും കേൾക്കാനും കഴിയുംഎന്നു അതിൽ നിന്നു അനുമിക്കാം.

ഇനിയും വേറൊരു കൂട്ടരുണ്ടു. അവർ തെററു പ്രവൎത്തിക്കുന്നതു ഓരോ ന്യായത്തെ അടിസ്ഥാനപ്പെടുത്തി ആയിരിക്കാം. അങ്ങിനെയുള്ളവർ താമസിക്കുന്ന സ്ഥലമാണു നരകം. വ്യഭിചാരിയായ ഒരുവന്റെ ആത്മാവു അവിടേക്കു ചെല്ലുന്നു. അപ്പോൾ മററുള്ളവർ വ്യഭിചാരിയായ ഇവനെ മർദ്ദിച്ചു മര്യാദപഠിപ്പിക്കണം എന്നു പറഞ്ഞുകൊണ്ടു വല്ലുകടിച്ചു അവന്റെനേരെ പാഞ്ഞു ചെന്നു അവനെ മർദ്ദിക്കുന്നു. അങ്ങിനെ ചെയ്യുന്നവർ വ്യഭിചാരികളല്ലെങ്കിലും അവരിൽചിലർ മോഷ്ടാവോ അക്രമിയോ ആയിരിക്കും. അപ്പോൾ ആ വ്യഭിചാരികൾ മോഷ്ടാവും അക്രമിയുമായ ഇവനെ മര്യാദപഠിപ്പിക്കണം എന്നു പറഞ്ഞുകൊണ്ടു അവന്റെനേരെ പല്ലുകടിച്ചു അവനെ മർദ്ദിക്കുന്നു. അപ്പോൾ അവരിൽ ഒരുവൻ കുലപാതകൻ ആയിരിക്കും. അവനെ വെറുതെ വിടാൻ പാടില്ലെന്നു പറഞ്ഞുകൊണ്ടു എല്ലാവരുംകൂടി അവനെ മർദ്ദിക്കുന്നു. അങ്ങിനെ അവിടെ എപ്പോഴും പകരംവീട്ടലായിരിക്കും നടക്കുന്നതു. ക്രിസ്തു പറയുന്നു. ഓരോ മനുഷ്യനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം ലഭിക്കും. (മത്താ. 16.27) ദുഷ്ടന്മാർ നിത്യ ശിക്ഷയിലേക്കും നീതിമാന്മാർ നിത്യ ജീവനിലേക്കും പോകും. (മത്താ. 25.46) (മർക്കോ. 9.43) മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയക്കും. അവർ പലവിധത്തിലുള്ള ഇടർച്ചകളേയും അധർമ്മങ്ങളെയും പ്രവൎത്തിച്ചിട്ടുള്ളവരെ കൂട്ടിച്ചേൎത്തു തീച്ചൂളയിൽ ഇടുകയും അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും. മത്താ. (13. 41. 42) പരമദുഷ്ടന്മാരായി ജീവിതം നയിച്ചിട്ടുള്ളവരുടെ ആത്മാക്കൾ ചെന്നുചേരുന്ന ഈ സ്ഥലമാണു നരകം. എന്നാൽ നരകമില്ലെന്നു റസൽസഭക്കാർ പഠിപ്പിക്കുന്നു. അതു വേദപുസ്തകാനുസരണമല്ല.

www.malankaralibrary.com

യേശു ഒരിക്കൽ ശമറിയായിൽക്കൂടി യറുശലേമി ലേക്കു് പോകയായിരുന്നു. ശമറിയാക്കാർ യറുശലേമിലെ സത്യദൈവാരാധനവിട്ടു് ഗർസീം മലയിൽ വിഗ്രഹാരാധന നടത്തിവന്നിരുന്നവർ ആയിരുന്നു. യേശു ശമറിയായിൽ ചെല്ലുമ്പോഠം രാത്രി താമസിക്കുന്നതിനു് വേണ്ട ഏർപ്പാടു ചെയ്യുവാൻ ശിഷ്യന്മാർ മുൻകൂട്ടി ശമറിയായിലേക്കു് പോയി. യേശുവും ശിഷ്യന്മാരും ഗർസീം മലയിലെ ആരാധനയ്ക്കുചെല്ലാതെ, യറുശലേമിലേക്കു പോകയാണെന്നറിഞ്ഞപ്പോഠം ശമറിയാക്കാർക്കു് വിരോധംതോന്നി. യേശുവിനും ശിഷ്യന്മാർക്കും അവിടെ താമസിക്കുവാൻ അവർ ഇടംകൊടുത്തില്ല. അപ്പോഠം യാക്കോബിനും യോഹന്നാനും ശമറിയാക്കാരോടു വൈരാഗ്യംതോന്നി. അവർ യേശുവിനോടു ദൈവം ആകാശത്തുനിന്നു അഗ്നിയിറക്കി ഇവരെ ദഹിപ്പിച്ചുകളയുവാൻ ഞങ്ങഠം പറയുന്നതിനു് അവിടത്തേക്കു് സമ്മതമുണ്ടോ എന്നു ചോദിച്ചു. അപ്പോഠം യേശു അവരെ ശാസിച്ചു. നിങ്ങഠം ഏതു ആത്മാവിനുള്ളവരാണെന്നു് അറിയുന്നില്ല എന്നു് പറഞ്ഞു. (ലൂക്കോ. 9. 51-56)

യേശു നമ്മെ വിളിച്ചിരിക്കുന്നതു്, നാം തന്റെ ഉപദേശാനുസരണം ജീവിച്ചു്, മരണാനന്തരം സ്വർഗ്ഗത്തിൽ ചെന്നുചേരണമെന്നുള്ള ആത്മാവിലാണു്. ദുഷ്ടന്മാരോടു് ദുഷ്ടത കാണിക്കണമെന്നും മററുള്ളവരുടെ കുററങ്ങഠംക്കു് തക്കതായ പ്രതികാരം ചെയ്യണമെന്നുംമററും കരുതി പ്രവത്തിക്കുന്നവരെല്ലാം മരണാനന്തരം ചെന്നുചേരുന്നതു് നരകത്തിലായിരിക്കും. അവിടെ എപ്പോഴും പല്ലുകടിയും കരച്ചിലുമെ കേഠംപ്പാനുള്ളു. ശമറിയാക്കാർ യേശുവിനെ സ്വീകരിക്കാഞ്ഞതിനാൽ യേശു വേറൊരു ഗ്രാമത്തിലേക്കു് പോയി താമസിച്ചു. അഗ്നിയിറക്കി ആരെയും ചുട്ടു നശിപ്പിക്കുവാൻ തുനിഞ്ഞില്ല. നാം ഇവിടെവച്ചു ചെയ്യുന്ന പ്രവൃത്തികളുടെ

www.malankaralibrary.com

ഒരു തഴക്കം നമ്മുടെ ആത്മാവോടുകൂടെ ഉണ്ടായിരിക്കും. നമ്മുടെ ആളത്വവും നമ്മുടെ ആത്മാവിനുണ്ടായിരിക്കും. അതുകൊണ്ടു നദികൾ ഒഴുകി കടലിൽ ചെന്നുചേൎന്നു ഒന്നാകുന്നതുപോലെ നമ്മുടെ മരണശേഷം നമ്മുടെ ആത്മാക്കൾ ലയിച്ചു ഒന്നായി പോകയില്ല. മനുഷ്യരുടെ ആത്മാക്കൾ അവരുടെ ആളത്വത്തോടുകൂടെയും അവരുടെ പ്രവൃത്തികളുടെ തഴക്കത്തിലും ഇരിക്കുന്നതാകകൊണ്ടു ആത്മാക്കളെ തമ്മിൽ വേർതിരിച്ചറിയുവാൻ സാധിക്കും.

നരകത്തിലുള്ള ആത്മാക്കൾ ഓരോ ന്യായംപറഞ്ഞു പരസ്പരം ഉപദ്രവിക്കുന്നവരായിരിക്കും. ശുദ്ധീകരണ സ്ഥലത്തുള്ള ആത്മാക്കൾ പരസ്പരം തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടു നന്നാകുവാൻ പരിശ്രമിക്കുന്നവരായിരിക്കും. ഇതാണു നരകത്തിലെയും ശുദ്ധീകരണസ്ഥലത്തിലെയും ആത്മാക്കൾ തമ്മിലുള്ള വ്യത്യാസം. ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളെക്കുറിച്ചു ഹെസക്കിയേൽ പ്രവാചകൻ ഇങ്ങിനെ എഴുതിയിരിക്കുന്നു. "ഞാൻ എന്റെ ആത്മാവിനെ അവരുടെ ഉള്ളിലാക്കി അവരെ എന്റെ കല്പനകളിൻപ്രകാരം നടക്കുമാറാക്കും: അവർ എന്റെ ന്യായപ്രമാണങ്ങൾ അനുസരിച്ചു അവയെ ചെയ്യും. (ഹെസക്കി. 36.27) ശുദ്ധീകരണസ്ഥലത്തുള്ള ആത്മാക്കളെല്ലാം ഇങ്ങനെ സ്വൎഗ്ഗത്തിനുതക്ക യോഗ്യത സമ്പാദിച്ചു സ്വൎഗ്ഗത്തിലേക്കു പോകും. സ്വൎഗ്ഗത്തിൽ കുറവുള്ളവരാരുമില്ല. അവരെക്കുറിച്ചു യറമിയാ പ്രവാചകൻ ഇങ്ങനെ എഴുതിയിരിക്കുന്നു. "ഇനിയും ഒരുവനും തന്റെ അയൽക്കാരനോടും, സഹോദരനോടും യഹോവായെ അറിയുക എന്നു ഉപദേശിക്കേണ്ടതില്ല. എന്തെന്നാൽ അവരിൽ ചെറിയവൻ മുതൽ വലിയവനാവരെയും എല്ലാവരും എന്നെ അറിയും എന്നു യഹോവാ പറയുന്നു. എന്തെന്നാൽ ഞാൻ അവരുടെ അകൃത്യത്തെ മോചിച്ചു. അവരുടെ പാപത്തെ ഞാൻ ഇനിയും

www.malankaralibrary.com

ഓൎക്കുകയുമില്ല. (യറ.31.34.) പൌലൂസ് മൂന്നാം സ്വൎഗ്ഗംവരെ ഒരിക്കൽ ആത്മദൃഷ്ടിയിൽ വീക്ഷിച്ചുകണ്ടതായി പറഞ്ഞിരിക്കുന്നു. (2.കൊറ.12.2–4) അത്രേ സാക്ഷാൽ സ്വൎഗ്ഗം.

ഒരിക്കൽ ഒരുനല്ല ക്രിസ്തീയ പ്രവൎത്തകൻ ഉണ്ടായിരുന്നു. അദ്ദേഹം വേദപുസ്തകം നല്ലതുപോലെ പഠിക്കുകയും പ്രസംഗിക്കുകയും ആളുകളെ മാനസാന്തരപ്പെടുത്തി മാമോദീസാ മുക്കി തിരുസഭയിൽ ചേൎക്കുകയും ചെയ്തിരുന്നു. ഒടുവിൽ അദ്ദേഹവും മരിച്ചു. സ്വൎഗ്ഗത്തിൽകയറാൻ ചെന്നു. അപ്പോൾ സ്വൎഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്ക് തരുമെന്ന് കല്പിച്ച കൎത്താവിൽ നിന്നും പ്രാപിച്ച താക്കോലുമായി പത്രോസ് സ്വൎഗ്ഗരാജ്യത്തിന്റെ വാതില്ക്കൽ നില്ക്കുന്നതായി കണ്ടു. എന്നെ അകത്തേക്ക് ഒന്നു വിടണം എന്ന് അദ്ദേഹം പത്രോസിനോടു അഭ്യൎത്ഥിച്ചു. ഉടനെ പത്രോസ് അദ്ദേഹത്തോടു നിങ്ങൾ ശുദ്ധീകരണസ്ഥലമെന്നു പറയുന്ന ആ കാണുന്ന സ്ഥലത്തുചെന്ന്, അവിടത്തെ ശുദ്ധീകരണം കഴിഞ്ഞ്‌വന്നാൽ ഇവിടെ കയറാം എന്നു പറഞ്ഞു. അങ്ങിനെ സംഭാഷിച്ചു കൊണ്ട് നില്ക്കുമ്പോൾ ഒരു വലിയമ്മയുടെ ആത്മാവിനെയും കൂട്ടികൊണ്ട് കുറെ മാലാഖമാർ വന്നു. പത്രോസ് മാറികൊടുത്തു. അവർ യാതൊരു തടസവും കൂടാതെ സ്വൎഗ്ഗത്തിലേക്ക് പോകയും ചെയ്തു.

അപ്പോൾ അദ്ദേഹം പത്രോസിനോടു, അയ്യോ! ഇതു ഞാൻ ഉപദേശിച്ചു മാനസാന്തരപ്പെടുത്തിയ ഒരു വലിയമ്മയാണ്. അവരെ അകത്തേക്ക് വിടാം എന്നെ വിടുകയില്ല. ഇതുകുറെ കഷ്ടമാണ് എന്ന് പറഞ്ഞു. അപ്പോൾ മുട്ടിപ്പായി അപേക്ഷിച്ചാൽ കേൾക്കും (ലൂക്കാ. 11.9) എന്നൊരു വേദവാക്യം അദ്ദേഹത്തിന് ഓൎമ്മയിൽ വന്നു. എന്നെ കൂടെ അകത്തേക്ക് വിട്ടെമതിയാകു എന്ന് അദ്ദേഹം മുട്ടിപ്പായി അപേക്ഷിച്ചുതുടങ്ങി. അപ്പോൾ പത്രോസ് മാറികൊടുത്തു. അദ്ദേഹം

www.malankaralibrary.com

അകത്തേക്ക് കയറി പോകയും ചെയ്തു. അദ്ദേഹം ഒരു നല്ല ക്രിസ്തീയ പ്രവർത്തകനായിരുന്നു. എങ്കിലും ഒരു ചെറിയ ദുസ്സ് തഴക്കം അദ്ദേഹത്തിന്റെ ആത്മാവിലുണ്ടായിരുന്നു. തന്റെ ദൃഷ്ടിയിൽ കൌതുകമുള്ളതായി വല്ലതും കണ്ടാൽ അതു തന്റെ സ്വന്തമാക്കണം എന്നൊരു ദുർമോഹം ആ ആത്മാവിനുണ്ടായിരുന്നു. അദ്ദേഹം സ്വർഗ്ഗത്തിൽ കയറി ഒരു വിശുദ്ധന്റെ മുറിയിൽ ചെന്നപ്പോൾ, അവിടെ കൌതുകമുള്ള ഒരു സാധനം കണ്ടു. അതു കൈക്കലാക്കണമെന്നു് തോന്നി. സ്വർഗ്ഗത്തിലും ശുദ്ധീകരണസ്ഥലത്തും നരകത്തിലുമുള്ള ആത്മാക്കൾക്ക് എല്ലാം പരസ്പരം ഹൃദയവിചാരങ്ങൾ അറിയുവാൻസാധിക്കും. ഇദ്ദേഹത്തിന്റെ മനസിൽ തോന്നിയ വിചാരം അവിടെയുള്ള എല്ലാവരും അറിഞ്ഞു. അവർ പരസ്പരം നോക്കി ചിരിതുടങ്ങി.

നിനക്കുള്ളതെല്ലാം വിററു ദരിദ്രർക്കു് കൊടുക്കുക. നിനക്കു് സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും. എന്നു് പറഞ്ഞപ്പോൾ ദുഃഖത്തോടുകൂടെ ഇറങ്ങിപ്പോയ ധനികനെപോലെ (ലൂക്കാ.18.23) ഇദ്ദേഹം മ്ലാനവദനനായി അവിടെ നിന്നിറങ്ങി. വേറൊരു വിശുദ്ധന്റെ മുറിയിൽ ചെന്നു. അവിടെയും ഒരു വിശിഷ്ട സാധനം കണ്ടു. അതു തട്ടി എടുക്കണമെന്നാഗ്രഹിച്ചു. ഉടനെ അതു അവിടെ ഉള്ള എല്ലാവരും അറിഞ്ഞു ചിരിച്ചു. ലജ്ജിതനായി അദ്ദേഹം അവിടെനിന്നും ഇറങ്ങി, ചിന്തിക്കുവാൻ തുടങ്ങി. സ്വർഗ്ഗം പരമാനന്ദസ്ഥലമാണു്. പക്ഷെ അതു അനുഭവിപ്പാൻ എനിക്കു് എന്തോ കുറവുണ്ടു്. എന്നിങ്ങനെ ചിന്തിച്ചുകൊണ്ടു് നില്ക്കുമ്പോൾ, പത്രോസു പറഞ്ഞ ശുദ്ധീകരണസ്ഥലത്തിന്റെ കാർയ്യം ഓർമ്മയിൽ വന്നു. ഉടനെ അദ്ദേഹം പത്രോസിന്റെ അടുക്കൽ ചെന്നു് അന്വേഷിച്ചു. പത്രോസ് അതു കാണിച്ചു കൊടുത്തു. ശുദ്ധീകരണസ്ഥലത്തുള്ള ആത്മാക്കൾക്കു് പരസ്പരം ബലഹീ

www.malankaralibrary.com

ദനകളും അവശതകളും ചൂണ്ടികാണിച്ചുകൊടുത്തു നന്നാക്കുവാൻ തക്ക അനുകമ്പയും സ്നേഹവും ഉണ്ടു്. അങ്ങിനെ അദ്ദേഹം വേണ്ട ശുദ്ധീകരണംപ്രാപിച്ചു തിരിച്ചുവന്നു. പത്രോസിനു് വലിയ സന്തോഷമായി. വാതിൽ തുറന്നുകൊടുത്തു. മാലാഖമാർവന്നു് അദ്ദേഹത്തെ സ്വർഗ്ഗത്തിലേക്കു് കൂട്ടികൊണ്ടുപോയി. അദ്ദേഹം അവിടെ വിശുദ്ധന്മാരോടും മാലാഖമാരോടുംകൂടി സദാ ദൈവത്തിനു് സ്തുതിഗീതങ്ങൾ പാടി ആനന്ദിച്ചു സ്വർഗ്ഗത്തിൽ പാർക്കുകയുംചെയ്തു.

ഈ പ്രപഞ്ചത്തിൽ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഭൂമിയിൽനിന്നു് വളരെ അകലത്തിലായി സ്ഥിതിചെയ്യുന്നു എങ്കിലും അവയുടെ സഹായം ഭൂമിക്കു് ലഭിക്കുന്നു. സൂര്യന്റെ വെളിച്ചവും ചൂടും തട്ടിയാണു് ലോകത്തിൽ വൃക്ഷലതാദികളും മററു ജീവികളും വളരുന്നതു്. ചന്ദ്രൻ സൂര്യനിൽനിന്നും വെളിച്ചം പ്രാപിച്ചു അതിനെ ഭൂമിയിലേക്കയച്ചു ഭൂമിയിൽ വേലിയേററവും വേലിയിറക്കവും ഉണ്ടാക്കി കൃഷിസ്ഥലങ്ങളേയും ജലാശയങ്ങളെയും സഹായിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ നക്ഷത്രങ്ങളും പലവിധത്തിൽ നമ്മെ സഹായിക്കുന്നുണ്ടു്. യേശുവിന്റെ ജനനത്തെപ്പററി വിദ്വാന്മാർ ഗ്രഹിച്ചതു് നക്ഷത്രംകണ്ടാണു്. ഇതുപോലെ സ്വർഗ്ഗത്തിലിരിക്കുന്നവരും, ശുദ്ധീകരണസ്ഥലത്തിരിക്കുന്നവരും, ഭൂമിയിലെ സഭയിലിരിക്കുന്നവരും പരസ്പരം സഹായിക്കേണ്ടതും സഹകരിക്കേണ്ടതുമാണു്. നാം മരിച്ചുപോയവർക്കുവേണ്ടി പ്രാർത്ഥിക്കുകയും സ്വർഗ്ഗത്തിലിരിക്കുന്നവർ നമുക്കുവേണ്ടി പ്രാർത്ഥിക്കുകയും മദ്ധ്യസ്ഥത യാചിക്കുകയും, നാം അവരെ ബഹുമാനിക്കുകയും വേണം.

---

www.malankaralibrary.com

# അദ്ധ്യായം 8.

## തിരുസഭയുടെ മാതാവു്.

യോഗ്യതയുള്ള ഒരു അമ്മയെ തിരഞ്ഞെടുത്തു് ആ അമ്മയിൽ നിന്നു ജനിക്കുവാൻ നമുക്കാർക്കും സാധിക്കുകയില്ല. നമ്മെ പ്രസവിച്ച അമ്മ നമ്മുടെ അമ്മ. എന്നാൽ ക്രിസ്തു നമ്മെ പോലെയല്ല. അദ്ദേഹം നാം ചെയ്തുപോയ പാപത്തിനു് പരിഹാരമുണ്ടാക്കുവാൻ ദൈവത്താൽ അയയ്ക്കപ്പെട്ടയാളാണു്. അദ്ദേഹത്തിനു് പാപമില്ലാത്ത ഒരു ശരീരം എടുക്കത്തക്ക ഒരു അമ്മയെ നല്കുവാൻ ദൈവത്തിനു് കഴിയും. യേശു രണ്ടാമത്തെ ആദാമാണു്. ഒന്നാമത്തെ ആദാം ജീവനുള്ള ദേഹി ആയിരുന്നു. രണ്ടാമത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവത്രേ. (1 കോറ. 15. 45) എന്നെഴുതിയിരിക്കുന്നു. ആദ്യത്തെ ആദാമിനെയും ഹവ്വായേയും ദൈവം പാപമില്ലാത്തവരായി സൃഷ്ടിച്ചു. എങ്കിലും അവർ പിശാചിനു്കീഴ്പെട്ടതിനാൽ അവരുംഅവരുടെ സന്താനങ്ങളും പാപത്തിൻെറ ശിക്ഷയ്ക്കു അർഹരായിതീർന്നു. ഏകമനുഷ്യനാൽ പാപവും പാപം മൂലം മരണവും ലോകത്തിൽ കടന്നു എന്നെഴുതിയിരിക്കുന്നു. (റോമ. 5. 12) അങ്ങിനെ ശിക്ഷാർഹരായ നമ്മെ രക്ഷിപ്പാൻ വന്ന രണ്ടാമത്തെ ആദാമായ ക്രിസ്തു പാപമില്ലാത്ത ശരീരം ഉള്ളവനായിരിക്കണം.

ക്രിസ്തു ജനിച്ചതു് കന്യകമറിയാമിൽ നിന്നാണു്. ആദ്യത്തെ ഹവ്വായെ സൃഷ്ടിച്ചതു പാപമില്ലാത്തവളായിട്ടാണു്. അതു

www.malankaralibrary.com

പോലെ ക്രിസ്തുവിൻെറ അമ്മയായ മറിയാമും അമലോത്ഭവ യായി സൃഷ്ടിക്കപ്പെടണം. അങ്ങിനെ സൃഷ്ടിക്കപ്പെടുകയും ചെയ്തു. മാതാവു് അമലോത്ഭവയാണെങ്കിൽ മാതാവിൻെറ രക്ഷ യേശുവിൽ കൂടെയല്ലല്ലോ എന്നു് വാദിക്കുന്നവരു ണ്ടാകാം. യേശുവിനെ പ്രതിയാണു് മാതാവിനു് അമലോ ത്ഭവം നല്കിയതു്. അതിനാൽ ആ വാദത്തിനു് ന്യായമില്ല. മാതാവിനുണ്ടായിരുന്ന ഗുണങ്ങളെല്ലാം യേശുവിനെ പ്രതിന ല്കപ്പെട്ടവയാകയാൽ മാതാവിൻെറ രക്ഷയും യേശുവിൽ കൂടെ യാണു് ലഭിക്കുന്നതു്. ആകാശത്തിൻെറകീഴിൽ മനുഷ്യ കുലത്തിൻെറ രക്ഷയ്ക്കു് യേശുവിനെയല്ലാതെ മററാരെയും നല്കീട്ടില്ല.

യേശുവിൻെറ വരവിനെ കുറിച്ചു ലോകത്തെ അറിയി ക്കുവാൻ മുന്നോടിയായി അയക്കപ്പെട്ടയാളാണു് യോഹന്നാൻ സ്നാപകൻ. അദ്ദേഹത്തിനെ ഗർഭത്തിൽ വഹിച്ചിരുന്ന ഏലി ശുബാ, യേശുവിനെ ഗർഭത്തിൽ വഹിച്ചിരുന്ന കന്യക മറിയാമിനെ കണ്ട അപ്പോഠം യോഹന്നാൻ ഏലിശുബാ യുടെ ഗർഭപാത്രത്തിൽകിടന്നു തുള്ളി. ഏലിശുബാ മറിയാമി നോടു അത്യുച്ചത്തിൽ പറഞ്ഞതു് "നീ സ്ത്രീകളിൽ അനുഗ്ര ഹിക്കപ്പെട്ടവളാകുന്നു. നിൻെറ ഉദരഫലവും വാഴ്ത്തപ്പെട്ട താകുന്നു. എൻെറ കത്താവിൻെറ അമ്മ എൻെറ അടുക്കൽ വരുന്നതു് എവിടെനിന്നാണു്." (ലൂക്കാ. 1.43) എന്നായി രുന്നു. കന്യക മറിയാമിനെ കത്താവിൻെറ അമ്മ, അതാ യതു് ദൈവമാതാവു എന്നു് ആദ്യമായി വിളിച്ചതു് ഈ ഏലിസബേത്താണു്. അതു പരിശുദ്ധാത്മ നിവേശിതയായി പറഞ്ഞതുമത്രെ. എൻെറ ദേഹി കത്താവിനെ മഹത്വപ്പെ ടുത്തുന്നു. എൻെറ ആത്മാവു് എൻെറ രക്ഷകനായ ദൈവ ത്തിൽ ഉല്ലസിച്ചിരുന്നു. എന്നു് മാതാവും പറഞ്ഞു. ഒരിക്കൽ ഒരു യഹൂദസ്ത്രീ യേശുവിനെ കണ്ടപ്പോഠം അത്ഭുതപ്പെട്ടു.

www.malankaralibrary.com

"നിന്നെ ചുമന്ന വയറും നിന്നെ കുടിപ്പിച്ച മുലകളും എത്രയോ ഭാഗ്യമേറിയതു്" എന്നു പറഞ്ഞു. (ലൂക്കാ. 11.27) ഇതിൽനിന്നു എല്ലാം മാതാവ് സകല വിശുദ്ധന്മാരെക്കാളും പരിശുദ്ധയായിരുന്നു എന്നു് ഗ്രഹിക്കാം.

മാതാവിനെ കാണുന്നതെല്ലാം യേശുവിനോടുകൂടെയാണു്. ആട്ടിടയന്മാർ വന്നപ്പോഠം ശിശുവായ യേശുവിനെ അമ്മയോടുകൂടെ കണ്ടു. (ലൂക്കാ. 2.16.) വിദ്വാന്മാർ വന്നപ്പോഴും യേശുവിനെ മാതാവിനോടുകൂടെ കണ്ടു. (മത്താ. 2.11) നാല്പതാംദിവസം യേശുവിനെ കൊണ്ടുപോയി ദേവാലയത്തിൽ കാഴ്ച വച്ചപ്പോഴും മാതാവു കൂടെയുണ്ടായിരുന്നു. (ലൂക്കാ. 2.33) ഹേറോദേസ് ശിശുക്കളെയെല്ലാം കൊല്ലിച്ചപ്പോഠം യേശുവിനെ അതിൽനിന്നു രക്ഷപ്പെടുത്തുവാനായി മിസ്രേമിലേക്കു് ഓടിപ്പോയപ്പോഴും മാതാവുകൂടെ ഉണ്ടായിയിരുന്നു. (മത്താ. 2.13.) ഹേറോദേസ് മരിച്ചശേഷം തിരുകുടുംബം മടങ്ങിവന്നപ്പോഴും മാതാവുകൂടെ ഉണ്ടായിരുന്നു. (മത്താ. 2.20–21.) യേശുവിൻെറ പന്ത്രണ്ടാമത്തെ വയസ്സിൽ പെസഹാ പെരുന്നാളിനു യേശുവിനെ യറുശലേം ദേവാലയത്തിലേക്കു് കൊണ്ടുപോയപ്പോഴും, അവിടെ നിന്നു മടങ്ങിപോന്നപ്പോഴും മാതാവ് കൂടെ ഉണ്ടായിരുന്നു. (ലൂക്കാ. 2.48) കാനായിലെ കല്ല്യാണത്തിനു് യേശുവും മാതാവും ഉണ്ടായിരുന്നു. (യോഹ. 2 1) മാതാവ് പറഞ്ഞതനുസരിച്ചാണു് യേശു വെള്ളത്തെ വീഞ്ഞാക്കി അവർക്കു് കൊടുത്തതു്. യേശു കുരിശിൽ തൂങ്ങികിടന്നപ്പോഴും മാതാവു് കുരിശിൻചുവട്ടിലുണ്ടായിരുന്നു. (യോഹ. 19 25–26) പെന്തിക്കോസ്തു് ദിവസത്തിൽ അപ്പോസ്തലന്മാരുടെ മേൽ പരിശുദ്ധാവിറങ്ങിയപ്പോഴും മാതാവ് അവിടെ ഉണ്ടായിരുന്നു. (അപ്പോ പ്ര. 1.14) ഒരിക്കലും യേശുവിനെ വിട്ടുപിരിയാതെ ഇരുന്നിട്ടുള്ളതായി ഇതുപോലെ വേറൊരാളുമില്ല. യേശു ഉപദേശിച്ചിട്ടുള്ള സദുപദേശങ്ങ

www.malankaralibrary.com

ളെല്ലാം മാതാവിൽ രൂഢമൂലമായിരുന്നു. തിരുസഭയും ആരംഭം മുതലെ മാതാവിനെ എല്ലാ പരിശുദ്ധന്മാരിലും വച്ച് അതി ശ്രേഷ്ഠയായി പരിഗണിച്ചുവരുന്നു.

യേശു കുരിശിൽ തൂങ്ങികിടന്നപ്പോൾ തന്റെ അമ്മയും താൻ സ്നേഹിച്ചിരുന്ന യോഹന്നാനും നില്ക്കുന്നതു കണ്ടിട്ടു സ്ത്രീയെ ഇതാ നിന്റെ മകൻ എന്നു് യോഹന്നാനെ കാണിച്ചു കൊണ്ടു് യേശു തന്റെ അമ്മയോടു പറഞ്ഞു. അതുപോലെ തന്നെ ഇതാ നിന്റെ അമ്മ എന്നു് മാതാവിനെ കാണിച്ചു കൊണ്ടു് യോഹന്നാനോടും പറഞ്ഞു. ആ നാഴിക മുതൽ യോഹന്നാൻ മാതാവിനെ സ്വഭവനത്തിൽ കൈക്കൊള്ളുകയും ചെയ്തു. (യോഹ. 19·26–27) ശേഷമുള്ള അപ്പോസ്തലന്മാരെല്ലാം ഇതു അറിഞ്ഞപ്പോൾ മുതൽ മാതാവിനെ അവരുടെയും മാതാവായി സ്വീകരിച്ചു. മാതാവു അവരെയും തന്റെ മക്കളെപ്പോലെ സ്വീകരിച്ചു. മാമോദീസാ സ്വീകരിച്ചിട്ടുള്ള ക്രിസ്ത്യാനികളെല്ലാം ക്രിസ്തുവിന്റെ സഹോദരന്മാരും കൂട്ടവകാശികളുമാണു്. (റോമ 8.17) അങ്ങിനെ ക്രിസ്തുവിന്റെ സഹോദരന്മാരായവരെല്ലാം കന്യാസ്ത്രീയമ്മയെ തങ്ങളുടെ അമ്മയായി അപ്പോസ്തലന്മാരെപ്പോലെ തന്നെ സ്വീകരിക്കേണ്ടതുമാണു്. അങ്ങിനെ മാതാവ് തിരുസഭയുടെ മാതാവായി തീർന്നു. എന്നാൽ സഭയേയും സഭാതലവനായ പത്രോസിന്റെ പിൻഗാമിയായ മാർപാപ്പയേയും ഉപേക്ഷിച്ചുപോയവർ മാതാവിനെയും ഹസിച്ചു തള്ളികളഞ്ഞുകൊണ്ടു് നില്ക്കുകയാണു്. അതു ശരിയല്ലന്നല്ലാതെ എന്തു പറയേണ്ടു.

ക്രിസ്തു മാതാവിനെ സ്ത്രീയെ! എന്നു് വിളിച്ചിട്ടുണ്ടു്. കാനായിലെ കല്യാണവിരുന്നു് സമയത്തും യേശു കുരിശിൽ കിടന്നപ്പോഴും മാതാവിനെ സ്ത്രീയേ! എന്നു വിളിച്ചിട്ടുണ്ടു്. ആ വാക്യങ്ങളെടുത്തു കാണിച്ചുകൊണ്ടു്, യേശു മാതാവിനെ ഒരു വെറും സ്ത്രീയായി മാത്രമെ പരിഗണിച്ചിരുന്നുള്ളു എന്നും

www.malankaralibrary.com

ക്രിസ്ത്യാനികളായ നാമും ക്രിസ്തുവിന്റെ അമ്മയെ ഒരു സാധാരണ സ്ത്രീയായി മാത്രം പരിഗണിച്ചാൽ മതിയെന്നും ചിലർ പറയാറുണ്ട്. എന്നാൽ അതു ശരിയല്ല. ക്രിസ്തു തന്റെ മാതാവിനെ ആ സന്ദർഭങ്ങളിൽ സ്ത്രീയെ! എന്നു വിളിച്ചതു പ്രത്യേക കാരണത്താലാണ്. ഏദൻ തോട്ടത്തിൽ വച്ച് ദൈവം പാമ്പിനോടു പറഞ്ഞതു് "ഞാൻ നിനക്കും സ്ത്രീയ്ക്കും തമ്മിലും, നിന്റെ സന്തതിക്കും അവളുടെ സന്തതിയ്ക്കും തമ്മിലും ശത്രുതയെ ഉണ്ടാക്കും" എന്നാണ്. (ഉല്പ.3.15) ആ സ്ത്രീ കന്യാസ്ത്രീയമ്മയും അവളുടെ സന്തതി യേശുവും ആണ്. അതിൻ പ്രകാരം സാത്താനുമായി ശത്രുതയിലിരിക്കുന്ന ഏക സ്ത്രീയാണ് ക്രിസ്തുവിന്റെ അമ്മ. ആ സ്ത്രീയാണല്ലോ കല്ല്യാണക്കാർക്കു് വീഞ്ഞുണ്ടാക്കി കൊടുക്കണമെന്നു് പറയുന്ന തന്റെ അമ്മ. സാത്താന്റെ തല ചതയ്ക്കുവാൻ വന്നിരിക്കുന്ന ക്രിസ്തു ദൈവപുത്രനാണെന്നു് തെളിയിക്കുന്നതിനുള്ള ആദ്യത്തെ അത്ഭുത പ്രവൃത്തിയായിരുന്നു അതു്. പിശാചിനോടു ശത്രുതയുള്ള തന്റെ മാതാവാണ് അവക്ക് അതു ചെയ്തുകൊടുക്കണമെന്നു് ആവശ്യപ്പെടുന്നതു്. അതോർത്തപ്പോൾ ഏദൻ തോട്ടത്തിൽ വച്ച് ക്രിസ്തുവിന്റെ മാതാവിനു് ദൈവം ഇട്ട "സ്ത്രീ" എന്ന പേരു തന്നെ ഉപയോഗിച്ചു.

അതുപോലെ താൻ കുരിശിൽ തൂങ്ങികിടന്നു് സാത്താന്റെതലയെ ചതയ്ക്കുന്ന സന്ദർഭത്തിലും തന്റെ മാതാവിനെ ദൈവം ഇട്ട പേരിൽതന്നെ വിളിച്ചു ഇതു മാതാവിനോടുള്ള ബഹുമാനക്കുടുതൽകൊണ്ടു വിളിച്ചിട്ടുള്ളതാണ്. സാത്താനായ പാമ്പിനോടു നിത്യ ശത്രുതയിലിരുന്നിട്ടുള്ള ഏക സ്ത്രീയാണ് കന്യാസ്ത്രീയമ്മ. ഹവ്വാ സാത്താനുമായി ഐക്യനിര സൃഷ്ടിക്കയാണ് ചെയ്തതു്. അതിനാൽ ഹവ്വയെ ഉദ്ദേശിച്ചല്ല ദൈവം ഏദൻതോട്ടത്തിൽവച്ച് ഞാൻ സ്ത്രീയ്ക്കും അവളുടെ സന്തതിയ്ക്കും സാത്താനുമായി വിരുദ്ധതയുണ്ടാക്കുമെന്നു് പറഞ്ഞത

www.malankaralibrary.com

തെന്നു മനസ്സിലാക്കാം. യേശുവിൻെറ പിതാവായ ദൈവത്തിന്നു തുല്യനായി സ്വഗ്ഗത്തിൽ ആരുമില്ല. യേശുവിൻെറ മാതാവിന്നു തുല്യയായി ലോകത്തിലും ആരുമില്ല. അതിനാലാണു് ക്രിസ്തുവിനോടുള്ള പ്രാത്ഥനയുടെ അവസാനത്തിൽ സ്വഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ എന്ന കർത്തൃപ്രാത്ഥനയും അതേതുടർന്നു് കൃപ നിറഞ്ഞ മറിയമെ എന്നു് മാതാവിനോടുള്ള പ്രാത്ഥനയുംകൂടി ചേർത്തു കത്തോലിക്കർ ചൊല്ലിവരുന്നതു്.

മാതാപിതാക്കന്മാരെ ബഹുമാനിക്കണമെന്നു് പത്തു കല്പനയിൽ എഴുതികൊടുത്ത ദൈവവചനമാണു് ക്രിസ്തു. ആ വചനം ശരീരമെടുത്തു കൃപയുംസത്യവും നിറഞ്ഞവനായി നമ്മോടുകൂടെ പാർത്തു (യോഹ.1.14) എന്നാണല്ലോ സുവിശേഷത്തിൽ കാണുന്നതു്. അങ്ങിനെയുള്ള ക്രിസ്തു സ്വമാതാവിനെ ബഹുമാനിച്ചില്ലെന്നു് പറയുന്നതു ശരിയല്ല. അപ്പനേയും അമ്മയേയും ബഹുമാനിക്കണമെന്നും, അപ്പനേയോ അമ്മയേയോ ബഹുമാനിക്കാത്തവൻ മരിക്കണമെന്നും ദൈവം കല്പിച്ചിരിക്കുന്നു. (മത്താ.15.4) അതു ഉദ്ധരിച്ചു് ഉപദേശിച്ചിട്ടുള്ള ക്രിസ്തു തൻെറ മാതാവിനെ ബഹുമാനിച്ചില്ലെന്നു് പറയുന്നതും അങ്ങിനെ ജനത്തെ പഠിപ്പിക്കുന്നതും തെററാണു്.

യേശുവിൻെറ മാതാവിനെ ബഹുമാനിക്കാതെയിരിക്കുന്നതിനു് മറെറാരു കാരണം കൂടെ പറയാറുണ്ടു്. കന്യാസ്ത്രീയമ്മ തൻെറ ആദ്യജാതനെ പ്രസവിച്ചു. (ലൂക്കാ.2.7.) എന്നു് സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നു. അതിൽ നിന്നും കന്യാസ്ത്രീയമ്മ വീണ്ടും പല മക്കളെ പ്രസവിച്ചു എന്നും മാതാവു് നിത്യകന്യകയാണെന്നു് പറയുന്നതു തെററാണെന്നും ആണു് ചിലർ പറയുന്നതു്. ഇതും ശരിയല്ല. ഗർഭം തുറന്നു് ആദ്യമായി ജനിക്കുന്നതൊക്കെയും വിശിഷ്യാ മനുഷ്യരുടെ ആദ്യജാതൻമാരും ദൈവത്തിനു് ഉള്ളതാണു് എന്നു് മോശ കല്പിച്ചി

www.malankaralibrary.com

ട്ടുണ്ടു്. (പുറ.13.2) അതിനാൽ ഒരു സ്ത്രീ ഒരു ആൺകുഞ്ഞിനെ മാത്രമെ പ്രസവിച്ചിട്ടുള്ളു എങ്കിൽ തന്നെയും ആ ആളിനെ ആദ്യജാതൻ എന്നു് വിളിക്കുക പതിവായിരുന്നു. ആദ്യജാതൻ എന്നു് പറഞ്ഞാൽ ദൈവത്തിനായി വേർതിരിക്കപ്പെട്ടേണ്ടവൻ എന്നാണു് അർത്ഥം. മിസ്രേംകാരുടെയിടയിലും ആദ്യജാതന്മാരായിരുന്നു അവരുടെ പൂജാരികൾ. അതിനാലാണു് സംഹാരദൂതൻ മിസ്രേംകാരുടെ ആദ്യജാതന്മാരെയെല്ലാം കൊന്നു കളഞ്ഞതു്. കന്യാസ്ത്രീയമ്മവീണ്ടും പ്രസവിക്കുകയില്ലെന്നു് ദൈവം ഹെസക്കിയേൽ ദീർഘദർശിമൂലം മുൻകൂട്ടി പറഞ്ഞിട്ടുണ്ടു്. അതിങ്ങനെയാണു്, "അപ്പോൾ കർത്താവു് എന്നോടുപറഞ്ഞു: അടയ്ക്കപ്പെട്ടിരിക്കുന്ന ഈ വാതിൽ ഇനിയും തുറക്കപ്പെടരുതു് ഒരുത്തനും അതിൽ കൂടെ പ്രവേശിക്കുകയുമരുതു. എന്തെന്നാൽ ഇസ്രേയേലിന്റെ ദൈവമായ കർത്താവു് അതിൽ കൂടെ കടന്നു. അതിനാൽ അതു അടയ്ക്കപ്പെട്ടിരിക്കണം. (ഹെസ.44.2)

ഹെസക്കിയേൽ ഇതെഴുതുന്ന കാലത്തു് യറുശലേം ദേവാലയവും അതിന്റെ വാതിലുകളും മതിലുകളും എല്ലാം നെബുക്കദ്നേസർ രാജാവു് ഇടിച്ചുപൊളിച്ചു നിലം തരിശാക്കിയിട്ടിരിക്കയായിരുന്നു. ആ രാജാവു് അടിമയായി പിടിച്ചു കൊണ്ടുപോയ യഹൂദന്മാരുടെ കൂട്ടത്തിൽ പെട്ടു് പേർഷ്യായിൽ താമസിക്കുന്ന കാലത്താണു് ഹെസക്കിയേൽ ഈ ദീർഘദർശനം എഴുതീട്ടുള്ളതു്. അതിനാൽ യഹോവ കടന്ന വാതിൽ എന്നു പറയുന്നതു യറുശലേമിനെ പററിയല്ലെന്നും ദൈവവചനം മാംസമെടുത്തു ജനിച്ച യേശുവിന്റെ മാതാവിനെ പററി ദൈവം മുൻകൂട്ടി എഴുതിച്ചിരിക്കുന്ന ദീർഘദർശനമാണെന്നും ഗ്രഹിക്കാവുന്നതാണു്.

ഒരിക്കൽ യേശു തന്റെ സ്വന്തപട്ടണത്തിൽ ചെന്നു. അപ്പോൾ അവിടെയുണ്ടായിരുന്നവർ യേശു ചെയ്യുന്ന അത്ഭുത

www.malankaralibrary.com

പ്രവൃത്തികളെ കുറിച്ചു കേട്ടിട്ട് "ഇവൻ മറിയയുടെ മകനും, യാക്കോബ്, യോസെ, യൂദാ, ശീമോൻ, ആദിയായവരുടെ സഹോദരനുമായ തച്ചൻ അല്ലയോ. ഇവൻെറ സഹോദരന്മാരും ഇവിടെ നമ്മോടുകൂടെ ഇല്ലയോ എന്നു പറഞ്ഞ് അവരുകൽ ഇടറിപ്പോയി. (മാക്കോ.6.3) എന്നെഴുതിയിരിക്കുന്നു. ഈ വാക്യം എടുത്തു കാണിച്ചുകൊണ്ടു് യാക്കോബ്, യോസെ, യൂദാ, ശീമോൻ മുതലായവരെ പ്രസവിച്ചതു് കന്യാസ്ത്രീയമ്മ യാണെന്നും മാതാവു് കന്യാവ്രതക്കാരി അല്ലായിരുന്നു എന്നും വാദിക്കുന്നവരുണ്ടു്. അവരുടെ വാദവും ശരിയല്ല. യേശു കന്യാസ്ത്രീയമ്മയുടെ ആദ്യജാതനാണെന്നു് ലൂക്കോസ് എഴുതീട്ടുണ്ടു്. (ലൂക്കോ.2.7)ആ സ്ഥിതിക്കു് യാക്കോബ്, യോസെ മുതലായവർ കന്യാസ്ത്രീയമ്മ പ്രസവിച്ച സഹോദരന്മാരും സഹോദരികളും ആണെങ്കിൽ അവർ ക്രിസ്തുവിൻെറ ഇളയ സഹോദരന്മാരും സഹോദരികളുമായി. ഇളയവക്കില്ലാത്ത ശ്രേഷ്ഠിയും പ്രാപ്തിയും മൂത്തവനു് ഉണ്ടായിരിക്കും. അതിൽ ആരും അത്ഭുതപ്പെടുകയില്ല, ഇടറിപ്പോകയുമില്ല. പ്രസ്തുത വാക്യത്തിൽ ഇടറിപോയതായി പറഞ്ഞിരിക്കുന്നു. അങ്ങിനെ ഇടറിപോകണമെങ്കിൽ യാക്കോബ്, യോസെമുതലായവർയേശുവിനെക്കാൾ പ്രായം കൂടിയവരും അറിവിലും പ്രാപ്തിയിലും കുറഞ്ഞവരും ആയിരിക്കണം. പ്രായംകൂടിയവരാണെങ്കിൽ അവരെ പ്രസവിച്ചതു് കന്യാസ്ത്രീമറിയാംഅല്ല. യഹൂദന്മാർ തങ്ങളുടെ കൂട്ടത്തിലും കുഡുംബത്തിലും ഉള്ളവരെ സഹോദരന്മാരെന്നും സഹോദരിമാരെന്നും വിളിക്കുക സാധാരണമായി. ഉല്പത്തി 26.7 ഉല്പത്തി 31.23 മുതലായ വാക്യങ്ങൾ നോക്കിയാൽ അതറിയാം. യാക്കോബ്, യോസെ, മുതലായവർ കന്യാസ്ത്രീയമ്മ പ്രസവിച്ച മക്കളുമല്ല. യേശുവിൻെറ അമ്മയായ കന്യാസ്ത്രീമറിയം ഒരു നിത്യ കന്യകയായിരിക്കുമെന്നും എശായാ ദീർഘദർശി പറഞ്ഞിട്ടുണ്ടു്. അതുഇങ്ങനെയാണു്

www.malankaralibrary.com

"കർത്താവുതന്നെ നിങ്ങൾക്കു ഒരു അടയാളം തരും. ഒരു കന്യക ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും. ആ ശിശു, ദൈവംനമ്മോടുകൂടെ എന്നർത്ഥമുള്ള ആമ്മാനുയേൽ എന്നു വിളിക്കപ്പെടും. (ഏശാ. 7: 14) ആകയാൽ മാതാവു വീണ്ടും പ്രസവിച്ചു എന്നു പറയുന്ന വ്യാഖ്യാനം തെററാണു. മാതാവിനു വേറെ അഞ്ചെട്ടു മക്കളുണ്ടായിരുന്നെങ്കിൽ യേശുവിൻെറ മരണശേഷം മാതാവിനു ആ മക്കളോടുകൂടെ താമസിക്കാമായിരുന്നു. എന്നാൽ മാതാവിനെ സംരക്ഷിക്കുവാൻ യേശു യോഹന്നാനോടു പറകയും അതനുസരിച്ചു മാതാവു യോഹന്നാനോടുകൂടെ പോയി താമസിക്കുകയും ചെയ്തു. (യോഹ. 19. 27.)

ഏശായായുടെ മേൽപറഞ്ഞ ദീർഘദർശനത്തിൽ പറയുന്നതു "അൽമാ" എന്ന പദമാണു. അതിനു യുവതി എന്നും കന്യക എന്നും അർത്ഥമുണ്ടു. അതിനാൽ യുവതി എന്ന അർത്ഥത്തിലാണു ഏശായാ പറഞ്ഞതെന്നു വാദിക്കുന്നവരുണ്ടു. ആ വാദം ശരിയല്ല. കർത്താവു നിങ്ങൾക്കു ഒരു പ്രത്യേകഅടയാളം തരുമെന്നു പറഞ്ഞുകൊണ്ടാണു ഏശായ തുടങ്ങുന്നതു. യുവതികൾ പ്രസവിക്കുന്നതു സാധാരണമാണു. പ്രത്യേക അടയാളമാകണമെങ്കിൽ കന്യകയെന്ന അർത്ഥത്തിൽ തന്നെപറഞ്ഞിരിക്കണം. കത്തോലിക്കരും പ്രോട്ടസ്റ്റൻറു കാരുമെല്ലാം കന്യക എന്ന വാക്കുപയോഗിച്ചാണു ആ വാക്യം ആദ്യകാലത്തു തർജ്ജിമ ചെയ്തു വന്നിരുന്നതെന്നുള്ളതും ഓർത്തിരിക്കേണ്ടതാണു. മാതാവു നിത്യകന്യക ആയിരുന്നു എന്നതിനു സംശയമില്ല.

മാതാവു ഇത്രശ്രേഷ്ഠയായിരുന്നു എങ്കിൽ ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ മാതാവിനെ കൂടെകൊണ്ടു പോകാതെ ഇവിടെ വിട്ടേച്ചുപോയതു എന്തുകൊണ്ടാണു എന്നു ചോദിക്കുന്നവരുണ്ടു. യേശുവിൻെറ ബാല്യകാലംമുതൽ തന്നെ വള

www.malankaralibrary.com

ത്തിയ മാതാവു് തന്നെ ക്രിസ്തുവിൻെറ ശരീരമാകുവാനുള്ള സഭ യേയും അതിൻെറ ശൈശവത്തിൽ പരിപാലിച്ചു വളത്തി വിടട്ടെ എന്നു കരുതി മാതാവിനെ ഇവിടെ ആക്കിയേച്ചു് പോയതാണു്. തിരു സഭ റോമായിലും ഇൻഡ്യയിലുമെല്ലാം ആയതിനുശേഷമാണു് മാതാവിനെ സ്വഗ്ഗത്തിലേക്കെടുത്തതു്. യേശു കുരിശിന്മേൽ കിടന്നുകൊണ്ടു് ഇതാ നിൻെറ അമ്മ എന്നു് യോഹന്നാനോടു പറഞ്ഞതു അദ്ദേഹത്തെ സഭയുടെ ഒരു പ്രതിപുരുഷനായി കരുതികൊണ്ടാണു്. അതിനാലാണു് പരിശുദ്ധാത്മാവു് ശ്ലീഹന്മാരുടെ മേലിറങ്ങിയ പെന്തി ക്കോസ്തു് ദിവസത്തിൽ മാതാവും അവിടെ ചെന്നിരുന്നതു്. അന്നുമുതൽ മാതാവു തിരുസഭയുടെയും മാതാവായിരിക്കുന്നു.

കത്തോലിക്കർ മാതാവിനെ ക്രിസ്തുവിനെപോലുള്ള ഒരു ലോകരക്ഷകയായി കരുതുന്നു എന്നാണു് മററു ചിലരുടെ പരിഹാസം. ഇതും ശരിയല്ല ഞങ്ങറാക്കു് വേണ്ടി നിൻെറ തിരുകുമാരനോടു പ്രാത്ഥിക്കണമെന്നാണു് കത്തോലിക്കർ മാതാവിനോടു പ്രാത്ഥിക്കുന്നതു്. കുരിശിൽ തൂങ്ങി മരിച്ചു് പാപ പരിഹാരമുണ്ടാക്കി തന്നതു് യേശു മാത്രമാണു്. ആ സ്ഥാനത്തു മററാരെയും സ്വീകരിക്കുന്നില്ല. നിങ്ങറാ മാന സാന്തരപ്പെട്ടു് ശിശുക്കളെപോലെ ആകുന്നില്ലെങ്കിൽ സ്വഗ്ഗ രാജ്യത്തിൽ പ്രവേശിക്കുന്നില്ല എന്നു് കത്താവു തന്നെ പറ ഞ്ഞിട്ടുണ്ടു്. (മത്താ.18.3) ശിശുക്കറാ സകല കാര്യത്തിനും അവരുടെ അമ്മയെ ആശ്രയിക്കും. അതുപോലെ നമുക്കു് സ്വഗ്ഗ രാജ്യം തരുന്നതു യേശുവാണെങ്കിലും അതുവാങ്ങിച്ചു തരണ മെന്നു് ശിശുക്കറാ മാതാവിനോടു അപേക്ഷിക്കും. അതൊരു ശൈശവ മനസ്ഥിതിയുടെ ലക്ഷണമാണു്. നമുക്കുവേണ്ടി പ്രാ ത്ഥിക്കുന്ന എല്ലാവരിലുംവച്ചു് അതി ശ്രേഷ്ഠയാണു് മാതാവു്. നമ്മുടെ വീഴ്ചയ്ക്കു് ആദാമിനോടുകൂടെ ഹവ്വായും ഒരു കാര ണക്കാരിയാണു്. അതുപോലെ നമ്മുടെ രക്ഷയ്ക്കു് യേശുവി

www.malankaralibrary.com

നോടുകൂടെ മാതാവും സഹകരിക്കുന്നു. യേശുവിന്റെ ജനനത്തിനു് പാപമില്ലാത്ത ഒരു ശരീരം എടുക്കുന്നതിനുതക്ക ഒരു മാതാവു് ആവശ്യമായിരുന്നു. ആ സ്ഥാനം നിർവ്വഹിച്ചതു് മാതാവാണ്. മകന്റെ ഔന്നത്യംമൂലം മാതാവിന്റെ ശ്രേഷ്ഠതയും വർദ്ധിക്കുന്നതാണ്. യേശുവിനെ നാം ബഹുമാനിക്കുന്നെങ്കിൽ തന്റെ മാതാവിനെയും നാം ബഹുമാനിക്കേണ്ടതാണ്.

---

## അദ്ധ്യായം 9.

## തിരുസഭയുടെ ബലിയായ വിശുദ്ധ കർബാന

പാപം ചെയ്ത ആദ്യ മാതാപിതാക്കന്മാരായ ആദാമിന്റെയും ഹവ്വായുടെയും സന്താനങ്ങളാണ് ലോകത്തിലുള്ള എല്ലാ മനുഷ്യരും. അവരെല്ലാം ആ പാപത്തിന്റെ ശിക്ഷയ്ക്കു് അർഹരാണ്. ആ ശിക്ഷാവിധിക്കു് പരിഹാരം ഉണ്ടാക്കി നമ്മെ രക്ഷിക്കുന്നതിനാണു് രണ്ടാം ആദാമായ ക്രിസ്തു വന്നു് കുരിശു മരണം വഹിച്ചതു്. നാം ശരീരപ്രകാരം ഒന്നാം ആദാമിനോടും ബന്ധപ്പെട്ടിരിക്കുന്നതുപോലെ നാം ക്രിസ്തുവിന്റെ ശരീരത്തോടും ആത്മാവിനോടും കുരിശുമരണത്തോടും ബന്ധപ്പെട്ടിരിക്കണം. അതിലേക്കായി ക്രിസ്തു ഏർപ്പെടുത്തിതന്നിരി

www.malankaralibrary.com

ക്കന്നും. അതിലേക്കായി ക്രിസ്തു ഏർപ്പെടുത്തി തന്നിരിക്കുന്നതാണു വിശുദ്ധ കർബാന. അതു സ്ഥാപിക്കുന്നതിനു മുമ്പ് കപ്പർന്നഹോമിൽവച്ച് വി. കർബാനയുടെ പ്രയോജനത്തെപ്പറ്റി ക്രിസ്തു ഇങ്ങനെ പറയുകയുണ്ടായി. "ഞാൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നിരിക്കുന്ന ജീവന്റെ അപ്പമാകുന്നു. ഈ അപ്പത്തിൽ നിന്നു ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും. ഞാൻ കൊടുക്കുവാനിരിക്കുന്ന അപ്പം ലോകത്തിന്റെ ജീവനു വേണ്ടിയുള്ള എന്റെ മാംസമാകുന്നു (യോഹ.6.51) ഇതു കേട്ടുകൊണ്ടിരുന്ന യഹൂദന്മാർക്കു അതു വേണ്ടവിധം മനസ്സിലായില്ല. അതുമൂലം യേശുവിനെ വിട്ടുപോയി. എങ്കിലും യേശു പറഞ്ഞതിനെ തന്നെ ആവർത്തിച്ചു ഉറപ്പിച്ചു പറഞ്ഞു. "നിങ്ങൾ മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കുകയും അവന്റെ രക്തം പാനംചെയ്യുകയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു നിങ്ങളിൽ തന്നെ നിത്യജീവനില്ല. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. ഒടുവിലത്തെ നാളിൽ ഞാൻ അവനെ ഉയിർപ്പിക്കും (യോഹ.6.53-54) എന്നു ഒന്നുകൂടെ ഉറപ്പിച്ചു പറഞ്ഞു.

ക്രിസ്തു. വി. കർബാന സ്ഥാപിച്ചതു ഇങ്ങനെ ആയിരുന്നു. യഹൂദന്മാരുടെ പെസഹാബലി അർപ്പിക്കുന്നതിനുള്ള ഒരുക്ക ദിവസത്തിന്റെ സന്ധ്യയിൽ യറുശലേമിലുള്ള സെഹിയോൻ മാളികയിൽ വച്ചു ക്രിസ്തു അപ്പം എടുത്തുവാഴ്ത്തി ശുദ്ധീകരിച്ചു നുറുക്കി തന്റെ അപ്പോസ്തലന്മാർക്കു കൊടുത്തുകൊണ്ടു ഇങ്ങനെ അരുൾ ചെയ്തു. വാങ്ങിഭക്ഷിപ്പിൻ, ഇതു എന്റെ ശരീരമാകുന്നു. അനന്തരം വീഞ്ഞും വെള്ളവും കലർത്തിയ കാസായും എടുത്തു സ്തോത്രം ചെയ്തു അവർക്കു കൊടുത്തുകൊണ്ടു നിങ്ങളെല്ലാവരും ഇതിൽ നിന്നു പാനം ചെയ്യുവിൻ. ഇതു അനേകർക്കുവേണ്ടി പാപപരിഹാരത്തിനായി ചിന്തപ്പെ

www.malankaralibrary.com

ടുന്ന, പുതിയ നിയമപ്രകാരമുള്ള എന്റെ രക്തമാകുന്നു. എന്ന രുളിചെയ്തു. (മത്താ.26.26–28.മക്കോ14.22–24,ലൂക്കാ.22.19–20. 1. കോറ.11.24.–25) ക്രിസ്തുവിന്റെ ഈ കല്പന പ്രകാരം താൻ നല്കിയ ഗോതമ്പപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരവും രക്തവും ആകണമെങ്കിൽ ക്രിസ്തുവിന്റെ പരിശുദ്ധാത്മാവ് അവയിൽ എഴുന്നള്ളിയിരിക്കണം. അങ്ങനെയാണ് അവ ക്രിസ്തുവിന്റെ ശരീരവും രക്തവും ആയിതീർന്നത്. നാം ആദ്യത്തെ ആദാമിനോടു ശരീരപ്രകാരം ബന്ധപ്പെട്ടിരിക്കുന്നതു പോലെ നമ്മുടെരക്ഷയ്ക്കുവേണ്ടി–അതായതു് പാപമോചനത്തി നുവേണ്ടി–രണ്ടാംആദാമായ ക്രിസ്തുവിനോടും നാം ശരീരപ്ര കാരം ബന്ധപ്പെട്ടിരിക്കണം. അതിനായിട്ടും കൂടെയാണ് ക്രിസ്തു ഈ വി. കുർബാന സ്ഥാപിച്ചതു്.

ക്രിസ്തു അപ്പവും വീഞ്ഞും എടുത്തു തന്റെ ശരീരവും രക്തവും ആക്കികൊടുത്തപ്പോൾ ആ അപ്പത്തിനും വീഞ്ഞിനും നിറഭേദമോ രുചിഭേദമോ ഒന്നും ഭവിച്ചില്ല. ഇന്നു തിരുസഭ യിൽ അനുഷ്ഠിച്ചുവരുന്ന വി. കുർബാനയിലെ അപ്പത്തിനും വീഞ്ഞിനും അതുപോലെതന്നെ നിറഭേദമോ രുചിഭേദമോ ഉണ്ടാകുന്നില്ല. ക്രിസ്തു അതിനുകാരണം പറയുന്നുണ്ടു്. ജീവി പ്പിക്കുന്നതു ആത്മാവാകുന്നു. കർത്താവു കല്പിച്ച വാക്കുകൾ ആത്മാവാകുന്നു, ജീവനും ആകുന്നു. (യോഹ.6.63) യേശു പറ ഞ്ഞതിനെ വിശ്വസിപ്പാൻ മനസ്സില്ലെങ്കിൽ അവന് യേശു മൂലമുള്ള വീണ്ടെടുപ്പില്ല. നീതിമാൻ വിശ്വാസത്താൽ ജീവി ക്കുന്നു. (റോമ 1.17, (എബ്ര.10.38) അതിനാൽ നാം വിശ്വ സിച്ചു് അനുഭവിക്കേണ്ട ഒന്നാണ് വി. കുർബാന. അപ്പവും വീഞ്ഞും എടുത്തു പിടിച്ചുകൊണ്ടു് ഇതെന്റെ ശരീരമാകുന്നു ഇതെന്റെ രക്തമാകുന്നു എന്ന് കല്പിച്ച ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നു വന്നവനാണ്. സ്വർഗ്ഗത്തിലേക്ക് തിരികെ പോകയും ചെയ്തു. നമ്മുടെ പാപങ്ങൾക്ക് തക്ക പരിഹാരമുണ്ടാക്കി

www.malankaralibrary.com

നമ്മെ രക്ഷിപ്പാൻ വന്നയാളാണു് യേശു. അദ്ദേഹം ത്രിത്വത്തിൻ രണ്ടാമത്തെ ആളായ ദൈവവചനമാണു്. ഇതുകെക്കെയും വിശ്വസിക്കുന്നവക്കു് വി. കർബാന ക്രിസ്തുവിൻെറ ശരീരവും രക്തവുമാണെന്നു് ഉള്ളതും നിഷ്പ്രയാസം വിശ്വസിക്കാവുന്നതാണു്.

ഇതെൻെറ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവീൻ (ലൂക്കോ.22.19) എന്നു് ഏശു കല്പിച്ചതായി പറഞ്ഞിരിക്കുന്നു. എന്നാൽ ഇതു നാലു സുവിശേഷകന്മാരിൽ ലൂക്കോസ് മാത്രമെ പറഞ്ഞിട്ടുള്ളു. മററു മൂന്നുപേരും അതുപറഞ്ഞിട്ടില്ല എന്നു് പറഞ്ഞുകൊണ്ടു് ചിലർ അതിനെ നിഷേധിക്കുന്നു. അതു ശരിയല്ല. യേശു അങ്ങിനെ കല്പിച്ചു എന്നു് പൌലുസ് രണ്ടുപ്രാവശ്യം എടുത്തുപറഞ്ഞിട്ടുണ്ടു്. (I കോറ :11.24–25) പെന്തിക്കോസ്തു് ദിവസം മുതൽ അപ്പോസ്ഥലന്മാർ നിത്യം വി. കർബാന അപ്പിക്കുകയും ജനങ്ങൾ അതിൽ സംബന്ധിക്കുകയും ചെയ്തുതുടങ്ങി. "അവർ ദിനംപ്രതി വീട്ടിൽ അപ്പം നുറുക്കിയും ഉല്ലാസവും പരമാത്മതയും പൂണ്ടു് ജീവിച്ചും വന്നിരുന്നു (അപ്പോ.പ്ര.2.46) എന്നു് എഴുതിയിരിക്കുന്നു. എന്നാൽ പെന്തിക്കോസ്തു് സഭക്കാരെന്നു് പേരെടുത്തിരിക്കുന്ന പ്രോട്ടസ്റ്റൻറു് സഭകൾ ആകട്ടെ അതുപോലെ ചെയ്യുന്നില്ല. അതിനു് അവക്കു് വൈദികരുമില്ല. അപ്പം നുറുക്കുക എന്നായിരുന്നു അന്നു് വി. കർബാനയ്ക്കു ഉപയോഗിച്ചിരുന്ന പേരു്, എന്നുള്ളതും അറിഞ്ഞിരിക്കണം,

വി. കർബാന അർപ്പിക്കുന്ന വൈദികൻ ക്രിസ്തുവിൻെറ പ്രതിപുരുഷനാണു്. "ഞങ്ങൾ ക്രിസ്തുവിൻപകരം സ്ഥാനപതികളാകുന്നു എന്നും, (2 കോറ. 5 20)ഞങ്ങൾ ദൈവത്തിൻെറ കൂട്ടുവേലക്കാർ ആകുന്നു എന്നും (1 കോറ. 3.9) പൌലുസ് എഴുതിയിരിക്കുന്നു. ക്രിസ്തു കന്യാസ്ത്രീയമ്മയിൽ നിന്നും എടുത്ത ശരീരത്തിൽ ഇരുന്നുകൊണ്ടാണു് അപ്പത്തേയും

www.malankaralibrary.com

വീഞ്ഞിനെയും തന്റെ ശരീരരക്തങ്ങളാക്കി തന്റെ ശിഷ്യന്മാർക്കു് കൊടുത്തതു്. ഇന്നു വൈദികർ ക്രിസ്തുവിന്റെ ദൃശ്യ പ്രതിപുരുഷരായിരുന്നുകൊണ്ടു് ആണു് വി. കർബാന അർപ്പിക്കുന്നതു്. അതിനാലാണു് ഇതെന്റെ ശരീരമാകുന്നു ഇതെന്റെ രക്തമാകുന്നു എന്ന ക്രിസ്തുവിന്റെ വാക്കുകൾ തന്നെ വൈദികൻ പറയുന്നതു്. കന്യാസ്ത്രീയമ്മയിൽ നിന്നെടുത്ത ശരീരം ഗോഗുൽത്തായിൽ രക്തം ചിന്തി ബലിയായി അർപ്പിച്ചു. അതു ഇപ്പോൾ മഹത്വീകരിക്കപ്പെട്ടു് അദൃശ്യമായിരിക്കുകയാണു്. ക്രിസ്തുവിന്റെ ഇപ്പോഴത്തെ ശരീരം തന്റെ പരിശുദ്ധാത്മാവു് എഴുന്നെള്ളിയിരിക്കുന്ന സഭയാണു്. അതിൽ അനവധി അംഗങ്ങൾ ഉണ്ടു്. ആ ശരീരത്തെയാണു് ക്രിസ്തു ഇപ്പോൾ ബലിയായർപ്പിക്കുന്നതു്. അതിനാൽ രക്തം ചിന്തിയുള്ള ബലി അർപ്പിക്കുവാൻ ഇപ്പോൾ സാധിക്കുകയില്ല. കത്തോലിക്കരോരോരുത്തരും കർബാനയോടുകൂടെ തങ്ങളെ തന്നെ ലോകത്തിന്റെ ഉദ്ധാരണത്തിനു് ബലിയായി അർപ്പിക്കുവാൻ മാത്രമേ സാധിക്കുകയുള്ളു. അതിനായിട്ടാണു് വി. പൌലൂസു് "നിങ്ങളും നിങ്ങളുടെ ശരീരങ്ങളെ, ജീവനും വിശുദ്ധിയും, ദൈവപ്രസാദവും ഉള്ള ബലിയായി അർപ്പിക്കുവിൻ" (റോമ. 12.1) എന്നു് പറഞ്ഞിരിക്കുന്നതു്.

യഹൂദന്മാർ ബലിയർപ്പിക്കുന്ന മൃഗങ്ങളുടെ മാംസം ഭക്ഷിക്കുമായിരുന്നു. പെസഹാബലിയായി അർപ്പിക്കപ്പെടുന്ന കുഞ്ഞാടിന്റെ മാംസം ഭക്ഷിക്കണം. അതു അന്നുതന്നെ ഭക്ഷിച്ചു തീർക്കുകയുംവേണം. അധികം വന്നാൽ അതു ചുട്ടു ദഹിപ്പിച്ചു കളയണം. (പുറ. 12.10) സമാധാന ബലിയായി അർപ്പിക്കുന്ന മൃഗത്തിന്റെ മാംസം അന്നും അതിന്റെ പിറെറ ദിവസവും ഭക്ഷിക്കാം. പിന്നെയും അധികം വന്നാൽ അതു ചുട്ടു ദഹിപ്പിച്ചുകളയണം. (ലേവ്യ. 19.5 6.) നേർച്ചയായി

www.malankaralibrary.com

കഴിക്കുന്ന ബലിയുടെ മാംസം അന്നും അതിന്റെ പിറേറ ദിവസവും ഭക്ഷിക്കാം. മൂന്നാം ദിവസത്തേക്കാ വച്ചേക്കരുതു്. അങ്ങിനെ വന്നാൽ അതു ചുട്ടഹേിപ്പിക്കണം. (ലേവ്യ.7.16 17) ക്രിസ്തു നമ്മുടെ പാപപരിഹാരത്തിനുള്ള ബലിയാകയാൽ ആണു് തന്റെ മാംസവും രക്തവും നമുക്കു്, വി. കർബാന വഴിയായി തരുന്നതു്. അതു നാം അനുഭവിക്കണം. ക്രിസ്തുവിന്റെ ബലി, മനുഷ്യർ അതുവരെയും അനുഷ്ഠിച്ചു വന്നിരുന്ന സകലബലികളുടെയും പൂർത്തീകരണമായിരുന്നു. അതിനാൽ ഇനിയും അത്തരം ബലികളുടെ ആവശ്യമില്ല. അതെല്ലാം നീക്കിക്കളയേണ്ടതാണു്. ക്രിസ്തുവിന്റെ ബലിയാൽ പാപികളെ രക്ഷിച്ചതുപോലെ ബലിയുടെ കൊലയിൽ നിന്നു് മൃഗങ്ങളെയും പക്ഷികളെയും കൂടെ ക്രിസ്തു രക്ഷിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ ബലി ലോകാവസാനം വരെയുള്ള സകലരുടെയും പാപ പരിഹാരത്തിനു വേണ്ടിയുള്ളതാണു്. ആകയാൽ പാപത്തെക്കുറിച്ചു് അനുതപിക്കണം. അതു് പാപം മോചിക്കുവാൻ ക്രിസ്തു അധികാരപ്പെടുത്തിട്ടുള്ള (യോഹ. 20. 23) വൈദികന്റെ അടുക്കൽ കുമ്പസാരിച്ചു പാപമോചനം വാങ്ങിയശേഷം ക്രിസ്തുവിന്റെ തിരുശരീര രക്തങ്ങൾ അനുഭവിച്ചു ക്രിസ്തുവിനോടു ബന്ധപ്പെട്ടു് ജീവിക്കേണ്ടതാകുന്നു.

എന്റെ ഓർമ്മയ്ക്കായി ഞാൻ വരുവോളവും ഇപ്രകാരം ചെയ്യുവിൻ എന്നു് കല്പിച്ചുകൊണ്ടു് ആയിരത്തിതൊള്ളായിരത്തിൽപരം വർഷങ്ങൾക്കു് മുമ്പു് യേശു ചുമതലപ്പെടുത്തിയതുപോലെ കത്തോലിക്കാസഭ ഇന്നു ചെയ്യുന്നുണ്ടോ എന്നറിയണമെങ്കിൽ ഏതെങ്കിലും ഒരു കത്തോലിക്കാ വൈദികൻ താമസിക്കുന്ന പള്ളിയിൽ ചെന്നാൽ അറിയാം. അവിടെ ആ

www.malankaralibrary.com

വൈദീകൻ രാവിലെ അപ്പവും വീഞ്ഞും വച്ച് വി. കർബാന അപ്പിക്കുന്നതും ജനങ്ങൾ വന്ന് അതിൽ സംബന്ധിക്കുന്നതും കാണാം. ഇതിന്റെ കാരണം യേശുവിന്റെ വചനത്തിലുള്ള വിശ്വാസമാണ്. അദ്ദേഹം പറയുന്നു; എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. ഒടുവിലത്തെനാളിൽ ഞാൻ അവനെ ഉയിപ്പിക്കും. (യോഹ.6.54.) ഇതു വിശ്വസിക്കാത്തതു കഷ്ടം തന്നെ.

ഒരു ക്രിസ്ത്യാനി ക്രിസ്തുവിനെപോലെ ലോകരെ സത്യ അറിവിങ്കലേക്ക് കൊണ്ടുവരേണ്ടതാണ്. എത്രയോ ആളുകൾ വിഗ്രഹാരാധനയിൽ ജീവിക്കുന്നു. ദൈവം സ്നേഹമുള്ളവനാണ്. എല്ലാവരും രക്ഷിക്കപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ഇതിലേക്ക് നാം തന്നെ യേശുവിന്റെ ശരീരമായ തിരുസഭയിൽ ചേർന്ന് ജീവിക്കണം. എന്നാൽ മാത്രമെ അതിനുള്ള സത്യ ആത്മാവിനെ പ്രാപിച്ച് ഇതെല്ലാം ചെയ്യുവാൻ സാധിക്കുകയുള്ളു. ഒരു മുന്തിരികൊമ്പ് മുന്തിരിപഴം കായിക്കണമെങ്കിൽ അതിന്റെ തായ്തടിയോടു ചേർന്നിരുന്ന് ജീവിക്കണം. അതുപോലെ ക്രിസ്ത്യാനികളും ക്രിസ്തു പത്രോസിന്റെ നേതൃത്വത്തിൽ സ്ഥാപിച്ച മണവാട്ടിസഭയോടു ചേർന്ന് ഇരിക്കണം. അതിന് പലതടസങ്ങൾ ഓരോരുത്തർ പറയാറുണ്ട്. അതെല്ലാം മുൻകൂട്ടികണ്ടുകൊണ്ട് ക്രിസ്തു പറയുന്നു. എന്നെക്കാൾ കൂടുതലായി അപ്പനേയോ അമ്മയേയോ സ്നേഹിക്കുന്നവൻ എനിക്ക് യോഗ്യനല്ല. (മത്താ.10. 37.ലൂക്കാ.14.26.)

ലോകത്തിന്റെ ഉദ്ധാരണത്തിന് വേണ്ടതു ഇനിയും തന്റെ സഭ വഴിയായിട്ടാണ് നടക്കേണ്ടതു്. അനേകം ഗോതമ്പുമണികൾ പൊടിച്ച് എടുത്താണ് കർബാനയപ്പം ഉണ്ടാക്കു

www.malankaralibrary.com

ന്നു. അതുപോലെതന്നെ അനേകമുന്തിരിപഴങ്ങൾ പിഴി ഞ്ഞെടുത്താണ് കുർബാന വീഞ്ഞുണ്ടാക്കുന്നതു്. വി. കുർബാ നയ്ക്കു് വരുന്നവർ തമ്മിൽ തമ്മിൽ സമാധാനത്തിന്റെ കൈ സ്സൂരികൊടുത്തുകൊണ്ടാണ് വി. കുർബാനയിൽ സംബന്ധി ക്കുന്നതു്. അങ്ങിനെ ക്രിസ്തുവാകുന്ന തായ്ത്തടിയോടു ചേർത്തു് നമ്മെ നിലനിർത്തുന്നതിനു് വേണ്ടിയുള്ളതാണ് വി. കുർ ബാന. നാം ഈ ലോകത്തിൽ ആയിരിക്കുന്നിടത്തോളം കാലം ക്രിസ്തുവിന്റെ കല്പനയും താൻ കാണിച്ചുതന്നിട്ടുള്ള മാതൃകയും അനുസരിച്ചു ജീവിക്കണം. അടുപ്പിച്ചുള്ള വി. കുർബാനാനു ഭവം മൂലം നമ്മിലുള്ള ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെ കുറി ച്ചുള്ള സ്മരണ നാം പുതുക്കികൊണ്ടിരിക്കണം. നമ്മിൽ നിന്നു വന്നുപോകുന്ന തെറ്റുകളെപററി അനുതപിച്ചു് ഏററു പറഞ്ഞു് ക്ഷമവാങ്ങികൊണ്ടു് നാം ജീവിക്കണം.

ജനിച്ച മനുഷ്യൻ ആഹാരം കഴിച്ചു ജീവിക്കണം. ജനിച്ച ഒരു ശിശുവിനെ അതിന്റെ അമ്മയുടെ മാംസരക്ത ങ്ങളുടെ ഫലമായുണ്ടാകുന്ന മുലപ്പാൽ കൊടുത്തു വളർത്തുന്നു. അതുപോലെ ക്രിസ്തുവിന്റെ തിരുശരീര രക്തങ്ങൾ നമ്മുടെ പാപപരിഹാരത്തിനും നിത്യജീവനും വേണ്ടി നമുക്കു് തന്നു് തിരുസഭയും നമ്മെ വളർത്തുന്നു. ആയതു നാം മരണശേഷം സ്വർഗ്ഗത്തിൽ ചെന്നു് ക്രിസ്തുവിനോടും ദൈവദൂതന്മാരോടും പരിശുദ്ധരോടും ഒരുമിച്ചു് പിതാവായ ദൈവത്തിന്റെ സാന്നിദ്ധ്യ പ്രകാശത്തിൽ ഇരുന്നു് ദൈവത്തിന്റെ മഹത്വ ത്തേയും ദൈവം നമ്മോടുകാണിച്ചിട്ടുള്ള സ്നേഹത്തേയും പ്രകീ ർത്തിച്ചുകൊണ്ടു് ചിരകാലം ജീവിക്കുന്നതിനു വേണ്ടിയത്രെ. ഇതിനു് വിഭിന്ന സഭാംഗങ്ങളായുള്ള നമ്മുടെ നില ഒരു വിഘാ തമാണു്. അതു നമ്മിൽ പരസ്പര മാത്സര്യവും വാശിയും

www.malankaralibrary.com

വഴക്കും വിശ്വാസ പിശകുകളുമൊക്കെ ഉളവാക്കികൊണ്ടിരിക്കും. അതുമൂലം നാം അറിയാതെ തന്നെ സഹോദര വിദ്വേഷത്തിൽ നിപതിക്കും. അങ്ങിനെ വരാതിരിപ്പാൻ ക്രിസ്തു തൻെറ മണവാട്ടിസഭയുടെ തലവനായി നിയമിച്ചാക്കിയ പത്രോസിൻെറ പിൻഗാമിയായ മാർപ്പാപ്പയെ സഭയുടെ പരമാദ്ധ്യക്ഷനായി സ്വീകരിച്ച പരിശുദ്ധവും ശ്ലൈഹീകവും ഏകവും ആയ കത്തോലിക്കാ സഭയിൽ ചേർന്നിരുന്നു് ജീവിക്കണം. അതിനു് ദൈവത്തിൻെറ പരിശുദ്ധാത്മാവു് നമ്മെ സഹായിക്കട്ടെ.

സമാപ്തം.

PRINTED BY ASOKA PRESS,
M.G. COLLEGE JN. KESAVADASAPURAM, TRIVANDRUM-4.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com